മുടന്തുള്ളവർ കുതിച്ചുയരും ഊമരെല്ലാം സ്തുതി മുഴക്കും
6. ഭൂതങ്ങൾ വിട്ടുടൻ പോകും സർവ്വബാധയും നീങ്ങിടുമേ
രോഗികളും ആശ്വസിക്കും ഗീതസ്വരം മുഴങ്ങീടുമേ
7. നിന്ദിത പാത്രരായ് മേവാൻ നമ്മെ നായകൻ കൈവിടുമോ
എഴുന്നേറ്റു നാം പണിതീടുക തിരുക്കരങ്ങൾ നമ്മോടിരിക്കും

## 239.

മാറില്ലവൻ മറക്കില്ലവൻ
മയങ്ങില്ലവൻ ഉറങ്ങില്ലവൻ
ഈ ദൈവം എന്റെ ദൈവം
ഈ താതൻ എന്റെ താതൻ

1. കരുതുന്നവൻ കാക്കുന്നവൻ
കരുണയുള്ളോൻ കൈവിടില്ലെന്നെ
ഈ ദൈവം എന്റെ ദൈവം
ഈ താതൻ എന്റെ താതൻ മാറില്ലവൻ
2. പോറ്റുന്നവൻ പുലർത്തുന്നവൻ
പാലിക്കുന്നോൻ പരമോന്നതൻ

ഹാ സന്തോഷം നിറയുന്നുണ്ടെൻ അന്തരംഗത്തിൽ
തിരു സാന്നിദ്ധ്യം മനോഹരം മനോഹരം തന്നേ 2

കൃപയുടെ ഉറവിടമെ കൃപയുടെ ഉടയവനേ 2
കൃപവേണമപ്പാ കൃപവേണമപ്പാ കൃപവേണമപ്പാ നിൻ പുത്രന്

2. അന്ധകാരം മാറുന്നു വെളിച്ചം വീശുന്നു
ദുഷ്ടനുകം പുഷ്ടിയാൽ തകർന്നു പോകുന്നു
കൃപ കൃപ കൃപ എന്നു ആർത്തു ചൊല്ലവേ
പർവ്വതങ്ങ-ളും സമ-ഭൂമിയാകുന്നു
ദീനസ്വരം മാറുന്നു നവഗാനം കേൾക്കുന്നു
നിൻ ജനം നിന്നിലാനന്ദിച്ചു നൃത്തം ചെയ്യുന്നു ഹാ സന്തോ

## 236.

നന്ദിയോടെ ഞാൻ സ്തുതിപാടിടും
എന്റെ യേശുനാഥാ
എനിക്കായ് നീ ചെയ്തോരോ നന്മക്കും
ഇന്നു നന്ദി ചൊല്ലുന്നു ഞാൻ

1. അർഹിക്കാത്ത നന്മകളും
എനിക്കേകിടും കൃപാനിധേ........ (2)
യാചിക്കാത്ത നന്മകൾ പോലുമീ
എനിക്കേകിുയോനു സ്തുതി (2) നന്ദിയോടെ

2. സത്യദൈവത്തിൻ ഏക പുത്രനായ്
നിന്നെ വിശ്വസിക്കുന്നു ഞാൻ (2)
വരും കാലമൊക്കെയും നിൻ കൃപാ
വരങ്ങൾ ചൊരികയെന്നിൽ (2) നന്ദിയോടെ

## 237.

പവിത്ര ആത്മ ആ പവിത്ര ആത്മ ആ 2
മുച്ചേ ലേ ജാവോ യീശൂ കേ ചരണോം മേം
പവിത്ര ആത്മ ആ 3 (2)

*സിർഫ് തേരേലിയേ, യീശു തേരേലിയേ* 3
*മേം ഹാത്ത് ഉടാത്താ ഹൂം* പവിത്ര

1. ഗുട്ടനേ ടികാകർ സിർ ജുകാകർ
ഹാത്ത് ഉടാത്താ ഹൂ തേരേലിയേ 2



## 18

അക്കരയ്ക്കു യാത്ര ചെയ്യും സിയോൻ സഞ്ചാരി
ഓളങ്ങൾ കണ്ടു നീ ഭയപ്പെടേണ്ടാ (02)
കാററിനേയും കടലിനെയും നിയന്ത്രിപ്പാൻ
കഴിവുള്ളൊൻ പടകിലുണ്ട് ... അക്കര

1. വിശ്വാസമാം പടകിൽ യാത്രചെയ്യുമ്പോൾ
തണ്ടു വലിച്ചു നീ വലഞ്ഞീടുമ്പോൾ
ഭയപ്പെടേണ്ടാ കർത്തൻ കൂടെയുണ്ട്
അടുപ്പിക്കും സ്വർഗ്ഗീയ തുറമുഖത്ത് ... (2) അക്കര

2. എന്റെ ദേശം ഇവിടെയല്ല
ഇവിടെ ഞാൻ പരദേശവാസിയാണെല്ലോ
അക്കരെയാണേ എന്റെ ശാശ്വത നാട്
അവിടെനിക്കൊരുക്കുന്ന ഭവനമുണ്ട് ... (2) അക്കര

3. കുഞ്ഞാടതിൻ വിളക്കാണ്
ഇരുളൊരുലേശം അവിടെയില്ല
തരുമെനിക്കു കിരീടമൊന്നു
ധരിപ്പിക്കും അവനെന്നെ ഉത്സവവസ്ത്രം (2) അക്കര

4. മരണയോർദ്ധാൻ കടക്കുമ്പോഴും
അവിടെയും വിശ്വാസി ഭയപ്പെടേണ്ട
മരണത്തെ ജയിച്ചവൻ കൂടെയുണ്ട്
ഉയർപ്പിക്കും കാഹളധ്വനിയതിങ്കൽ (2) അക്കര

5. മരിച്ചു മണ്ണിൽ മറഞ്ഞൊരെല്ലാം
കാഹള ധ്വനിയതിൽ ഉയർത്തിടുമ്പോൾ
വിശുദ്ധന്മാർ രൂപാന്തരം പ്രാപിച്ചു വാനിൽ
നൊടിയിടയിൽ സ്വർഗ്ഗേ പറന്നുയരും (2) അക്കര

## 19

യഹോവ ദൈവമാം വിശുദ്ധജാതി നാം
അവനവകാശമാം ജനം നാം
പരദേശികൾ നാം ഭാഗ്യശാലികൾ
ഇതുപോലൊരു ജാതിയുണ്ടോ യഹോവ

1. ആപത്തിൽ നമ്മുടെ ദിവ്യസങ്കേതവും
ബലവും ദൈവമൊരുവനത്രേ

ആകയാൽ പാരിടം ആകെയിളകിലും
നാമിനി ഭയപ്പെടുകയില്ല യഹോവ

2. അവനീ തലത്തിൽ അപമാനം നമു
ക്കവകാശമെന്നോർത്തീടേണം
അവനായ് കഷ്ടത ഏൽല്ക്കുകിൽ തേജസ്സിൽ
അനന്തയുഗം വാണിടും ഞാൻ യഹോവ

3. നിര നിര നിരമായ് അണിനിരന്നീടുവിൻ
കുരിശിൻ പടയാളികളെ
ജയ ജയ ജയ കാഹളം ഊതീടുവിൻ
ജയ വീരനാം യേശുവിന് യഹോവ

# 20

വെള്ളത്തിൻ മീതെ പരിവർത്തിച്ച-
ദൈവത്തിൻ ആത്മാവേ...
പരിശുദ്ധാത്മാവേ.... പരിശുദ്ധാത്മാവേ

ഉള്ളത്തിൽ ഇന്നു വന്നു നിറയേണമേ
കൊള്ളുവാനിടമില്ലാതൊഴുകേണമേ
ദാഹിക്കും ദേഹി കുളിരണിയേണമേ
പാപിക്കു ബോധനമേകണമേ

*സത്യാരൂപിയാം നിത്യദൈവമേ*
*കത്തിപ്പടരണമിവിടെ...* (2)

1 ആദിഭൂവിൽ ജീവൻ നിറച്ചായതു പോലാകുവാൻ
ആത്മമാരി ചൊരിയേണം ആദിനാഥനേ...
കൊണ്ടു നിന്നെ വേണ്ടും നേരം പണ്ട് ശുദ്ധന്മാർ
ഉണ്ടെന്നുള്ളിൽ കത്തും, കനൽ കാറ്റടിക്കുമ്പോൾ (2)

2 ചാവാറായ ശേഷിപ്പൊക്കെ പോഷിച്ചുണർന്നീടുവാൻ
ജീവന്നുറവുകളൊക്കെ തുറക്കണമേ...
സ്തേഫാനോസിനായ് തുറന്ന സ്വർഗ്ഗം ദർശിപ്പാൻ
അസ്ഥിക്കൂമ്പാരങ്ങൾ ജീവിച്ചാനന്ദിച്ചീടാൻ (2)

# 21

പരമപിതാവിനു സ്തുതി പാടാം
അവനല്ലോ ജീവനെ നൽകിടുന്നു
പാപങ്ങളാകവെ ക്ഷമിച്ചിടുന്നു
രോഗങ്ങളാകവെ നീക്കിടുന്നു ... പരമ



# 234.

1. നന്മ മാ-ത്രമേ നന്മ മാ-ത്രമേ
നന്മ അല്ലാ-തൊന്നുമേ നീ ചെയ്കയില്ല
എന്തു ഭവിച്ചെന്നാലും എന്തു സഹിച്ചെന്നാലും
എല്ലാം യേ-ശുവേ നന്മക്കായിട്ടല്ലോ

*നീ മാ-ത്രമേ നീ മാ-ത്രമേ*
*നീ മാ-ത്രമേ എൻ ആത്മസഖി*
*എന്റെ യേ-ശുവേ എന്റെ ജീ-വനേ*
*എന്റെ ആ-ശയേ നീ ഒന്നു മാത്രമേ* 2

2. നിന്നെ സ്നേ-ഹിക്കും നിന്റെ ദാ-സന്
നന്മ അല്ലാതൊന്നുമേ നീ ചെയ്തീടുമോ
എന്നെ പേ-ർചൊല്ലി വിളിച്ചീ-ടുവാൻ
കൃപ തോ-ന്നി എന്നതിനാൽ ഞാൻ ഭാഗ്യവാൻ നീ മാത്ര

3. പരിശോധനകൾ മനോവേദനകൾ
ഭയം ഏ-തും വിധം എന്നിൽ വന്നീടുമ്പോൾ
തരിപോലും കുറവില്ലാ സ്നേ-ഹമെന്നിൽ
ചൊരിഞ്ഞീ-ടും നാഥൻ പോക്കു വഴിയും തരും നീ മാത്ര

4. ദോഷം മാത്രമേ ഈ-ലോകം തരും
ദോഷമാ-യിട്ടൊന്നും പ്രിയൻ ചെയ്കയില്ല
എന്റെ യേ-ശുവേ എന്റെ പ്രാ-ണനേ
നന്മ ചെയ്‌വാൻ എനിക്കു നീ കൃപ നൽകുകേ നീ മാത്ര

5. എന്റെ ശേ-ാധനകൾ എന്റെ വേ-ദനകൾ
എന്റെ സ-ങ്കടങ്ങൾ എല്ലാം നീങ്ങിടുമേ
എന്റെ കാ-ന്തനേ എന്റെ നാ-ഥനേ
എൻമണാ-ളനേ വേഗം വന്നീടണേ നീ മാത്ര

# 235.

ഈ തോട്ടത്തിൽ പരിശുദ്ധനുണ്ട് നിശ്ചയമായും
തൻ കാലൊച്ച ഞാൻ കേൾക്കുന്നുണ്ടെൻ കാതുകളിലായ് 2
തൻ സൗരഭ്യം പരക്കുന്നുണ്ടീ അന്തരീക്ഷത്തിൽ
തിരു സൗന്ദര്യം ഞാൻ ദർശിക്കുന്നെൻ കണ്ണുകളാലേ- ആത്മകണ്ണുകളാലേ

1 രണ്ടുപേരെൻ നാമത്തിൽ കൂടുന്നീടത്തെല്ലാം
എൻ സാന്നിദ്ധ്യം വരുമെന്നവൻ ചൊന്നതല്ലയോ-
അന്നു ചൊന്നതല്ലയോ

2. പലവിധമാം എതിരുകളെൻ
പാതയിലടിക്കടി ഉയർന്നിടുമ്പോൾ
പാലിക്കും പരിചോടെ പരമനെന്നെ
പതറാതെ നിൽക്കുവാൻ ബലം തരുന്നു ... മറവിട

3. വിളിച്ച ദൈവം വിശ്വസ്തനല്ലോ
വഴിയിൽ വലഞ്ഞു ഞാനലയാനിട
വരികയില്ലവനെന്നെ പിരികയില്ലാ
വലതുകൈ പിടിച്ചെന്നെ നടത്തിടുന്നു... മറവിട

4. ഇതാ വേഗം ഞാൻ വാനവിരിവിൽ
ഇനിയും വരുമെന്നരുളിചെയ്ത
ഈ നല്ല നാഥനെ കാണുവാനായ്
ഇരവും പകലുമെണ്ണി വസിച്ചിടുന്നു ... മറവിട

## 232.

നീ ചെയ്ത നന്മകൾ ഓരോന്നുമോർത്താൽ
ഹൃദയം നിറയുന്നു നാഥാ

പരിശുദ്ധ രക്തം എനിക്കായ് ചിന്തി നന്ദി നന്ദി നാഥാ
പരിശുദ്ധനേ ഉന്നതനേ ആരാധ്യനേ ആരാധനാ
രക്ഷകനേ യേശുനാഥാ ആരാധ്യനേ ആരാധനാ

നീ ചെയ്ത നന്മകൾ ഓരോന്നുമോർത്താൽ
ഹൃദയം നിറയുന്നു നാഥാ

## 233.

കൃപ താ കൃപ താ കൃപമേൽ കൃപ താ നാഥാ

1. നിന്നെ ആരാധിപ്പാൻ കൃപ താ 2
നിന്നെ വർണ്ണിച്ചീടാൻ കൃപ താ
നിന്നെ ആരാധിച്ചു നിന്നോടു പ്രാർത്ഥിപ്പാൻ
നിൻ നാമമെന്നും ഉയർത്തീടാൻ കൃപതാ

2. നിന്നെ ആരാധിപ്പാൻ കൃപ താ 2
നിന്നെ വർണ്ണിച്ചീടാൻ കൃപ താ
നിനക്കായ് പോരാടാൻ നിന്നെ ഉയർത്തീടാൻ
നിന്നോടെന്നുമെന്നും ജീവിപ്പാൻ കൃപതാ



1. ഇടയനെപ്പോൾ നമ്മെ തേടിവന്നു
പാപകുഴിയിൽ നിന്നേററിയവൻ
സ്വന്തമാക്കി നമ്മെ തീർത്തിടുവാൻ
സ്വന്തരക്തം നമുക്കേകിയവൻ പരമ

2. അമ്മയെപ്പോൽ നമ്മെ ഓമനിച്ചു
അപകടവേളയിൽ പാലിച്ചവൻ
ആഹാരപാനിയം ഏകിയവൻ
നിത്യമാം ജീവനും നൽകിടുന്നു പരമ

3. കൂടുകളെ കൂടെ കൂടിളക്കി
പറക്കുവാനായ് നമ്മെ ശീലിപ്പിച്ചു
ചിറകുകളതിന്മേൽ വഹിച്ചു നമ്മെ
നിലം പരിചായി നാം നശിച്ചിടാതെ... പരമ

4. സ്തോത്രം ചെയ്യാം ഹൃദയംഗമായി
കുമ്പിടാം അവൻ മുമ്പിൽ ആദരവായ്
ഹല്ലേലുയ്യാ ! പാടാം മോദമോടെ
അവനല്ലോ നമ്മുടെ രക്ഷയിൻ പാറ... പരമ

ദാനിയേലേ, പൊയ്ക്കൊൾക; ഈ വചനങ്ങൾ അന്ത്യകാലത്തേക്കു അടെച്ചും മുദ്രയിട്ടും ഇരിക്കുന്നു. പലരും തങ്ങളെ ശുദ്ധീകരിച്ചു നിർമ്മലീകരിച്ചു ശോധനകഴിക്കും; ദുഷ്ടന്മാരോ, ദുഷ്ടതപ്രവർത്തിക്കും; ദുഷ്ടന്മാരിൽ ആരും അതു തിരിച്ചറികയില്ല; ബുദ്ധിമാന്മാരോ ഗ്രഹിക്കും.

**ദാനിയേൽ 12:9 – 10**

# ആരാധനാ ഗീതങ്ങൾ

## 22

ആ..രാധിക്കുന്നു ഞങ്ങൾ നിൻ സന്നിധിയിൽ സ്തോത്രത്തോടെന്നും
ആ..രാധിക്കുന്നു ഞങ്ങൾ നിൻ സന്നിധിയിൽ നന്ദിയോടെന്നും
ആ..രാധിക്കുന്നു ഞങ്ങൾ നിൻ സന്നിധിയിൽ നന്മയോടെന്നും
ആരാധിക്കാം യേശു കർത്താവിനെ 2

1. നമ്മെ സർവ്വം മറന്ന് തൻ സന്നിധിയിൽ മോദമോടിന്ന്
നമ്മെ സർവ്വം മറന്ന് തൻ സന്നിധിയിൽ ധ്യാനത്തോടിന്ന്
നമ്മെ സർവ്വം മറന്ന് തൻ സന്നിധിയിൽ കീർത്തനത്തിനാൽ
ആരാധിക്കാം യേശു കർത്താവിനെ 2

2. നീയെൻ സർവ്വനീതിയും ആയി തീർന്നതാൽ ഞാൻ പൂർണ്ണനായ്
നീയെൻ സർവ്വനീതിയും ആയി തീർന്നതാൽ ഞാൻ ഭാഗ്യവാൻ
നീയെൻ സർവ്വനീതിയും ആയി തീർന്നതാൽ ഞാൻ ധന്യനായ്
ആരാധിക്കാം യേശു കർത്താവിനെ 2

## 23

ആരാധിക്കുന്നേ ഞങ്ങൾ ആരാധിക്കുന്നേ
ആത്മനാഥൻ യേശുവിനെ ആരാധിക്കുന്നേ
ആരാധിക്കുന്നേ ഞങ്ങൾ ആരാധിക്കുന്നേ
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നേ ആരാ

2. ഇന്നു ഞങ്ങൾ വിശ്വാസത്താൽ ആരാധിക്കുന്നു
അന്നു നാഥൻ മുഖം കണ്ടു ആരാധിച്ചീടും ആരാ

3. സാറാഫുകൾ ആരാധിക്കും പരിശുദ്ധനെ
സന്തോഷത്താൽ സ്വന്തമക്കൾ ആരാധിക്കുന്നു ആരാ

4. ബന്ധനമഴിയും കെട്ടുകളഴിയും ആരാധനയിങ്കൽ
ബാധകൾ ഒഴിയും കോട്ടകൾ തകരും ആരാധനയിങ്കൽ ആരാ

5. രോഗം മാറും ക്ഷീണം മാറും ആരാധനയിങ്കൽ
മൺകുടമുടയും തീ കത്തീടും ആരാധനയിങ്കൽ. ആരാ

6. അപ്പൊസ്തോലർ രാത്രികാലേ ആരാധിച്ചപ്പോൾ
ചങ്ങലപൊട്ടി ബന്ധിതരെല്ലാം മോചിതരായല്ലോ ആരാ



1. ഒന്നുമില്ലായ്കയിലും എല്ലാം ഉള്ളവനെപ്പോൽ
എന്നെ നടത്തുവാൻ എന്നുമെന്നും കൂടെയുള്ളവൻ എല്ലാ...

2. വാതിലുകൾ അടയുമ്പോൾ ചെങ്കടൽ പിളർന്നതുപോൽ
എന്നെ നടത്തുന്നവൻ എന്നുമെന്നും കൂടെയുള്ളവൻ എല്ലാ...

3. ആരുമില്ലാതേകനാകുമ്പോൾ കൂടെയുണ്ടെന്നരുളിയവൻ
എന്നെ നടത്തുന്നവൻ എന്നുമെന്നും കൂടെയുള്ളവൻ എല്ലാ...

## 230.

## 231.

മറവിടമായെനിക്കേശുവുണ്ട്
മറച്ചിടുമവനെന്നെ ചിറകടിയിൽ
മറന്നിടാതിവിടെന്നെ കരുതീടുവാൻ
മാറാതെയവനെന്റെ അരികിലുണ്ട്

1. അനുദിനവും അനുഗമിപ്പാൻ
അവൻ നല്ല മാതൃകയാകുന്നെനിക്ക്
ആനന്ദ ജീവിത വഴിയിലിന്ന്
അനുഗ്രഹമായെന്നെ നടത്തിടുന്നു... മറവിട

അടയാളം കാണുന്നല്ലോ അത്ഭുതങ്ങളും
അന്ത്യകാലത്തിന്റെ ഓരോ ലക്ഷണമാകും (2) അഭിഷേകം

3. ചലിക്കുന്ന പ്രാണികൾ പോൽ
ശക്തിലഭിക്കും ജീവൻ പ്രാപിക്കും
ജ്വലിക്കുന്ന തീപന്തം പോൽ
കത്തിപടരും അഭിഷേകത്താൽ
ചാവാറായ ശേഷിപ്പുകളെഴുന്നേൽക്കും
പുതുജീവനാൽ സ്തുതിച്ചാർത്തു പാടും (2) അഭിഷേകം

# 228.

ഇന്നുകണ്ട മിസ്രയീമിനെ കാണുകയില്ല
ഇന്നുവന്ന കഷ്ടമിനി വരികയില്ല (2)
ബാധ നിന്റെ കൂടാരത്തിലടുക്കുകയില്ല (2)
നിന്റെ കാലുകൾ ഇടറുകില്ല (2)

1. ചെങ്കടൽ പിളർന്നു വഴി നടത്തും
യോർദ്ദാൻ രണ്ടായി പിരിഞ്ഞുമാറും (2)
യെരിഹോ നിന്റെ മുൻപിൽ ഇടിഞ്ഞുവീഴും
യേശുവിൻ നാമത്തിൽ ആർത്തിടുമ്പോൾ (2 ഇന്നുകണ്ട

2. രോഗങ്ങൾ നിന്നെ ക്ഷീണിപ്പിക്കയില്ല (2)
ശാപങ്ങൾ നിന്നെ തളർത്തുകയില്ല (2)
ആഭിചാരം യാക്കോബിന് ഫലിക്കയില്ല
ലക്ഷണങ്ങൾ യിസ്രായേലിനേൽക്കയില്ല (2) ഇന്നുകണ്ട

3. മലകൾ മെതിച്ചു നുറുക്കുമവൻ
കുന്നുകൾ തകർത്തുമാറ്റുമവൻ. (2)
സൈന്യത്തിന്റെ നായകൻ നിൻ കൂടെയുള്ളപ്പോൾ
മനുഷ്യശക്തി നിന്നെ തൊടുകയില്ല (2) ഇന്നുകണ്ട

# 229.

എല്ലാ പ്രതികൂലങ്ങളും മാറും
ശുഭദിനമാഗതമാകും
തളരാതെ നിന്നാൽ പതറാതെ നിന്നാൽ
ലജ്ജിച്ചു പോകയില്ല
നാം ലജ്ജിച്ചു പോകയില്ല



7. ഹാല്ലേലൂയ്യാ ഹാല്ലേലൂയ്യാ ഗീതം പാടിടാം
ഹാല്ലേലൂയ്യാ സ്തോത്രം പാടി ആരാധിച്ചിടാം ആരാ

# 24

അടവിതരുക്കളിന്നിടയിൽ ഒരു നാരകം എന്നവണ്ണം
വിശുദ്ധരിൻ നടുവിൽ കാണുന്നേ
അതിശ്രേഷ്ഠനായ് യേശുവിനെ

*വാഴ്ത്തുമേ എന്റെ പ്രിയനെ*
*ജീവക്കാലമെല്ലാം ഈ മരുയാത്രയിൽ*
*നന്ദിയോടെ ഞാൻ പാടീടുമേ*

1. പനിനീർ പുഷ്പം ശാരോനിലവൻ
താമരയുമേ താഴ്വരയിൽ
വിശുദ്ധരിൽ അതിവിശുദ്ധനവൻ
മാ ! സൗന്ദര്യ സമ്പൂർണ്ണനേ ... വാഴ്ത്തുമേ

2. പകർന്ന തൈലം പോൽ നിൻനാമം
പാരിൽ സൗരഭ്യം വീശുന്നതാൽ
പഴി ദുഷി നിന്ദ ഞെരുക്കങ്ങളിൽ
എന്നെ സുഗന്ധമായ് മാററിടണേ .... വാഴ്ത്തുമേ

3. മനക്ലേശ തരംഗങ്ങളാൽ
ദുഃഖ സാഗരത്തിൽ മുങ്ങുമ്പോൾ
തിരുക്കരം നീട്ടി എടുത്തണച്ചു
ഭയപ്പെടേണ്ടാ എന്നുരച്ചവനെ ... വാഴ്ത്തുമേ

4. തിരുഹിതം ഇഹേ തികച്ചിടുവാൻ
ഇതാ ഞാനിപ്പോൾ വന്നീടുന്നേ
എന്റെ വേലയെ തികച്ചുകൊണ്ട്
നിന്റെ മുമ്പിൽ ഞാൻ നിന്നീടുവാൻ ... വാഴ്ത്തുമേ

# 25

കുഞ്ഞാട്ടിൻ തിരുരക്തത്താൽ
ഞാൻ ശുദ്ധനായ് തീർന്നു
തൻ ചങ്കിലെ ശുദ്ധരക്തത്താൽ
ഞാൻ ജയം പാടിടും

*മഹത്വം രക്ഷകാ ! സ്തുതി നിനക്കെന്നും*
*ചേററിൽനിന്നെന്നെ നീ വീണ്ടെടുത്തതിനാൽ*

*സ്തുതിക്കും നിന്നെ ഞാൻ ആയുസ്സിൻ നാളെല്ലാം*
*നന്ദിയോടടിവണങ്ങും*

1. ആർപ്പോടു നിന്നെ ഘോഷിക്കും ഈ സീയോൻ യാത്രയിൽ
മുമ്പോട്ടു തന്നെ ഓടുന്നു എൻ വിരുതിനായ്
*ലഭിക്കും നിശ്ചയം എൻ വിരുതെനിക്കു*
*ശത്രുക്കളാരുമേ കൊണ്ടുപോകയില്ല*
*പ്രാപിക്കും അന്നു ഞാൻ രാജൻ കൈയ്യിൽനിന്നു*
*ദൂതന്മാരുടെ മദ്ധ്യത്തിൽ*

2. എൻ ഭാഗ്യകാലം ഓർക്കുമ്പോളെന്നുള്ളം തുള്ളുന്നു
ഈ ലോകസുഖം തള്ളി ഞാൻ ആ ഭാഗ്യം കണ്ടപ്പോൾ
*നിത്യമാം രാജ്യത്തിലന്നു ഞാൻ പാടിടും*
*രാജൻ മുഖം കണ്ടു എന്നും ഞാൻ ഘോഷിക്കും*
*രക്തത്തിൻ ഫലമായ് വാഴുമേ സ്വർഗ്ഗത്തിൽ*
*കോടി കോടി യുഗങ്ങളായി*

3. മനോഹരമാം സീയോനിൽ ഞാൻ വേഗം ചേർന്നീടും
എൻ ക്ലേശമാകെ നീങ്ങിപ്പോം അവിടെയെത്തുമ്പോൾ
*നിത്യമാം സന്തോഷം പ്രാപിക്കും അന്നു ഞാൻ*
*എൻ ശത്രുവിന്നതു എടുപ്പാൻ പാടില്ല*
*ആനന്ദം കൂടിടും സാനന്ദം പാടിടും*
*ശ്രീയേശു രാജൻ മുമ്പാകെ*

## 26

എൻ പ്രീയനെപ്പോൽ സുന്ദരനായാരെയും ഞാനുലകിൽ
കാണുന്നില്ല  മേലാലും ഞാൻ കാണുകയില്ല
*സുന്ദരനാം മനോഹരാ*
*നിന്നെ പിരിഞ്ഞിലോകയാത്ര*
*പ്രാകൃതരാം ജാരന്മാരെ വരിക്കുമോ വത്സലാ*
*മണ്ണേപ്രതി മാണിക്യം വെടിയുകില്ല ഞാൻ*

1. സർവ്വാംഗസുന്ദരൻ തന്നെ
എന്നെ വീണ്ടെടുത്തവൻ
സർവ്വ സുഖ സൗകര്യങ്ങൾ അർപ്പിക്കുന്നേ ഞാൻ ... സുന്ദ

2. യെറുശലേം പുത്രിമാരെൻ ചുററും നിന്നു രാപ്പകൽ
പ്രിയനോടുള്ളനുരാഗം കവർന്നീടുകിൽ ... സുന്ദ



ദുരിതം നിറയും മരുവിലെ വാസത്തിൽ.... 2
എനിക്കു നിൻ കൃപ മതിയെ പ്രിയനെ.... 2
എനിക്കു നിൻ കൃപ മതിയെ പ്രിയനെ.... 2

1. ഇണയില്ലാ കുറു പ്രാവുപോൽ
ഞരങ്ങുന്നു പ്രിയനേ ചേരുവാൻ
നാഥാവരുവാൻ താമസമെങ്കിൽ........ 2
വീഴാതെ നിറുത്തേണമേ എന്നെ
വീഴാതെ നിറുത്തേണമേ....... എനിക്കു നിൻ

2. സിംഹത്തിൻ ഗുഹയെനിക്കേകിയാലും
അഗ്നിൽ എന്നെ വലിച്ചെറിഞ്ഞാലും
ഉള്ളം കലങ്ങും പ്രതിസന്ധികളിൽ.......... 2
വീഴാതെ നിറുത്തേണമേ എന്നെ
വീഴാതെ നിറുത്തേണമേ....... എനിക്കു നിൻ

3. ആശ്രയിപ്പാൻ ഒരു ദേഹിയുമില്ല
ആശ്വസിപ്പാൻ ഒരു ഇടവുമില്ല
ഒന്നേ മാത്രം നിൻ ജീവമൊഴികൾ....... 2
മന്നിലെൻ ആശ്വാസമായ് ,,,,എനിക്കീ
മന്നിലെൻ ആശ്വാസമായ്....... എനിക്കു നിൻ

## 227.

*അഭിഷേകം അഭിഷേകം*
*പരിശുദ്ധാത്മാവിന്റെ അഭിഷേകം* 2
*അന്ത്യകാലത്ത് സർവ്വ ജഡത്തിന്മേലും*
*പരിശുദ്ധാത്മാവിന്റെ അഭിഷേകം* 2

1. അഭിഷേകത്തിന്റെ പുഷ്ടിയിൽ
എല്ലാനുകങ്ങളും തകർന്നുപോകും
വചനത്തിന്റെ ശക്തിയാൽ
എല്ലാ കെട്ടുകളുമഴിഞ്ഞുപോകും
അന്ധകാര ബന്ധനങ്ങളൊഴിഞ്ഞുപോകും
അഭിഷേകത്തിന്റെ ശക്തി വെളിപ്പെടുമ്പോൾ 2 അഭിഷേകം

2. കൊടിയ കാറ്റടിക്കുംപോലെ
ആത്മപകർച്ചയിൽ ശാന്തി പകരും
അഗ്നിജ്വാല പടരും പോലെ
പുതുഭാഷകളാൽ സ്തുതിക്കും

ആരാധനയുണ്ട് ആരാധനയുണ്ട്
ആത്മാവിന്റെ ആരാധനയുണ്ട് രാജാ

1. സൈന്യത്താലല്ല ശക്തിയാലല്ല......
ദൈവത്തിന്റെ ആത്മശക്തിയാലത്രേ.... (2)
വ്യർത്ഥമായുള്ള പാരമ്പര്യമല്ല....
കുഞ്ഞാടിന്റെ രക്തത്തിന്റെ ശക്തിയാലത്രേ (2) രാജാ

2. മഹത്വത്തിനും സ്തോത്രത്തിനും സർവ്വ
ബഹുമാനത്തിനും യോഗ്യനായവൻ.... (2)
യഹൂദാ ഗോത്രത്തിൻ സിംഹമായവൻ
രാജാധിരാജൻ കർത്താധികർത്തൻ (2) രാജാവു

## 225.

ആകാശ ലക്ഷണങ്ങൾ കണ്ടോ കണ്ടോ
ക്ഷാമം ഭൂകമ്പ ശബ്ദം കേട്ടോ കേട്ടോ. 2
സ്വർഗ്ഗ മണവാളന്റെ വേളിക്കായ്
മദ്ധ്യാകാശം ഒരുങ്ങുകയായ് ........ 2

*കാണുമോ...........നീ കർത്തൻ വരവിൽ*
കേൾക്കുമോ........ കാഹള ശബ്ദത്തെ..... 2 ആകാശ...

1. പ്രിയാ നിൻ വരവേറ്റം ആസന്നമേ
പ്രതിഫലം ലഭിക്കും നാൾ നിശ്ചയമേ... 2
മുൻപന്മാരായ പിൻപന്മാർ
പിൻപന്മാരായ മുൻപന്മാർ ........... 2

*ഏവരും...............കാണും അതിൽ നാം*
കർത്താവിൻ.......കൊയ്ത്തു ദിനത്തിൽ... 2 ആകാശ...

2. പാഴാക്കി കളയരുതേ
നിൻ ഓട്ടങ്ങൾ അധ്വാനമെല്ലാം..... 2
ലോക ഇമ്പങ്ങൾ വെടിയാം
കർത്താവിനായൊരുങ്ങീടാം........ 2

*ഉണരാം.................എണ്ണനിറയ്ക്കാം*
നാഥന്റെ...............വരവിൻ സമയം....... 2 ആകാശ...

## 226.

എനിക്കു നിൻ കൃപ മതിയെ പ്രിയനെ..... 2
എനിക്കു നിൻ കൃപ മതിയെ പ്രിയനെ..... 2



3. ലോകസുഖ സൗകര്യങ്ങളാകുന്ന പ്രതാപങ്ങൾ
മോടിയോടു കൂടെ എന്നെ മാടിവിളിച്ചാൽ ... സുന്ദ

4. വെള്ളത്തിൽ കുമിളപോലെ മിന്നി വിളങ്ങീടുന്ന
ജഡികസുഖങ്ങളെന്നെ എതിരേൽക്കുകിൽ ... സുന്ദ

5. പ്രേമമെന്നിൽ വർദ്ധിക്കുന്നേ പ്രിയനോടു ചേരുവാൻ
നാളുകൾ ഞാനെണ്ണിയെണ്ണി ജീവിച്ചീടുന്നേ ... സുന്ദ

## 27

വിശുദ്ധിയെ തികച്ചു നാം ഒരുങ്ങി നിൽക്ക
പ്രിയൻ വരവതിൽ താമസം ഏറെയില്ല
തന്റെ വാഗ്ദത്തങ്ങൾ പലതും
നിറവേറുന്നേ ഒരുങ്ങീടാം

1. യുദ്ധങ്ങൾ ക്ഷാമങ്ങൾ ഭൂകമ്പം പല
വ്യാധികളാൽ ജനം നശിച്ചീടുന്നു
രാജ്യം രാജ്യങ്ങളോടെതിർത്തു
തുടങ്ങിയല്ലോ ഒരുങ്ങീടാം

2. കൊട്ടാരങ്ങൾ തുടങ്ങി കൊട്ടിൽ വരെ ജനം
കണ്ണുനീർ താഴ്‌വരയിലല്ലയോ ഒരു
സ്വസ്ഥതയുമില്ല മനുഷ്യർക്കിഹേ ഒരുങ്ങീടാം

3. ആകാശത്തിൻ ശക്തി ഇളകുന്നതാൽ
ഭൂവിൽ എന്തു ഭവിക്കുമെന്നൊർത്തു കൊണ്ട്
ജനം പേടിച്ചു നിർജ്ജീവരായിടുന്നേ ഒരുങ്ങീടാം

4. മേഘാരൂഢനായി വന്നീടുമേ പതിനായിരം
പേർകളിൽ സുന്ദരൻ താൻ തന്റെ
കോമള രൂപം കണ്ടാനന്ദിപ്പാൻ ഒരുങ്ങീടാം

5. മാലിന്യപ്പെട്ടിടാതോടീടുക മണവാളൻ
വരവേററം അടുത്തു പോയി മണിയറ
യിൽ പോയി നാം ആശ്വസിക്കാൻ ഒരുങ്ങീടാം.

## 28

ഇഹത്തിലെ ദുരിതങ്ങൾ തീരാറായ് നാം
പരത്തിലേക്കുയരും നാൾ വരുമല്ലോ
വിശുദ്ധന്മാരുയിർക്കും പറന്നുയരും വേഗം
വന്നിടും കാന്തന്റെ മുഖം കാണ്മാൻ

*വാനസേനയുമായ് വരും പ്രിയൻ*
*വാനമേഘേ വരുമല്ലോ*
*വരവേററം സമീപമായ് ഒരുങ്ങുക സഹജരേ*
*സ്വർഗ്ഗീയ മണാളനെ എതിരേൽപ്പാൻ*

1. അവർ തന്റെ ജനം താനവരോടു കൂടെ
വസിക്കും കണ്ണീരെല്ലാം തുടച്ചിടും നാൾ
മൃത്യുവും ദുഃഖവും മുറവിളിയും
നിന്ദ കഷ്ടതയുമിനി തീണ്ടുകയില്ല ... വാനസേന

2. കൊടുങ്കാററിലേറിവന്നു കടലിളകീടിലും
കടലലകളിലെന്നെ കൈവിടാത്തവൻ
കരം തന്നു കാത്തു സൂക്ഷിച്ചരുമയായി
തന്റെ വരവിൽ പ്രത്യാശയോടെ നടത്തീടുമേ വാനസേന

3. തൻ കൃപകളെന്നുമോർത്തു പാടീടും ഞാൻ
തന്റെ മുഖശോഭ നോക്കി ഓടീടും ഞാൻ
പെററതള്ള തൻകുഞ്ഞിനെ മറന്നീടിലും
എന്നെ മറക്കാത്തവൻ അവൻ മാറാത്തവൻ വാനസേന

4. രാപ്പകലുമൊന്നായ് വന്നീടുമേ താൻ
രാത്രി വരുമുമ്പു വേല തീർത്തീടുക
രാത്രി നമ്മെ വിഴുങ്ങുവാനടുത്തിടുമ്പോൾ വാനിൽ
നീതി സൂര്യൻ നമുക്കായ് ഉദിച്ചിടുമേ.. വാനസേന

# 29

ആരാധിക്കുന്നു ഞങ്ങൾ
ത്രിയേക ദൈവമേ
ആരാധിക്കുന്നു ഞങ്ങൾ
പാവന സന്നിധിയിൽ

*ഹാലേലുയ്യാ ഹാലേലുയ്യാ*
*ഹാലേലുയ്യാ ഹാലേലുയ്യാ* 2

1. നീർചോല തേടിടും
മാൻപേട പോലവേ
ഉള്ളങ്ങൾ ദാഹിക്കുന്നു
സന്നിധേ ചേരുവാൻ ഹാലേലുയ്യ..

2. സ്വർഗീയസൈന്യങ്ങൾ
സന്തതം വാഴ്ത്തിടും



# 223.

ഇത്രത്തോളം എന്നെ കൊണ്ടുവന്നീടുവാൻ
ഞാനും എൻ കുടുബവും എന്തുള്ളു. (2)
ഇത്ര നന്മകൾ ഞങ്ങൾ അനുഭവിപ്പാൻ
എന്തുള്ളു യോഗ്യതാ നിൻ മുൻപിൽ (2)

1. ഇത്രത്തോളം എന്നെ ആഴമായ് സ്നേഹിപ്പാൻ
ഞാനും എൻ കുടുബവും എന്തുള്ളു. (2)
ഇത്ര ശ്രേഷ്ഠമായതെല്ലാം തന്നീടുവാൻ
എന്തുള്ളു യോഗ്യതാ നിൻ മുൻപിൽ (2)

2. ഇത്രത്തോളം എന്റെ ഭാവിയെ കരുതാൻ
ഞാനും എൻ കുടുബവും എന്തുള്ളു. (2)
ഇത്രത്തോളം എന്നെ അത്ഭുതം ആക്കുവാൻ
എന്തുള്ളു യോഗ്യതാ നിൻ മുൻപിൽ (2)

3. ഇത്രത്തോളം എന്നെ ധന്യനായ് തീർക്കുവാൻ
ഞാനും എൻ കുടുബവും എന്തുള്ളു. (2)
ഇത്രത്തോളം എന്നെ കാത്തു സൂക്ഷിക്കുവാൻ
എന്തുള്ളു യോഗ്യതാ നിൻ മുൻപിൽ (2)

4. ഇത്രത്തോളം എന്നെ കൊണ്ടുവന്നീടുവാൻ
ഞാനും എൻ കുടുബവും എന്തുള്ളു. (2)
ഇത്ര നന്മകൾ ഞങ്ങൾ അനുഭവിപ്പാൻ
എന്തുള്ളു യോഗ്യതാ നിൻ മുൻപിൽ (2)

ഇത്ര ശ്രേഷ്ഠമായതെല്ലാം തന്നീടുവാൻ
എന്തുള്ളു യോഗ്യതാ നിൻ മുൻപിൽ

ഇത്രത്തോളം എന്നെ അത്ഭുതം ആക്കുവാൻ
എന്തുള്ളു യോഗ്യതാ നിൻ മുൻപിൽ

ഇത്രത്തോളം എന്നെ കാത്തു സൂക്ഷിക്കുവാൻ
എന്തുള്ളു യോഗ്യതാ നിൻ മുൻപിൽ

# 224.

രാജാവുള്ളടത്ത് രാജ കോലാഹലമുണ്ട്...
ആത്മാവുള്ളടത്ത് ആത്മപ്രവാഹമുണ്ട് (2)
ആരാധനയുണ്ട് ആരാധനയുണ്ട്
യേശുരാജൻ ഉള്ളടത്ത് ആരാധനയുണ്ട്

*ദൈവം നല്ലവൻ എല്ലാവർക്കും വല്ലഭൻ*
*തൻമക്കൾക്കെന്നും പരിചയാം*
*നന്മയൊന്നും മുടക്കുകയില്ല*
*നേരായ് നടപ്പവർക്ക്...* (2)

1. ഒരു സങ്കേതം നിന്റെ യാഗപീഠങ്ങൾ
മീവൽ പക്ഷിക്കും ചെറുകുരികിലിനും
രാവിലെ നിൻ നന്മകളെ ഓർത്ത്
പാടി പുകഴ്ത്തിടും ഞാൻ... (2) ദൈവം

2. ഞങ്ങൾ പാർത്തീടും നിത്യം നിന്റെ ആലയേ
ഞങ്ങൾ ശക്തരാം എന്നും നിന്റെ ശക്തിയാൽ
കണ്ണുനീരും കഴുമരമെല്ലാം
മാററും അനുഗ്രഹമായ്... (2) ദൈവം

## 222.

ആത്മ നദി എന്നിലേക്ക് ഒഴുക്കുവാനായ്
ആവലോടെ ഞാനും കാത്തിരുന്നപ്പോൾ
ആത്മ നാഥൻ എന്നോടും തൻ കരുണ കാട്ടി
ആത്മനദി എന്നിലേക്കവൻ ഒഴുക്കി

1. ആത്മ നദി എന്റെ പാദങ്ങൾ നനച്ചപ്പോൾ
ആനന്ദത്താൽ എന്റെ ഉള്ളം തുളുമ്പിപ്പോയി
പുതിയൊരു ശക്തി എന്നിലേക്കെൻ നാഥൻ
അനുനിമിഷം പകർന്നു തുടങ്ങി ആത്മ

2. ആത്മ നദി എന്റെ മുട്ടോളം എത്തിയപ്പോൾ
ആകുലം മറന്നു ഞാൻ ആരാധിച്ചുപോയി
അത്യന്ത ശക്തിയാലെൻ മൺകൂടാരമങ്ങ്
പന്തു പോലെ പൊങ്ങി പൊങ്ങി തുടങ്ങി ആത്മ

3. ആത്മനദി എന്റെ അരയോളം എത്തി
ആരും അറിയാത്തൊരു ഭാഷ ഞാൻ ചൊല്ലി
മനുഷ്യരോടല്ല എൻ ദൈവത്തോടു തന്നെ
അന്യ ഭാഷയിൽ സംസാരിച്ചു തുടങ്ങി ആത്മ

4. ആത്മ നദി എന്റെ ശിരസ്സോളം എത്തി
എൻ പാദങ്ങൾ തറയിൽ ഉറയ്ക്കാതെ ആയി
എൻ ദേഹത്തിനു തെല്ലും ഭാരമില്ലാതായി
ആത്മ നദിയിൽ അങ്ങു നീന്തിത്തുടങ്ങി ആത്മ



സൃഷ്ടാവിൻ മാഹാത്മ്യങ്ങൾ
സാധരം വാഴ്ത്തും ഞങ്ങൾ ഹാലേലുയ്യാ..

3. അനുതാപം കൈക്കൊള്ളും
അപരാധങ്ങൾ ക്ഷമിക്കും
അനുപമദിവ്യസ്നേഹം
ആദരാൽ വാഴ്ത്തും ഞങ്ങൾ ഹാലേലുയ്യാ..

4. വചനത്തിൻ ശക്തിയാലും
ശുദ്ധാത്മജ്ഞാനത്താലും
അന്ത്യത്തോളം പാലിക്കും
തിരുനാമം വാഴ്ത്തും ഞങ്ങൾ ഹാലേലുയ്യാ...

## 30

പരിശുദ്ധാത്മാവിൻ ശക്തിയാലെ ഇന്ന്
നിറയ്ക്കണേ നാഥാ ശക്തരായി തീരാൻ

1. ആത്മസന്തോഷം കൊണ്ട് നിറയ്ക്കണേ പ്രിയനെ
ആത്മചൈതന്യം എന്നിൽ പകരുക പരനെ
ജയത്തോടെ ജീവിതം ധരയിൽ ഞാൻ ചെയ്‌വാൻ(2)

2. തിരുകൃപയല്ലോ ശരണമതെന്നിൽ
വൻകടങ്ങൾ അകറ്റാൻ കഴിവുള്ള പരനെ ആത്മസന്തോ
പരിശുദ്ധാ

3. മായയാം ഈ ലോകം തരും സുഖമെല്ലാം
മറന്നു ഞാൻ ഓടുവാൻ തിരുരാജ്യേ ചേരാൻ. ആത്മസന്തോ
പരിശുദ്ധാ

4. കുശവന്റെ കയ്യിൽ കളിമണ്ണു പോലെന്നെ
പണിയുക പരനെ തിരുഹിതം പോലെ ആത്മസന്തോ
പരിശുദ്ധാ

## 31

യേശു മഹോന്നതനെ, മഹോന്നതനെ വേഗം കാണാം
മൽപ്രേമ കാന്തനെ കാണാം

1. സുന്ദരരൂപനെ ഞാൻ ഈ മേഘമതിൽ വേഗം കാണാം
മൽപ്രേമ കാന്തനെ കാണാം
കഷ്ടതയേറെ സഹിച്ചവരും

കല്ലേറടി ഇടികൊണ്ടു മരിച്ചവരന്നു
മശിഹായോടു വാഴുമാനാട്ടിൽ യേശു......

2. പൊൻമണിമാലയവൻ എനിക്കുതരും ശുഭ്രവസ്ത്രം
നാഥനെന്നെ ധരിപ്പിക്കുമന്ന്
കണ്ണുനീരാകെ ഒഴിഞ്ഞീടുമെ
ആയിരമാണ്ടു വസിക്കുമവനുടെ നാട്ടിൽ
എനിക്കായൊരുക്കിയ വീട്ടിൽ യേശു......

3. രാപ്പകലില്ലവിടെ പ്രശോഭിതമായൊരു നാട്
നാലു ജീവികൾ പാടുമവിടെ
ജീവിജലനദി ഉണ്ടവിടെ
ജീവമരങ്ങളുമായ് നിലകൊണ്ടൊരുദേശം
നല്ലൊ..രു ഭൂവനദേശം യേശു......

## 32

പെന്തെകോസ്തു നാളിൽ മുൻമഴ പെയ്യിച്ച
പരമപിതാവേ ! പിൻമഴ നൽക (2)
പിൻമഴ നല്കേണം മാലിന്യം മാറേണം
നിൻ ജനം ഉണർന്നു വേല ചെയ്യുവാൻ (2) പെന്തെ..

1. മുട്ടോളമല്ല അരയോളം പോരാ
വലിയൊരു ജീവ നദിയൊഴുകാൻ (2)
നീന്തിയിട്ടല്ലാതെ കടപ്പാൻ വയ്യാത്ത
നീരുറവ ഇന്നു തുറക്കനാഥാ (2) പെന്തെ..

2. ചലിക്കുന്ന എല്ലാ പ്രാണികളും ഇന്നു
ചലനമുണ്ടാക്കി ജീവൻ പ്രാപിപ്പാൻ (2)
ചൈതന്യം നൽകേണം നവജീവൻ വേണം
നിത്യതയിലെത്തി ആശ്വസിച്ചീടാൻ (2) പെന്തെ..

3. സൈന്യത്താലുമല്ല ശക്തിയാലുമല്ല
ദൈവത്തിന്റെ ആത്മ ശക്തിയിലെത്രേ (2)
ആർത്തുപാടി സ്തുതിക്കാം ഹല്ലേലൂയ്യാ പാടാം
ആണിക്കല്ലു കയററാം ദൈവസഭ പണിയാം(2) (2) പെന്തെ..

## 33

തീ കത്തിക്ക എന്നിൽ തീ കത്തിക്ക
സ്വർഗ്ഗീയ രാജാവേ തീ കത്തിക്ക



3. എന്നു തീരുമെന്റെ കഷ്ടം ഇന്നീ മന്നിലെ
അന്നു മാറുമെന്റെ ദുഃഖം നിശ്ചയം തന്നെ
അന്നു തന്റെ ശുദ്ധരൊത്തു പാടിയാർക്കുമേ
എന്നെനിക്കു സാദ്ധ്യമോ മഹൽ സമ്മേളനം ... യേശു

4. നല്ലവനെ വല്ലഭനെ പൊന്നുകാന്തനെ
അല്ലൽ തീർക്കാനെന്നുവന്നു ചേർത്തീടുമെന്നെ
തുല്ല്യമില്ലാ മോദത്തോടെ വീണകളേന്തി
ഹല്ലേലുയ്യാ ഗാനം പാടി വാണിടുവനായ് ... യേശു

## 220.

വാഴും ഞാനെൻ രക്ഷിതാവിൻ കൂടെയെപ്പോഴും
തൻ കൃപയിലാശ്രയിക്കും എല്ലാ നാളും ഞാൻ
പാടും എന്നും ഞാൻ എന്റെ പ്രീയനെ... വാഴും

1. എന്റെ പ്രിയൻ വാനിൽ നിന്നെഴുന്നള്ളീടുന്ന
മാറ്റൊലി ഞാൻ കേട്ടിടുന്നു നാട്ടിലെങ്ങുമേ
ക്ഷാമം, ഭൂകമ്പം, അതിനാരംഭം... വാഴും

2. ക്ഷാമത്താലീക്ഷോണി എങ്ങും ക്ഷീണമാകുമ്പോൾ
എനിക്കെത്തിടാത്ത നിക്ഷേപമുണ്ടെന്റെ പ്രീയനിൽ
എന്നെ പോറ്റിടും എന്റെ രക്ഷകൻ... വാഴും

3. ഇന്നലെക്കാളിന്നു ഞാനെൻ പ്രീയൻ നാടിനോ
ടേറ്റം അടുത്തായതെനിക്കെത്രയാനന്ദം
എന്റെ പ്രീയനെ ഒന്നു കാണുവാൻ... വാഴും

4. ഈ വാരിധിയിൽ വൻ തിരയിൽ തള്ളലേറ്റു ഞാൻ
മുങ്ങിടാതെ പ്രീയനെന്റെ ബോട്ടിലുണ്ടല്ലോ
ഗാനം പാടിയെൻ നാട്ടിലെത്തുമേ... വാഴും

5. എൻ രക്ഷിതാവെ ! നിൻവരവു കാത്തു കാത്തു ഞാൻ
ഈ ദുഷ്ടലോകെ കഷ്ടതകൾ എത്ര ഏൽക്കണം.
നിന്നെ കാണുമ്പോൾ എൻ ദുഃഖം തീർന്നുപോം... വാഴും

## 221.

ഹാ! മനോഹരം യാഹെ നിന്റെ ആലയം
എന്തൊരാനന്ദം തവ പ്രാകാരങ്ങളിൽ
ദൈവമേ എന്നുള്ളം നിറയുന്നു
ഹാല്ലേലുയ്യാ പാടും ഞാൻ... (2)

4. ഭീരുത്വത്താൽ അനേകരും
ദൂരെ പിന്മാറി ഖേദിക്കും
ധീരത നൽകുകേശുവേ
വീരനാം സാക്ഷിയാക്കുക... ഉറപ്പി

5. വാങ്ങുകയല്ല ഉത്തമം
താങ്ങുക ഏറെ ശുദ്ധമാം
എന്നും നിന്നോടുകൂടെ ഞാൻ
എണ്ണുവാൻ ജ്ഞാനം നൽകുക.. ഉറപ്പി

6. തേടുവാൻ നഷ്ടമായതും
നേടുവാൻ ഭ്രഷ്ടമായതും
കണ്ണുനീർ വാർക്കും സ്നേഹം താ
വന്നുനിൻ അഗ്നിക്കരികെ... ഉറപ്പി

7. കഷ്ടതയിലും പാടുവാൻ
നഷ്ടമതിൽ കൊണ്ടാടുവാൻ
ശക്തിയരുൾക നാഥനെ
ഭക്തിയിൽ പൂർണ്ണനാക്കുക ... ഉറപ്പി

8. യേശുവിൻ കൂടെ താഴുവാൻ
യേശുവിൻ കൂടെ വാഴുവാൻ
യേശുവിൽ നിത്യം ചേരുവാൻ
ഇവയെ കാംക്ഷിക്കുന്നു ഞാൻ ഉറപ്പി

## 219.

യേശുവോടു ചേർന്നിരിപ്പതെത്ര മോദമേ
യേശുവിന്നായ് ജീവിക്കുന്നതെത്ര ഭാഗ്യമേ
ആശ തന്നോടെന്നുമെന്നിൽ വർദ്ധിച്ചീടുന്നേ
ആശു തന്റെ കൂടെവാഴാൻ കാംക്ഷിച്ചീടുന്നേ ... യേശു

1. പോക്കിയെന്റെ പാപമെല്ലാം തന്റെ യാഗത്താൽ
നീക്കിയെന്റെ ശാപമെല്ലാം താൻ വഹിച്ചതാൽ
ഓർക്കുന്തോറും സ്നേഹമെന്നിൽ വർദ്ധിച്ചീടുന്നേ
പാർക്കുന്നേ തൻ കൂടെവാഴാൻ എന്നു സാദ്ധ്യമോ ... യേശു

2. ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസമാക്കുവാൻ
ശോഭയേറും വീടെനിക്കൊരുക്കിടുന്നവൻ
കൈകളാൽ തീർക്കാത്ത നിത്യ പാർപ്പിടം തന്നിൽ
വാണിടുന്ന നാളിനായ് ഞാൻ നോക്കിപ്പാർക്കുന്നേ. യേശു



1. ഭൂതലത്തിലന്ധകാരം നീക്കാൻ
സ്വർഗ്ഗിയമാമഗ്നി കത്തിച്ചോനെ

2. പണ്ടൊരു കാലത്തിൽ മോശ കണ്ട
മുൾപ്പടർപ്പിനുള്ളിൽ കത്തിയൊരു

3. മഹത്വത്തിൻ തീ എന്നിൽ കത്തിക്കണേ
മനസ്സിന്നശുദ്ധിയെ നീക്കിടുവാൻ

4. പെന്തെക്കോസ്തിൻ നാളിലഗ്നിനാവാൽ
ചന്തമോടങ്ങു പകർന്ന പോലെ

5. എന്നെയുമെനിക്കുള്ള സകലത്തേയും
യാഗമായർപ്പണം ചെയ്യുന്നു ഞാൻ

## 34

എത്ര നല്ലവൻ എന്നേശു നായകൻ
ഏതുനേരത്തും നടത്തിടുന്നവൻ
എണ്ണിയാൽ തീർന്നിടാ നന്മകൾ ചെയ്തവൻ
എന്നെ സ്നേഹിച്ചവൻ ഹല്ലേലുയ്യാ

1. നായകനവൻ നമുക്ക് മുമ്പിലായ്
നൽവഴികളെ തുറന്നിടുമവൻ
നന്ദിയാൽ പാടും ഞാൻ നല്ലവനേശുവേ
നാടെങ്ങും ഘോഷിക്കും നിൻ മഹാസ്നേഹത്തെ (എത്ര)

2. പ്രിയരേവരും പ്രതികൂലമാകുമ്പോൾ
പാരിലേറിടും പ്രയാസവേളയിൽ
പൊൻമുഖം കണ്ടു ഞാൻ യാത്രചെയ്തീടുവാൻ
പൊന്നു നാഥാ കൃപ ഏകുകീ ദാസരിൽ (എത്ര നല്ലവൻ.)

## 35

സർവ്വനന്മകൾക്കും സർവ്വദാനങ്ങൾക്കും
ഉറവിടമാം എൻ യേശുവേ
നിന്നെ ഞാൻ സ്തുതിച്ചിടുന്നു
ദിനവും പരനെ നന്ദിയാൽ

1. ലോകജമ്പങ്ങളിൽ ഞാൻ ഭ്രമിച്ചു
ലോകമോഹങ്ങളിൽ ഞാൻ മുഴുകി
കാണില്ലൊരുനാളും സ്വർഗ്ഗതാതൻ
ഹൃത്തിൽ മൂഢമായ് ഞാനുറച്ചു- സർവ്വ

2. ആഴി ആഴത്തിൽ ഞാൻ കിടന്നു
കൂരിരുൾ എന്നെ മറപിടിച്ചു
താതൻ തിരുക്കരം തേടി എത്തി
തന്റെ മാർവ്വോടു ചേർത്തണച്ചു- സർവ്വ

3. പരിശുദ്ധാത്മാവാൽ നിറക്ക
അനുദിനവും എന്നെ പരനെ
തിരുവേലയെ തികച്ചീടുവാൻ
നൽവരങ്ങളെ നല്കീടുക- സർവ്വ

4. പാപത്തിൻ ആഴത്തിൽ ഞാൻ വലഞ്ഞു
സാത്താനെന്നെ അടിമയാക്കി
യേശുവിൻ രക്തമെന്നെ തേടിയെത്തി
കറ തീർത്തെന്നെ വീണ്ടെടുത്തു. സർവ്വ

## 36

യഹോവയിരേ - ദാതാവാം ദൈവം
നീ മാത്രം മതിയെനിക്ക്
യഹോവ റാഫാ - സൗഖ്യദായകൻ
താൻ അടിപ്പിണരാൽ സൗഖ്യം
യഹോവ ശമ്മാ- കൂടെയിരിക്കും
നൽകുമെന്നാവശ്യങ്ങൾ

*നീ മാത്രം മതി നീ മാത്രം മതി*
*നീ മാത്രം മതിയെനിക്ക്* (2)

യഹോവ ഏലോഹിം സൃഷ്ടാവാം ദൈവം
നിൻ വചനത്താൽ ഉളവായെല്ലാം
യഹോവ യില്യോൻ അത്യുന്നതൻ
നിന്നേപ്പോലെ മറ്റാരുമില്ല
യഹോവ ശാലോം എൻ സമാധാനം
നൽകി നിൻ ശാന്തി എന്നിൽ (നീ മാത്രം)

## 37

സൃഷ്ടിതാവാം സർവ്വശക്താ
സർവ്വജ്ഞാനി യഹോവയെ
നല്ലിടയൻ നൽ സ്നേഹിതൻ
കാരുണ്യവാൻ ഈ ദൈവമേ



## 217

Give thanks with a grateful heart
Give thanks to the Holy One, Give thanks
Because He has given Jesus Christ His Son
(Give....)

And now let the weak say I am strong
Let the poor say I am rich
Because of what the Lord
Has done for us. (And Now....)

Give thanks – we give thanks.

## 218.

യേശുവേപ്പോലെ ആകുവാൻ
യേശുവിൻ വാക്കുകാക്കുവാൻ
യേശുവേ നോക്കി ജീവിപ്പാൻ
ഇവയെകാംക്ഷിക്കുന്നു ഞാൻ

*ഉറപ്പിക്കെന്നെയെൻ നാഥാ !*
*നിറക്കയെന്നെ ശുദ്ധാത്മാ*
*ക്രിസ്തൻമഹത്വത്താലെ ഞാൻ*
*മുററും നിറഞ്ഞു ശോഭിപ്പാൻ*

1. ശൈശവ പ്രായ വീഴ്ചകൾ
മോശയാലുള്ള താഴ്ചകൾ
നീക്കുകയെല്ലാം നായകാ
ഏകുക നിൻ സമ്പൂർണ്ണത ... ഉറപ്പി

2. പ്രാർത്ഥനയാൽ എപ്പോഴും ഞാൻ
ജാഗരിച്ചു പോരാടുവാൻ
നിന്റെ സഹായം നൽകുക
എന്റെ മഹാ പുരോഹിതാ ... ഉറപ്പി

3. വാഗ്ദത്തമാം നിക്ഷേപം
ഞാൻ ആകെയെൻ സ്വന്തമാക്കുവാൻ
പൂർണ്ണ പ്രകാശം രക്ഷകാ
പൂർണ്ണവിശ്വാസത്തേയും താ... ഉറപ്പി

ആരാധിപ്പാൻ യോഗ്യനാം ക്രിസ്തുവിനെ
ആരാധിച്ചു ആരാധിച്ചു വിടുതൽ പ്രാപിയ്ക്കാം (2)

*നമുക്കാ..രാധിക്കാം നമുക്കാ..രാധിക്കാം*
*സ്തുതിയും സ്തോത്രവും അർപ്പിച്ചിടാം*
*ആത്മാവിൽ ആരാധിക്കാം* (2)

1. ചെങ്കടൽ കടന്ന മിരിയാം
തപ്പെടുത്താർത്തതു പോൽ (2)
കുഞ്ഞാട്ടിൻ രക്തത്താൽ രക്ഷിക്കപ്പെട്ട
ക്രിസ്തുവിൻ ജനം നാം ആരാധിക്കാം (2) നമുക്കാരാധി

2. രോഗം ദുഃഖം മാറിടുമേ
ബന്ധനമെല്ലാം അഴിഞ്ഞിടുമേ (2)
ആത്മവരങ്ങൾ പ്രാപിച്ചീടും ആരാധനയിങ്കൽ
ആത്മമാറി പെയ്തിടും ആരാധനയിങ്കൽ (2) നമുക്കാരാധി

## 216

1. ഉയരത്തിൻ ശക്തിയാം പരിശുദ്ധാത്മാവിനെ
ഈ ദാസരിൽ അയക്കണെ നാഥാ (2)
ആത്മാവിൻ അഗ്നിയാൽ നിറഞ്ഞവരായി ഞങ്ങൾ
ആത്മാവിൽ അങ്ങയെ സ്തുതിച്ചിടട്ടെ (2)

*പരിശുദ്ധ അഗ്നിയെ നിറയൂ*
*ഈ ദാസരിൽ ജ്വാലയായ് പടരൂ* (2)
*വരദാനങ്ങളാൽ സമ്പന്നരായി ഞങ്ങൾ*
*ആദിമ സഭ പോൽ വളരാൻ* (2)

2. വചനത്തിൻ സാക്ഷികളായി മാറിടാൻ
സത്യവചനം ലോകമെങ്ങും ഘോഷിപ്പാൻ (2)
രക്ഷകൻ ദൂതുമായി ലോകമെങ്ങും പോയിടാം
യേശുവിൻ സ്നേഹം പകരാം (2) പരിശുദ്ധ..

3. സാത്താന്യ ശക്തിയെ തകർക്കാൻ
ഞങ്ങൾ ജയത്തിന്റെ ഭേരികൾ മുഴക്കാൻ (2)
ബന്ധനങ്ങൾ തകർത്ത് വൻ ജനസഞ്ചയത്തെ
യേശുവിൽ മോചിതരാക്കിടാം (2) ഉയരത്തിൻ..
പരിശുദ്ധ..



*ഉന്നതനേ അത്യുന്നതനേ*
*ഉയർത്തുന്നു നിൻ സ്തുതികൾ*
*സ്തുതികൾക്കും സ്തോത്രത്തിനും*
*യോഗ്യനായോൻ മറ്റാരുമില്ല*
*രാജത്വവും മഹത്വവും*
*എന്നുമെന്നും നിന്റേതല്ലോ*
*പുകഴ്ചയും ബഹുമാനവും*
*സ്വീകരിപ്പാൻ യോഗ്യൻ നീയേ*

2. കെരുബുകൾ സാറാഫുകൾ
നിത്യം നിന്നെ പുകഴ്ത്തുന്നു
ജീവനുള്ള സകലവും
സ്തുതിക്കുന്നു യാഹേ നിന്നെ (ഉന്നതനേ...)

3. എൻ കൊടിയാം എൻ ജയമാം
എൻ സഖിയാം എൻ സൗഖ്യമാം
നീയുള്ളതാൽ ഭയമില്ല
എനിക്കിനി ഒരിക്കലും (ഉന്നതനേ...)

4. പരിശുദ്ധൻ പരിശുദ്ധൻ
ആകാശവും ഭൂമിയെല്ലാം
നിൻ മഹത്വം നിറയുന്നു
ഹാലേലുയ്യാ ഹാലേലുയ്യാ (ഉന്നതനേ...)

## 38

1. ഏഴുവിളക്കിൻ നടുവിൽ
ശോഭാപൂർണ്ണനായ്
മാറത്തു പൊൻകച്ച അണിഞ്ഞും
കാണുന്നേശുവേ

*ആദ്യനും അന്ത്യനും*
*നീ മാത്രം യേശുവേ*
*സ്തുതികൾക്കും പുകഴ്ചക്കും*
*യോഗ്യൻ യേശുവേ*
*ഹാലേല്ലുയ്യ ഹാലേല്ലുയ്യ*

2. നിന്റെ രൂപവും ഭാവവും
എന്നിൽ ആകട്ടെ

നിന്റെ ആത്മ ശക്തിയും
എന്നിൽ കവിഞ്ഞിടട്ടെ ആദ്യനും..

3. എന്റെ ഇഷ്ടങ്ങൾ ഒന്നുമെ
വേണ്ടെൻ യേശുവേ
നിന്റെ ഹിതത്തിൻ നിറവിൽ
ഞാൻ പ്രശോഭിക്കട്ടെ ആദ്യനും..

## 39

യേശു നല്ലവൻ... അവൻ വല്ലഭൻ
അവൻ ദയയോ... എന്നുമുള്ളത്
പെരുവെള്ളത്തിൻ... ഇരച്ചിൽപോലെ
സ്തുതിച്ചീടുക... അവന്റെ നാമം

*ഹല്ലേലുയ്യാ ഹല്ലേലുയ്യാ* (2)
*മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനം*
*ശക്തിയും ബലവുമെന്നേശുവിന്*

1. ഞാനെഹോവയ്ക്കായ് കാത്തുകാത്തല്ലോ
അവൻ എങ്കലേക്ക് ചാഞ്ഞുകേട്ടല്ലോ
നാശകരമായ കുഴിയിൽ നിന്നും
കുഴഞ്ഞ ചേററിൽ നിന്നും കയററി ... ഹല്ലേലുയ്യാ

2. എന്റെ കാൽകളെ പാറമേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു പാട്ടെനിക്കു തന്നു
എൻ ദൈവത്തിനു സ്തുതികൾ തന്നെ... ഹല്ലേല്ലുയ്യാ

3. എന്റെ കർത്താവേ എന്റെ യഹോവേ
നീയൊഴികെ എനിക്കൊരു നന്മയുമില്ല
ഭൂമിയിലുള്ള വിശുദ്ധന്മാരോ
അവർ എനിക്കു ശ്രേഷ്ഠന്മാർ തന്നെ... ഹല്ലേല്ലുയ്യാ

## 40

എന്റെ സങ്കേതവും ബലവും
ഏറ്റവും അടുത്ത തുണയും
ഏതൊരാപത്തിലും ഏതു നേരത്തിലും
എനിക്കെന്നുമെൻ ദൈവമത്രേ (2) എന്റെ



ഭാരതം രക്ഷകനെ കണ്ടിടട്ടെ
നിത്യജീവൻ സ്വന്തമാക്കിടട്ടെ കേരളം,

## 214

വിശ്വാസകണ്ണുകളാൽ കാണുന്നു ഞാൻ
യേശു ഒരുക്കുന്ന എൻ ഭവനം
കഷ്ടതയില്ല കണ്ണുനീരുമില്ല
നിത്യാനന്ദം തരും സീയോൻ ദേശം

1 എൻ നോട്ടം ലോകത്തിൻ മാനമല്ല
സ്വർഗ്ഗേ ലഭിക്കുന്ന മാന്യതയിൽ
ഈ ലോകം നൽകുന്ന പേരിലല്ല
ജീവപുസ്തകത്തിലെ പേരിലല്ലോ

അതു പ്രാപിക്കും ഞാൻ
എൻ വീട്ടിൽ ചേരും ഞാൻ
യേശുവിൻ കൂടെ വാഴും ഞാൻ

2 എൻ നോട്ടം ലോകത്തിൻ മോഹമല്ല
സ്വർഗ്ഗത്തിൻ നിത്യസൗഭാഗ്യമതിൽ
ഈ ലോകം ഒരുക്കും സൗധങ്ങളിലല്ല
കർത്താവൊരുക്കും മണിമാളികയിൽ

അതുപ്രാപിക്കും ഞാൻ
എൻ വീട്ടിൽ ചേരും ഞാൻ
യേശുവിൻ കൂടെ വാഴും ഞാൻ

3 എൻ നോട്ടം ഇവിടെ വിശ്രമമല്ല
ഈ ലോകം തരുന്ന സുഖവുമല്ല
വിശ്രമം അക്കരെനാട്ടിലല്ലോ
അവിടെ ഞാൻ ആനന്ദിച്ചാർക്കുമല്ലോ

അതു പ്രാപിക്കും ഞാൻ
എൻ വീട്ടിൽ ചേരും ഞാൻ
യേശുവിൻ കൂടെ വാഴും ഞാൻ

## 215

ആരാധിക്കാം ആരാധിക്കാം ഒരുമയോടെ
ആരാധിക്കാം ആരാധിക്കാം വിശുദ്ധിയോടെ (2)

# 213

എന്റെ ഭാരതം യേശുവെ അറിഞ്ഞിടട്ടെ
എന്റെ യേശുവിൻ വചനം കേട്ടിടട്ടെ
രക്ഷയിൻ മാർഗ്ഗം ഗ്രഹിച്ചിടട്ടെ
ഏവരും യേശുവെ വണങ്ങിടട്ടെ

*കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്ര*
*ഗോവ, മഹാരാഷ്ട്ര, ഛത്തീസ്ഗഡ്, ഒറീസ്സ*
*ഗുജറാത്ത്, മദ്ധ്യപ്രദേശ്, ഝാർഖണ്ഡ്, ബംഗാൾ*
*സിക്കിം, ഉത്തർപ്രദേശ്, രാജസ്ഥാൻ, ബീഹാർ*

*അരുണാചൽ, ആസ്സാം, മേഘാലയ, നാഗാലാന്റ്,*
*മണിപ്പൂർ, മിസോറാം, ത്രിപുര, ഡൽഹി*
*ഹരിയാന, പഞ്ചാബ്, ഉത്തരാഖണ്ഡ്, ഹിമാചൽ*
*ജമ്മു & കാശ്മീർ, പുദുച്ചേരി, ലക്ഷദ്വീപ്*

*ദമൻ & ദ്വീപ്, ദാദ്ര & നഗർ ഹവേലി*
*ആൻഡമാൻ നിക്കോബാറും ചണ്ഡീഗഡും*
*യേശുവെ അറിഞ്ഞിടട്ടെ*
*യേശുവിനായ് തീരട്ടെ*

1 അന്ധവിശ്വാസങ്ങൾ തകർന്നിടട്ടെ
സാത്താന്യകോട്ടകൾ തകർന്നിടട്ടെ
ജാതീയ മതിൽക്കെട്ടും തകർന്നിടട്ടെ
ഉച്ചനീചത്വങ്ങൾ തകർന്നിടട്ടെ

ഭാരതം രക്ഷകനെ കണ്ടിടട്ടെ
നിത്യജീവൻ സ്വന്തമാക്കിടട്ടെ കേരളം,

2 കഴിവും താലന്തും ഉള്ളവരേ
നൽകുക ആയുസ്സെന്നേശുവിനായ്
സുവിശേഷത്തിൻ അഗ്നിനാളവുമായ്
ആയിരങ്ങൾ ഇറങ്ങട്ടിനിയും

ഭാരതം രക്ഷകനെ കണ്ടിടട്ടെ
നിത്യജീവൻ സ്വന്തമാക്കിടട്ടെ കേരളം,

3 പോർക്കളത്തിൽ നിൽക്കും സോദരർക്കായ്
പ്രാർത്ഥനയിൽ പോരാടിടുമോ?
ധനവും ശേഷിയും ഉള്ളവരേ
പിന്നിൽ നിന്നു സഹായിക്കുമോ?



1. എല്ലാ ഭാരങ്ങളും ചുമക്കും
എന്നും താങ്ങി എന്നെ നടത്തും
കർത്തൻ തൻ കരത്താൽ കണ്ണുനീർ തുടക്കും
കാത്തു പാലിക്കും എന്നെ നിത്യം (2) എന്റെ

2. ഇത്ര നല്ലവനാം പ്രീയനെ
ഇദ്ധരയിൽ രുചിച്ചറിവാൻ
ഇടയായതിനാൽ ഒടുവിൽ വരെയും
ഇനി എനിക്കെന്നും താൻ മതിയാം. (2) എന്റെ

# 41

സ്തുതിപ്പിൻ, സ്തുതിപ്പിൻ
യാഹിൻ നാമം വാഴ്ത്തീടുവീൻ (2)
തപ്പിനോടും നൃത്തത്തോടും കിന്നരത്തോടും
ഉച്ചനാദമുള്ള കൈത്താളത്തോടും (2) സ്തുതിപ്പിൻ....

1. അഖിലചരാചര സൃഷ്ടികൾക്കുടയോൻ
അവൻമേയ്ക്കും ആടുകൾ നാം (2)
സർവ്വശക്തികൾക്കും മീതെ അധിപധിയായോനേ
നിരന്തരം സ്തുതിച്ചീടേണം (2) സ്തുതിപ്പിൻ...

2. അനുദിനം അവൻ ചെയ്ത നന്മകൾ നിനക്കിൽ
അവൻ എന്തു പകരം നല്കും (2)
പൂർണ്ണമനസ്സോടും ആത്മാവിൻ അമിത ബലത്തോടും
അവനേ നാം സ്തുതിച്ചീടേണം. (2) സ്തുതിപ്പിൻ...

# 42

യാക്കോബിൻ ദൈവം ഇന്നും നമുക്കുള്ളവൻ നമ്മെ
ജീവ പര്യന്തം കാത്തീടുമേ
ഓരോ ദിവസവും കൃപ നൽകി നമ്മെ
ഇമ്മാനുവേലവൻ താൻ നടത്തീടുമേ

*ഹല്ലേലൂയ്യാ ! അവൻ ആത്മരക്ഷകൻ*
*ഹല്ലേലൂയ്യാ ! അവൻ സൌഖ്യദായകൻ*
*ഹല്ലേലൂയ്യാ ! ശുദ്ധാത്മനായകൻ നമ്മെ*
*നിത്യതയ്ക്കായ് ഒരുക്കീടുമേ*

1. ആഴിയിൽ നാം കടന്നു പോയിടിലും
അതു നമ്മെ കവിഞ്ഞിടാതെ കാത്തീടുമേ

തീയിൽ നാം ആയാലും ജ്വാല നമ്മെ തെല്ലും
ഏശാതിമ്മാനുവേൽ താൻ നടത്തിടുമേ ... ഹല്ലേലൂയ്യാ

2. സാക്ഷാൽ രോഗങ്ങൾ അവൻ വഹിച്ചതിനാൽ
എല്ലാ വേദനയും അവൻ ചുമന്നതിനാൽ
അടിപ്പിണരാൽ അവൻ സൗഖ്യമാക്കി ഇന്നും
ഇമ്മാനുവേലവൻ തൻ നടത്തിടുമേ ... ഹല്ലേലൂയ്യാ

3. സീയോൻ പ്രയാണികളെ ആനന്ദിപ്പീൻ എല്ലാ
ദുഃഖവും നെടുവീർപ്പും ഓടിടുമേ
നിത്യാനന്ദം നമ്മിൽ പകർന്നു നമ്മെ ഇന്നും
ഇമ്മാനുവേലവൻ തൻ നടത്തിടുമേ ... ഹല്ലേലൂയ്യാ

4. ജയശാലിയായവൻ വന്നീടുമേ എല്ലാ
പ്രതിഫലവും അവൻ തന്നീടുമേ
ആത്മാവിനാൽ അതിനായ് ഒരുക്കി നമ്മെ എന്നും
ഇമ്മാനുവേലവൻ തൻ നടത്തിടുമേ ... ഹല്ലേലൂയ്യാ

## 43

യേശുമണവാളൻ നമ്മെ ചേർക്കുവാൻ
മദ്ധ്യവാനിൽ വെളിപ്പെടുവാൻ
കാലം ആസന്നമായ് പ്രിയരേ
ഒരുങ്ങാം വിശുദ്ധിയോടെ

*ചേരും നാം വേഗത്തിൽ ഇമ്പവീടതിൽ*
*കാണും നാം അന്നാളിൽ പ്രിയൻ പൊൻമുഖം*

1.. ത്ഡടു ത്ഡടു ഉയർക്കും വിശുദ്ധരെല്ലാം
കാഹളനാദം കേൾക്കുമ്പോൾ
പാരിൽ പാർത്തിടും നാമന്നാളിൽ
രൂപാന്തരം പ്രാപിക്കും (ചേരും....)

2. രോഗദുഃഖങ്ങളും മരണമതും
തെല്ലും നീ യപ്പെടാതെ
ദേഹം മണ്ണോട് ചേർന്നെന്നാലും
രൂപാന്തരം പ്രാപിക്കും (ചേരും....)

3. യുദ്ധങ്ങളും ക്ഷാമവുംഭൂകമ്പവും
അടിക്കടി ഉയർന്നീടുമ്പോൾ
കാന്തൻ യേശുവരാൻ കാലമായ്
രൂപാന്തരം പ്രാപിക്കും (ചേരും....)



1 ലോകത്തെ ഞാനേറ്റം സ്നേഹിച്ചപ്പോൾ
എത്രയോ ദു:ഖിച്ചു നീ
എന്നിട്ടും സ്നേഹിച്ചെന്നെ
പോകില്ല, ഞാൻ പോകില്ല ഞാൻ
പാപത്തിൻ പിൻപേ ഇനി
സ്നേഹിക്കും നിന്നെ മാത്രം
ഹല്ലേലുയ്യാ ഹല്ലേലുയ്യാ

2 ലോകത്തിൻ ജ്ഞാനത്തെ ലജ്ജിപ്പിക്കാൻ
ഭോഷനാം എന്നെയും നിൻ
പാത്രമായ് മാറ്റിയല്ലോ
ബലഹീനനാം എന്നിലും നിൻ
അഭിഷേകം പകർന്നുവല്ലോ
ശ്രേഷ്ഠനായ് മാറ്റിയല്ലോ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ

## 212

1. കാണുന്നു ഞാൻ യേശുവിനെ
സർവ്വശക്തനാം സൃഷ്ടികർത്താവിനെ
അലറും തിരകൾ നടുവിൽ ഞാൻ
കാണുന്നു എൻ കർത്താവിനെ

*എൻ ബലവും എൻ സങ്കേതവും*
*കോട്ടയും യേശുവല്ലോ*
*ഒരിക്കലും എന്നെ പിരിയാത്ത*
*ഉത്തമ സ്നേഹിതനാം*

2 രോഗ-നിരാശകൾ നടുവിൽ ഞാൻ
കാണുന്നു എൻ കർത്താവിനെ
പ്രശ്നങ്ങളെ ഞാൻ നോക്കുന്നില്ല
നോക്കുന്നു എൻ യേശുവിനെ

3 തീച്ചൂളയതിൻ നടുവിൽ ഞാൻ
കാണുന്നു എൻ കർത്താവിനെ
എതിർപ്പുകളെ ഞാൻ നോക്കുന്നില്ല
നോക്കുന്നു എൻ യേശുവിനെ

*നിന്നിൽ വളർന്നു വലുതാകും വിശ്വാസത്താലെ*
*മലകളെ നീക്കിടും നീ*

2 ഇതുവരെ ദൈവം ചെയ്ത
അത്ഭുതങ്ങൾ ഓർത്തിടുക
പ്രശ്നങ്ങളെ വർണ്ണിക്കേണ്ട
ദൈവശക്തിയെ വർണ്ണിക്ക

3 അകത്തെ മനുഷ്യനെ നീ
വചനത്താൽ പോഷിപ്പിക്കുക
പ്രശ്നങ്ങളെ നേരിടുക
നീങ്ങിപ്പോകാൻ കൽപ്പിക്കുക

4 നീ നാവാൽ കെട്ടുന്നതും
വചനത്താൽ അഴിക്കുന്നതും
നീ വാക്കാൽ പണിയുന്നതും
ദൈവം സൃഷ്ടിച്ചിടും

## 210

1 ആകാശത്തിൻ കീഴെ ഭൂമിക്കു മീതെ
ആശ്രയിപ്പാൻ ഏക നാമം മാത്രം

*യേശു, യേശു*
*എല്ലാ നാമത്തിനും മേലായ നാമം*

2 കുരുടർ കണ്ടിടും മുടന്തർ നടന്നിടും
വ്യാധികൾ നീങ്ങിടും യേശുനാമത്തിൽ

3 സാത്താന്യബലമേതും തകർത്തിടുവാൻ
അധികാരം നമുക്കുണ്ട് യേശുനാമത്തിൽ

4 തോൽവിയെ ജയിക്കും പാപത്തെ വെല്ലും
ജയോത്സവമായ് നടക്കും യേശുനാമത്തിൽ

5 മുഴങ്കാലുകൾ എല്ലാം മടങ്ങിടും നാമം
ഏവരും ഒന്നായ് സ്തുതിക്കും നാമം

## 211

എന്തുള്ളൂ ഞാൻ എന്നേശുവേ
നിൻ സ്നേഹം അനുഭവിക്കാൻ
നിൻ കാരുണ്യം ഈ പാപിയെന്നിൽ
അളവില്ലാതേകിയല്ലോ



## 44

ആരാധിക്കുമ്പോൾ വിടുതൽ ആരാധിക്കുമ്പോൾ സൗഖ്യം
ദേഹം ദേഹി ആത്മാവിൽ സമാധാന സന്തോഷം
ദാനമായ് നാഥൻ നൽകീടും

1. പ്രാർത്ഥിക്കാം ആത്മാവിൽ ആരാധിക്കാം കർത്തനെ
നല്ലവൻ അവൻ വല്ലഭൻ വിടുതൽ എന്നും പ്രാപിക്കാം

2. യാചിപ്പിൻ എന്നാൽ ലഭിക്കും
അന്വേഷിപ്പിൻ കണ്ടെത്തും
മുട്ടുവിൻ തുറക്കും സ്വർഗ്ഗത്തിൻ കലവറ
പ്രാപിക്കാം എത്രയോ നന്മകൾ

3. മടുത്തുപോകാതെ പ്രാർത്ഥിക്കാം
വിശ്വാസത്തോടെ പ്രാർത്ഥിക്കാം
നീതിമാന്റെ പ്രാർത്ഥന ശ്രദ്ധയുള്ള പ്രാർത്ഥന
ഫലിക്കും രോഗിക്ക് സൗഖ്യമായ്.

## 45

1. ദൈവപിതാവേ എന്നുടെ താതൻ നീ
ദൂതന്മാർ രാപ്പകൽ വാഴ്ത്തിടുമ്പോൾ
നന്ദിയാൽ വണങ്ങും തരുമുമ്പിൽ ഇന്നേരം
എന്നുമെന്നും നീ ആരാധ്യനാം

*നീ പരിശുദ്ധൻ നീ എന്നും സ്തുത്യൻ*
*ദൈവമേ നീ മാത്രം യോഗ്യനാം*
*ആരാധനയും സ്തുതി ബഹുമാനവും*
*സ്വീകരിപ്പാൻ എന്നും നീ യോഗ്യനാം*

2 യേശു നാഥാ എൻ കർത്തനാം രക്ഷകൻ നീ
ദൂതന്മാർ രാപ്പകൽ വാഴ്ത്തിടുന്നോൻ
നന്ദിയാൽ വണങ്ങും തിരുമുമ്പിൽ ഇന്നേരം
എന്നുമെന്നും നീ ആരാധ്യനാം

3 പാവനാത്മാവേ ആശ്വാസപ്രദൻ നീ
ദൂതന്മാർ രാപ്പകൽ വാഴ്ത്തിടുന്നോൻ
നന്ദിയിൽ വണങ്ങും തിരുമുമ്പിൽ ഇന്നേരം
എന്നുമെന്നും നീ ആരാധ്യനാം

# 46

യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു
പരലോകത്തിൽ ജീവിക്കുന്നു
ഇഹലോകത്തിൽ ഞാനിനി വേഗം വരും
രാജരാജനായ് വാണീടുവാൻ

*ഹാ ഹല്ലേലുയ്യാ ജയം ഹല്ലേലുയ്യാ*
*യേശു കർത്താവു ജീവിക്കുന്നു*
*യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു*
*പരലോകത്തിൽ ജീവിക്കുന്നു ...*

1. കൊല്ലുന്ന മരണത്തിൻ ഘോരതര വിഷ
പ്പല്ലു തകർത്തതാകയാൽ ഇനി
തെല്ലും ഭയമെന്യേ മൃത്യുവിനെ നമ്മൾ
വെല്ലു വിളിക്കുകയാം ... ഹാ ഹല്ലേലുയ്യാ

2. എന്നേശു ജീവിക്കുന്നായതിനാൽ ഞാനും
മെന്നേക്കും ജീവിക്കയാം ഇനി
തന്നേപ്പിരിഞ്ഞൊരു ജീവിതമില്ലിനി
ക്കെല്ലാമെന്നേശുവത്രേ ... ഹാ ഹല്ലേലുയ്യാ

3. മന്നിലല്ലെൻ നിത്യവാസമെന്നേശുവിൻ
മുന്നിൽ മഹത്വത്തിലാം ഇനി
വിണ്ണിൽ ആ വീട്ടിൽ ചെന്നെത്തുന്ന നാളുക
ളെണ്ണി ഞാൻ പാർത്തിടുന്നു. ... ഹാ ഹല്ലേലുയ്യാ

# 47

എന്റെ പ്രീയൻ വാനിൽ വരാറായ്
കാഹളത്തിൻ ധ്വനി കേൾക്കാറായ്
മേഘെ ധ്വനി മുഴങ്ങും ദൂതരാർത്തു പാടീടും
നാമും ചേർന്നു പാടും ദൂത തുല്ല്യരായ്

*പൂർണ്ണ ഹൃദയത്തോടെ ഞാൻ സ്തുതിക്കും*
*നിന്റെ അത്ഭുതങ്ങളെ ഞാൻ വർണ്ണിക്കും*
*ഞാൻ സന്തോഷിച്ചിടും എന്നും സ്തുതി പാടീടും*
*എന്നെ സൌഖ്യമാക്കി വീണ്ടെടുത്തതാൽ*

1. പീഡിതനൊരഭയസ്ഥാനം
വൻ സങ്കടങ്ങളിൽ നൽ തുണ നീ



2 സ്ഥാനമാനങ്ങൾക്കോ
പേരിനും പെരുമക്കുമോ
പാപമോഹങ്ങൾക്കോ
സാദ്ധ്യം അല്ലേ അല്ല

3 ബന്ധുജനങ്ങൾക്കോ
പ്രലോഭനങ്ങൾക്കോ
ജീവനോ മരണത്തിനോ
സാദ്ധ്യം അല്ലേ അല്ല

# 208

കഷ്ടങ്ങളിലും പതറീടല്ലേ
കണ്ണുനീരിലും തളർന്നീടല്ലേ
ഞാനെന്നും നിന്റെ ദൈവം
നീയെന്നും എന്റേതാണേ (2)

1. നിന്റെ വിശ്വാസമോ ഭംഗം വരികയില്ല
അതു പ്രാപിച്ചിടും നിശ്ചയം
അതു പ്രാപിക്കുമ്പോൾ നഷ്ടം ലാഭമാകും
ദു:ഖം സന്തോഷമായി മാറും

2. നിന്നെ തകർക്കുവാനോ നിന്നെ മുടിക്കുവാനോ
അല്ലല്ല ഈ വേദന
നിന്നെ പണിതെടുത്ത് നല്ല പൊന്നാക്കുവാൻ
അല്ലയോ ഈ ശോധന

# 209

1 കടുകോളം വിശ്വാസത്താൽ
കഠിനമാം പ്രശ്നങ്ങളെ
തരണം ചെയ്തിടുമ്പോൾ
വിശ്വാസം വളർന്നിടുമേ

*വിശ്വാസം നിന്നിലുണ്ട്, കർത്താവു തന്നിട്ടുണ്ട്*
*ജയമുണ്ട്, വിടുതലുണ്ട്*
*ദൈവം പകർന്ന വിശ്വാസത്താലെ കൽപ്പിക്കുമ്പോൾ*
*പ്രതികൂലം മാറിപ്പോയിടും*
*ഓരോരോ പോരാട്ടത്തെ*
*ജയിച്ചു മുന്നേറുമ്പോൾ നിൻ*
*വിശ്വാസം വർദ്ധിച്ചിടുമെ*

## 206

1 അബ്രഹാമിൻ പുത്രാ നീ പുറത്തേക്കു വരിക
ദൈവം നിനക്കൊരുക്കിയ നന്മ കാൺക
പൊളിക്കുക നിൻ കൂടാരങ്ങളെ
ദൈവമഹത്വം കാൺക

*വിശുദ്ധിയും വേർപാടും പാലിക്ക നീ*
*യേശുവിൻ കൂടെ നടക്ക*
*പ്രാപിക്ക, പ്രാപിക്ക നീ തൻ കൂടെ*
*അളവില്ലാ അനുഗ്രഹങ്ങൾ*

2 അപ്പന്റെ അനുഗ്രഹം മക്കൾക്കവകാശം
അക്സായെപ്പോലതു പ്രാപിക്ക നീ
ആകയാൽ നിന്നുടെ ആവശ്യങ്ങൾ
ചോദിക്ക വിശ്വാസത്താൽ

3 ഈ ശരീരവും ആയുസ്സും മാത്രം
കർത്താവിൻ വയലിൽ അദ്ധ്വാനിക്കുവാൻ
അതിനായ് ധനവും ആരോഗ്യവും നീ
ചോദിക്ക വിശ്വാസത്താൽ

4 നിന്നെക്കുറിച്ചേശുവിനുണ്ടൊരു സ്വപ്നം
വൻ കരങ്ങളിൽ സ്വയം ഏൽപ്പിക്ക നീ
ഇടിക്കുന്നിടം വെടിഞ്ഞോടിപ്പോക
പണിയും നിന്നെ തമ്പുരാൻ

## 207

1 ആർക്കും സാദ്ധ്യമല്ല
യാതൊന്നിനും സാദ്ധ്യമല്ല
യേശുവിൻ സ്നേഹത്തിൽനിന്നും
എന്നെ വേർപിരിക്കാൻ

*പ്രതികൂലങ്ങൾ എത്ര വന്നെന്നാലും – അതിൻ*
*മീതെ നടന്നു ഞാൻ കടന്നു പോകും*
*ഒരു കൈയാൽ എൻ കണ്ണുനീർ തുടക്കും – ഞാൻ*
*മറു കൈയാൽ എൻ യുദ്ധം ചെയ്തിടും*
*യേശുവിൻ സ്നേഹത്തിൽ നിന്നൊരു നാളും*
*അകലുകയില്ല ഞാൻ*



ഞാൻ കുലുങ്ങുകില്ല ഒരു നാളും വീഴില്ല
എന്റെ യേശു എന്റെ കൂടെയുള്ളതാൽ

2. തകർക്കുന്നീ ദുഷ്ടഭുജത്തെ
ഉടക്കുന്നീ നീച പാത്രത്തെ
സീയോൻ പുത്രി ആർക്കുക എന്നും സ്തുതി പാടുക
നിന്റെ രാജരാജനെഴുന്നെള്ളാറായ്

## 48

കൃപ ലഭിച്ചോരെല്ലാം സ്തുതിച്ചീടട്ടെ
ദയ ലഭിച്ചോരെല്ലാം വാഴ്ത്തീടട്ടെ
ക്ഷമ ലഭിച്ചോരെല്ലാം സ്തുതിച്ചീടട്ടെ
നന്മ ലഭിച്ചോരെല്ലാം വാഴ്ത്തീടട്ടെ

*ആരാധന... ആരാധന... യാഹെന്ന ദൈവത്തിൻ ആരാധന*
*ആരാധന... ആരാധന... ആത്മാവിലും സത്യത്തിലും ആരാധന*

മമ്രേയുടെ തോപ്പിൽ ഇറങ്ങി വന്ന അബ്രഹാമിൻ ദൈവത്തിൻ ആരാധന
മോറിയ മലയിൽ നിറഞ്ഞുനിന്ന യിസഹാക്കിൻ ദൈവത്തിൻ ആരാധന

*ആരാധന... ആരാധന... യാഹെന്ന ദൈവത്തിൻ ആരാധന*
*ആരാധന... ആരാധന... ആത്മാവിലും സത്യത്തിലും ആരാധന*

യാബോക്കെന്ന കടവിൽ ഇറങ്ങി വന്ന യാക്കോബിൻ ദൈവത്തിൻ ആരാധന
കാരാഗൃഹത്തിൽ വീര്യപ്രവൃത്തിചെയ്ത യോസേഫിൻ ദൈവത്തിൻ ആരാധ

*ആരാധന... ആരാധന... യാഹെന്ന ദൈവത്തിൻ ആരാധന*
*ആരാധന... ആരാധന... ആത്മാവിലും സത്യത്തിലും ആരാധന*

മരുഭൂമിയിൽ മന്നാ ദാനം നൽകിയ യിസ്രായേലിൻ ദൈവത്തിൻ ആരാധന
കർമ്മേലെന്ന മലയിൽ അഗ്നി അയച്ച ഏലിയാവിൻ ദൈവത്തിൻ ആരാധന

*ആരാധന... ആരാധന... യാഹെന്ന ദൈവത്തിൻ ആരാധന*
*ആരാധന... ആരാധന... ആത്മാവിലും സത്യത്തിലും ആരാധന*

## 49

എന്റെ യേശു എനിക്കു നല്ലവൻ
അവനെന്നെന്നും മതിയായവൻ
ആപത്തിൽ രോഗത്തിൽ വൻ പ്രയാസങ്ങളിൽ
മനമെ അവൻ മതിയായവൻ എന്റെ

1. കാൽവറി മലമേൽ കയറി
മുൾമുടി ശിരസ്സിൽ വഹിച്ചു
എന്റെ വേദന സർവ്വവും നീക്കി എന്നിൽ
പുതുജീവൻ പകർന്നവനാം എന്റെ

2. അവനാദ്യനും അന്ത്യനുമേ
ദിവ്യ സ്നേഹത്തിനുറവിടമേ
പതിനായിരത്തിലതി ശ്രേഷ്ഠനവൻ
സ്തുത്യനാം വന്ദ്യനാം നായകൻ എന്റെ

3. മരുഭൂ യാത്ര അതികഠിനം
പ്രതികൂലങ്ങളനു നിമിഷം
പകൽ മേഘ സ്തംഭം രാത്രി അഗ്നി തൂണായ്
എന്നെ അനുദിനം വഴി നടത്തും എന്റെ

4. എന്റെ ക്ലേശമെല്ലാം നീങ്ങിപ്പോം
കണ്ണു നീരെല്ലാം തുടച്ചീടുമേ
അവൻ രാജാവായ് വാനിൽ വെളിപ്പെടുമ്പോൾ
ഞാൻ അവനിടം പറന്നുയരും. എന്റെ

## 50

1. എൻ പ്രിയനേ
യേശുവേ രക്ഷകാ
നിൻ കരമെൻമേൽ വയ്ക്ക
ശുദ്ധി ചെയ്കെന്നെ

*ഓ..... കർത്താവേ – നിൻ*
*അഗ്നി എന്നിൽ കത്തട്ടെ*
*അശുദ്ധി എല്ലാം ചാരമാകട്ടെ–ഞാൻ*
*തിളങ്ങുന്ന മുത്താകട്ടെ!*

2. എൻ ഹൃദയം
ചിന്തകൾ, ഇഷ്ടങ്ങൾ
വെൺമയായ് തീരട്ടെ
എന്റേതാം എല്ലാം ഓ. കർത്താവേ

3. എൻ കരങ്ങൾ
പാദങ്ങൾ, പാതകൾ
വെൺമയായ് തീരട്ടെ
എന്റേതാം എല്ലാം ഓ കർത്താവേ



പാടാം നമ്മെ മറന്നു നമ്മൾ
സ്തുതിക്കാം നാം യേശുരാജനെ (2)ഈ ഒരായുസ്സേ

1 നന്മക്കായ് മാത്രമേശു ചെയ്യുന്നെല്ലാം
കഷ്ടതയിൽ നമ്മെ താൻ കൈവിടുമോ
പാപങ്ങൾ എല്ലാം മോചിക്കുന്നു
രോഗങ്ങൾ എല്ലാം സുഖമാക്കുന്നു
ഹാലേലുയ്യാ ഹാലേലുയ്യാ
ഹാലേലുയ്യാ ഹാലേലുയ്യാ (2) ഈ ഒരായുസ്സേ

2 നിരാശപ്പെടാൻ കാര്യം പത്തുണ്ടെങ്കിൽ
ആനന്ദിക്കാനുള്ളതായിരങ്ങൾ (2)
കരഞ്ഞെന്തിനായുസ്സു പാഴാക്കുന്നു
സ്തുതിച്ചു നിൻ വിശ്വാസം വെളിവാക്കിടുക (2)
ഹാലേലുയ്യാ ഹാലേലുയ്യാ
ഹാലേലുയ്യാ ഹാലേലുയ്യാ (2) ഈ ഒരായുസ്സേ

## 205

1. എൻ ആശ ഒന്നേ നിൻ
കൂടെ പാർക്കേണം
എൻ ജീവ നാളെല്ലാം
നിന്നെ കാണേണം

*എൻ യേശുവേ എൻ പ്രിയനേ*
*നിൻ മാർവിൽ ഞാൻ ചാരുന്നപ്പാ*
*നിൻ കൈകൾ എന്നെ പുണരുന്നല്ലോ*
*ഒഴുകുന്നു നിൻ സ്നേഹം എന്നിൽ*
*നീ മാത്രമേ എന്റെ ദൈവം*
*ഇന്നും എന്നും എന്റെ ദൈവം*

2. നിൻ ഹൃത്തിൻ തുടുപ്പെന്റെ
നെഞ്ചിൽ കേൾക്കുന്നു
കരയേണ്ടാ ഇനി എന്നെൻ
കാതിൽ ചൊല്ലുന്നു

3. നിന്നോടു ചേർന്ന്
കുറേക്കൂടി ചേർന്ന്
നിൻ കാൽപ്പാടുകളിൽ
നടക്കും ഞാൻ എന്നും

b. You are my Saviour
You are my Healer
You are my Strength in need
You are my God

*I will worship you with all of my heart*
*I will seek your face all through my life*
*I will serve you Lord with all that I have* (2)
*Here I am......*
*Here I am Oh Lord* (4)

c. You are my Shepherd
You are my Comfort
You are my hiding place
You are my God

*I will worship you with all of my heart*
*I will seek your face all through my life*
*I will serve you Lord with all that I have* (2)
*Here I am*
*Here I am Oh Lord* (4)

## 203

Jesus Lamb of God
Worthy is your name (4)

1. You are my strength when I am weak
You are the treasure that I seek
You are my all in all

2. Seeking you as a precious jewel
Lord to give up I be a fool
You are my all in all (2)

## 204

ഈ ഒരായുസ്സേ നമുക്കുള്ളൂ സോദരാ
ദൈവത്തെ ആരാധിക്കാൻ
ഈ ഒരായുസ്സേ നമുക്കുള്ളൂ സോദരാ
ദൈവത്തിനായ് ജീവിക്കാൻ



4. എൻ കണ്ണുകൾ,
കാതുകൾ, ബന്ധങ്ങൾ
വെൺമയായ് തീരട്ടെ
എന്റേതാം എല്ലാം ഓ...കർത്താവേ

## 51

1. യേശുവിൻ സന്തതിയല്ലോ ഞാൻ
വിലനൽകി വീണ്ടെടുത്തെന്നെയവൻ
ലോകത്തിനോ അന്ധകാരത്തിനോ
അധീനനല്ല ഞാനിനിമേൽ

*ഇല്ലേ ഇല്ല, പിശാചിനു കാര്യം*
*എന്നിലില്ല അവനവകാശം*
*എനിക്കുള്ള യാതൊന്നിൻമേലും*
*അവനില്ല കാര്യമൊന്നും*
*അവനിടമോ തെല്ലുമില്ല എന്നിൽ*
*വസിക്കുന്നതോ സർവ്വശക്തൻ യേശു*
*ജയിക്കും ഞാൻ പരീക്ഷകളെല്ലാം*
*യേശുവിൻ കൂടെ വാഴും* (2)
*എന്നേശുവിൻ കൂടെ വാഴും*

2. അനുഗ്രഹം എന്റെ അവകാശം
യേശുവിൻ പൈതൽ അല്ലോ ഞാൻ
അനുഗമിക്കുന്നു ഞാൻ യേശുവിനെ
അനുഗ്രഹമോ അതു പിൻപേ വരും ഇല്ലേ ഇല്ല....

3. പ്രശ്നങ്ങളാകും പർവ്വതങ്ങൾ
എന്റെ മുന്നിൽനിന്നും മാറിപ്പോകും
ശത്രുക്കളാം ശാപരോഗങ്ങളും
എന്നേക്കുമായ് എന്നെ വിട്ടുപോകും ഇല്ലേ ഇല്ല....

## 52

എഴുന്നേൽക്ക എഴുന്നേൽക്ക
യേശുവിൻ നാമത്താൽ ജയമുണ്ട്
തോൽവിയില്ല ഇനി തോൽവിയില്ല
തോൽവിയെ കുറിച്ചുള്ള ചിന്തവേണ്ട

*എന്റെ ചിന്ത ജയം മാത്രം*
*എന്റെ ലക്ഷ്യം ജയം മാത്രം*

*എന്റെ വാക്കും ജയം മാത്രം*
*ദൈവം-നൽകും ജയം മാത്രം*

1. ശരീരമേ ജീവൻ പ്രാപിക്ക
കുറവുകൾ നീങ്ങി ജീവൻ പ്രാപിക്ക
നാഡീ ഞരമ്പുകൾ ജീവൻ പ്രാപിക്ക
യേശുവിൻ നാമത്തിൽ ജീവൻ പ്രാപിക്ക എഴുന്നേൽക്ക

2. ബന്ധങ്ങളെ ജീവൻ പ്രാപിക്ക
ബുദ്ധിശക്തിയേ ജീവൻ പ്രാപിക്ക
ധനസ്ഥിതിയേ ജീവൻ പ്രാപിക്ക
യേശുവിൻ നാമത്തിൽ ജീവൻ പ്രാപിക്ക എഴുന്നേൽക്ക

3. ശാപത്തിൻ നുകമേ തകർന്നു പോക
ഞെരുക്കത്തിൻ നുകമേ തകർന്നു പോക
സംശയത്തിൻ നുകമേ തകർന്നു പോക
യേശുവിൻ നാമത്തിൽ തകർന്നു പോക എഴുന്നേൽക്ക

## 53

*ഹാ ഹാ ഹാ ഹാ ലേലുയ്യ (4)*

1. പരിശുദ്ധൻ മഹോന്നത ദേവൻ
പരം എങ്ങും വിളങ്ങും മഹേശൻ
സ്വർഗ്ഗീയ സൈന്യങ്ങൾ വാഴ്ത്തി സ്തുതിക്കുന്ന
സ്വർലോക നാഥനാം മിശിഹാ ഹാ ഹാ... ഹാ ആമ്മീൻ

2. അവൻ അത്ഭുത മന്ത്രിയാം ദൈവം
നിത്യതാതനും വീരനാം ദൈവം
ഉന്നത ദേവൻ നീതിയിൻ സൂര്യൻ
രാജാധി രാജനാം മിശിഹാ ഹാ ഹാ

3. കോടാകോടിതൻ ദൂത സൈന്യവുമായ്
മേഘരൂഢനായി വരുന്നിതാ വിരവിൽ
തൻ പ്രിയ സുതരെ തന്നോടു ചേർപ്പാൻ
വേഗം വരുന്നേശു മശിഹാ ഹാ ഹാ

## 54

*വാഴെന്നിൽ സർവ്വശക്തനെ വാഴെന്നിൽ*
*ജീവനാം യേശുരക്ഷകാ വാഴെന്നിൽ* (2)



പാപവും എന്നുടെ ദു:ഖങ്ങളും
തിരുമുൻപിലേകുന്നു നാഥാ
അതിമോദം ഞങ്ങൾ പാടാം

*ആരാധന - ആരാധന*
*നാഥാ ആരാധന* (2)

## 202

1.. നീ എന്റെ സങ്കേതവും
നീ എന്റെ കോട്ടയും
നീ എന്റെ പ്രാണനാഥൻ
നീ എൻ ദൈവം

*ആരാധിക്കും ഞാൻ പൂർണ്ണ ഹൃദയമോടെ*
*തേടും നിൻ മുഖം ജീവ കാലമെല്ലാം*
*സേവിച്ചീടും ഞാൻ എൻ സർവ്വവുമായ്*
*അടിയനിതാ..* } (2)
*അടിയനിതാ.. ദേവാ..* (4)

2. നീ എന്റെ രക്ഷകനും
നീ എന്റെ വൈദ്യനും
നീ എന്റെ ആലംബവും
നീ എൻ ദൈവം

3. നീ എന്റെ പാലകനും
നീ എന്റെ ആശ്വാസവും
നീ എന്റെ മറവിടവും (2)
നീ എൻ ദൈവം

a. You are my refuge
You are my fortress
You are my friend in need
You are my God

*I will worship you with all of my heart*
*I will seek your face all through my life*
*I will serve you Lord with all that I have*
*Here I am.......* } (2)
*Here I am Oh Lord* (4)

നിനച്ചിടുന്നതിൽ അതിധന്യനായി
എത്ര അത്ഭുതമായ് പുലർത്തി (2)
തവ നന്മകൾ വാഴ്ത്തിടും ഞാൻ (അർഹി)

## 200

മാറിടാത്ത യേശുനാഥൻ മാറ്റും നിന്റെ വേദന
പാപത്താലും രോഗത്താലും കലങ്ങീടേണ്ട കടന്നു വാ...

*കടന്നു വാ... കടന്നുവാ...*
*യേശു നിന്നെ വിളിക്കുന്നു*

1. ലോകത്തിൻ ഭാരം ചുമക്കും
യേശുവിങ്കൽ നീ കടന്നു വാ
തളർന്ന നിന്റെ
അന്തരാത്മ ക്ലേശം നീക്കും കടന്നു വാ... കടന്നു വാ..

2. ലോകബന്ധം കൈവെടിയും
ദ്രോഹിച്ചു നിന്നെ പുറം തള്ളും
പാവനൻ തൻ സ്നേഹത്തോടെ
അരികിലുണ്ട് കടന്നു വാ... കടന്നു വാ...

## 201

ആരാധനയ്ക്കേറ്റം യോഗ്യനായവനെ
അനശ്വരനായ തമ്പുരാനെ (2)
അങ്ങേ സന്നിധിയിൽ അർപ്പിക്കുന്നീ കാഴ്ചകൾ (2)
അവിരാമം ഞങ്ങൾ പാടാം

*ആരാധന – ആരാധന*
*നാഥാ ആരാധന* (2)

1. ഈ തിരുവോസ്തിയിൽ കാണുന്നു ഞാൻ
ഈശോയേ നിൻ ദിവ്യരൂപം
ഈ കൊച്ചുജീവിതമേകുന്നു ഞാൻ
ഈ ബലിവേദിയിലെന്നും
അതിമോദം ഞങ്ങൾ പാടാം

*ആരാധന – ആരാധന*
*നാഥാ ആരാധന* (2)

2. ഈ നിമിഷം നിനക്കേകീടാനായ്
എൻ കൈയ്യിലില്ലൊന്നും നാഥാ



1. ഞാനിതാ എൻ പ്രാണനെ
തൃക്കൈയിൽ ഏൽപ്പിക്കുന്നു
രാജനാം യേശുവിനായ്
എന്നെ സമർപ്പിക്കുന്നു... (വാഴെന്നിൽ...)

2. കണ്ണീരിൽ കനിയേണമേ
തൃപ്പാദം കുമ്പിടുന്നു
ശാശ്വതഭുജങ്ങളാൽ
എന്നെ നയിച്ചീടുക... (വാഴെന്നിൽ...)

## 55

ഇത്രത്തോളം ജയം തന്ന ദൈവത്തിനു സ്തോത്രം
ഇതുവരെ കരുതിയ രക്ഷകനു സ്തോത്രം (2)
ഇനിയും കൃപതോന്നി കരുതീടണേ
ഇനിയും നടത്തണേ തിരുഹിതം പോൽ (2)

1. നിന്നതല്ല നാം ദൈവം നമ്മെ നിർത്തിയതാം
നേടിയതല്ല ദൈവമെല്ലാം തന്നതല്ലേ
നടത്തിയ വിധങ്ങൾ ഓർത്തിടുമ്പോൾ
നന്ദിയോടെ നാഥനു സ്തുതിപാടിടാം ഇത്രത്തോളം

2. സാദ്ധ്യതകളോ അസ്തമിച്ചു പോയിടുമ്പോൾ
സോദരങ്ങളോ അകന്നങ്ങു മാറിടുമ്പോൾ
സ്നേഹത്താൽ വീണ്ടെടുക്കും യേശുനാഥൻ
സകലത്തിലും ജയം നൽകുമല്ലോ ഇത്രത്തോളം.....

3. ഉയർത്തില്ലെന്നു ശത്രുഗണം വാദിക്കുമ്പോൾ
തകർക്കുമെന്ന് ഭീതിയും മുഴക്കിടുമ്പോൾ
പ്രവൃത്തിയിൽ വല്യവൻ യേശുനാഥൻ
കൃപനൽകും ജയഘോഷമുയർത്തിടുവാൻ ഇത്രത്തോളം

## 56

ഇമ്പം പകരുന്ന കൂട്ടായ്മ തങ്ങളിൽ
പങ്കുവയ്ക്കുന്ന കുടുംബമാകാം
ലോകർക്ക് സാന്ത്വനം ഏകുവാൻ ഭൂമിയിൽ
സ്വർഗ്ഗം ചമയ്ക്കും കുടുംബമാകാം

1. ത്യാഗാത്മകമാം ദൈവസ്നേഹത്തിൻ
വർണ്ണം വിടർത്തും കുടുംബമാകാം

ബന്ധങ്ങളെ നിത്യം നവ്യമാക്കിടുന്ന
വിശ്വാസയാത്രയിൽ മുന്നേറിടാം ഇമ്പം പകരുന്ന

2. വിശ്വസിച്ചേകമായ് പ്രാർത്ഥനചെയ്യുന്ന
അന്യോന്യമറിയും കുടുംബമാകാം
അനുഭവങ്ങൾ ജീവിതാദർശമെല്ലാം
തമ്മിൽ പകർന്നു സായൂജ്യമേകാം... ഇമ്പം പകരുന്ന

## 57

Sing Hallelujah to the Lord ***(2)***
Sing Hallelujah ***(2)***
Sing Hallelujah to the Lord
Jesus has risen from the dead …
Jesus has conquered sin and death …
Jesus is seated on the throne …
Jesus is Lord of heaven and earth …
Jesus is coming again …
Praise be to God for ever more…..
Sing Hallelujah to the Lord….

## 58

യേശുവിൻ സേനകൾ നാം
ജയം നമുക്കുണ്ടല്ലോ
യേശുവിൻ പ്രിയമക്കൾ നാമല്ലോ
ജയം നമുക്കുണ്ടല്ലോ

1. നിന്നെ തൊടുന്നവരോ നിന്നെയല്ല
ദൈവത്തിൻ കൺമണിയെ തന്നെ തൊടുന്നു
സർവ്വശക്തൻ എഴുന്നേൽക്കുന്നു നിനക്കായ്
പുകപോലെ ചിതറുന്നു വൈരികളും

*ഇതു സൈന്യത്താലെയല്ല ശക്തിയാലെയല്ല*
*ദൈവത്തിന്റെ ആത്മശക്തിയാലത്രെ*

2. ആശക്കുവകയില്ല എന്നു നിനക്കേണ്ട
നിന്നെ മെനഞ്ഞവൻ നിനക്കുണ്ടുകൂടെ



3. മുത്തുമയമായ് വിളങ്ങും പട്ടണമാണത്.
പുത്തനെറുശലേം പുരം തത്രശോഭിതം
വീഥി സ്വച്ഛസ്ഫടിക തുല്യം തങ്കനിർമ്മിതമാം
പട്ടണമതിന്റെ ഭംഗി വർണ്ണ്യമല്ലഹോ- ഭംഗി (അല്പ)

4. നാടുവിട്ടു വിടുവിട്ടു നാമധേയ കൂട്ടം വിട്ടു
കാഠിന്യമാം ശോധനയിൽ യാനം ചെയ്തോരായ്
കൂടി ഒന്നായ് വാഴാൻ വാഞ്ചിച്ചെത്ര നാളായ്
കാരുണ്യവാൻ പണികഴിച്ച കൊട്ടാരം തന്നിൽ -ആ- (അല്പ)

5. പാവനമാം പട്ടണത്തിലാരു കടന്നിടും
പാപമറ്റ ജീവിതം നയിച്ചവരല്ലോ
നീതിയായ് നടന്നു നേർ പറഞ്ഞു മന്നിൽ
പാതിവ്രത്യമുള്ള മണവാട്ടി മാത്രമേ - മണ (അല്പ)

## 199

അർഹിക്കാത്തതാം എത്ര നന്മകൾ
എനിക്കേകി നീ പരനേ-
നന്ദിയോടെ ഞാൻ തിരുസന്നിധേ
സ്തുതി ഗീതങ്ങളാലപിയ്ക്കും

1. ചൂരച്ചെടിത്തണലിൽ ഏലിയാവെന്ന പോൽ
ആശയറ്റു ഞാൻ മരുവുന്നേരം ... (2)
എന്നെ വിളിച്ചുണർത്തി ദിവ്യ ഭോജ്യമേകി
ദൗത്യവാഹകനായുയർത്തി (2)
ധന്യസാക്ഷിയായ് ജീവിക്കും ഞാൻ (അർഹി)

2. അത്തിമരത്തലപ്പിൽ സക്കായ് ഒളിച്ചതുപോൽ
പാപകൂപത്തിലമർന്ന നേരം (2)
എന്നെ തേടിവന്നു സ്നേഹമായ് വിളിച്ചു
എന്റെ ഖേദങ്ങൾ തീർത്തവൻ നീ (2)
എന്റെ ഭവനത്തിൽ പാർത്തവൻ നീ (അർഹി)

3. നന്മ വെടിഞ്ഞവനാം ധൂർത്ത പുത്രനെപ്പോൽ
സ്വാർത്ഥ പാതയിലലഞ്ഞവൻ ഞാൻ (2)
ക്ലേശ പൂർണ്ണതയിൽ അനുതാപമോടെ
താതൻ ഭവനത്തിലണഞ്ഞ നേരം (2)
ദിവ്യസ്നേഹത്താലെതിരേറ്റതാൽ. (അർഹി)

4. പ്രതികൂലങ്ങളിൽ നല്ല സ്നേഹിതനായ്
ഇത്രത്തോളം നീ നടത്തി (2)

## 197

ആശിസ്സാം മാരിയുണ്ടാകും
ആനന്ദ വാഗ്ദത്തമേ
മേൽ നിന്നു രക്ഷകൻ നൽകും
ആശ്വാസ കാലങ്ങളെ

*ആശിസ്സാം മാരി*
*ആശിഷം പെയ്യണമേ*
*കൃപകൾ വീഴുന്നു ചാരി*
*വൻമഴ താ ദൈവമേ*

2. ആശിസ്സാം മാരിയുണ്ടാകും
വീണ്ടും നൽ ഉണർവ്വുണ്ടാം
കുന്നുപള്ളങ്ങളിൽമേലും
വൻമഴയിൽ സ്വരം കേൾ — ആശി

3. ആശിസ്സാം മാരിയുണ്ടാകും
ഹാ കർത്താ ഞങ്ങൾക്കും താ
ഇപ്പോൾ നിൻ വാഗ്ദത്തമോർത്തു
നൽവരം തന്നിടുക — ആശി

1. ആശിസ്സാം മാരിയുണ്ടാകും
എത്ര തന്നിന്നു പെയ്കിൽ
പുത്രന്റെ പേരിൽ തന്നാലും
ദൈവമേ ഇന്നേരത്തിൽ — ആശി

## 198

അല്പകാലം മാത്രം ഈ ഭൂവിലെ വാസം
സ്വർപ്പൂരമാണെന്റെ നിത്യമാം വീട്- — എന്റെ

1. എൻ പ്രയാണകാലം നാലുവിരൽ നീളം
ആയതിൽ പ്രതാപം കഷ്ടതമാത്രം
ഞാൻ പറന്നുവേഗം പ്രിയനോടു ചേരും
വിൺമഹിക പ്രാപിച്ചെന്നും വിശ്രമിച്ചിടും-എന്നും — (അല്പ)

2. പാളയത്തിന്നപ്പുറത്തു കഷ്ടമേൽക്കുക നാം
പാടുപെട്ടു യേശുവിന്റെ നിന്ദ ചുമക്കാം
നിൽക്കും നഗരം ഇല്ലവിടെ പോർക്കളത്തിലത്രേ നാം
നിൽക്ക വേണ്ട പോർ പൊരുതൂ യാത്ര തുടരാം- വേഗം
(അല്പ)



സൃഷ്ടിക്കുമവൻ കുറവായുള്ളതെല്ലാം
ഏൽപ്പിക്ക തൻ കയ്യിൽ സകലത്തെയും

*ഇതു സൈന്യത്താലെയല്ല ശക്തിയാലെയല്ല*
*ദൈവത്തിന്റെ ആത്മശക്തിയാലത്രെ*

3. കഷ്ടതയുണ്ടത് സ്ഥിരമല്ലെന്നറിക
നൊടി നേരം കൊണ്ടതു നീങ്ങിടുമല്ലോ
പരിഹാരമുണ്ടെല്ലാ ശോധനകൾക്കും
സർവ്വ ശക്തൻ നിനക്കരികിലുണ്ട്

*ഇതു സൈന്യത്താലെയല്ല ശക്തിയാലെയല്ല*
*ദൈവത്തിന്റെ ആത്മശക്തിയാലത്രെ*

## 59

കൃപ മതി യേശു നാഥാ - തവ
കൃപ മതി എന്നുമെന്നും
ബലഹീന വേളകളിൽ
ബലം നൽകും കൃപ മതിയേ

1. കൃപയാൽ പുതുജീവൻ നല്കി
കൃപയാൽ എന്നെ സൗഖ്യമാക്കി
കൃപയാൽ എന്നെ തിരഞ്ഞെടുത്തു
കൃപയാൽ എന്നെ നടത്തീടുന്നു.

2. നിനക്കാത്ത വേദനകൾ
നിനയാത്ത നേരങ്ങളിൽ
നീങ്ങിപ്പോകും തവ കൃപയാൽ
നിന്റെ കൃപയെത്ര അത്ഭുതമേ

3. മദ്ധ്യവാനിൽ വന്നീടുമ്പോൾ
മഹാശബ്ദം കേട്ടീടുമ്പോൾ
മമ കണ്ണുകൾ കണ്ടീടുമേ
മഹാ കൃപയാൽ ചേർത്തീടുമേ

## 60

കർത്തനെ വാഴ്ത്തി വാഴ്ത്തി വണങ്ങി
എന്നെന്നേക്കുമവനെ സ്തുതിച്ചീടുവിൻ

1. അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത്
സ്തോത്രഗീതം പാടി പുകഴ്ത്തുവിൻ രാജരാജനെ
ഏകനായ് മഹാത്ഭുതങ്ങൾ ചെയ്തിടുന്നോനെ 2 കർത്തനെ

2. ചെങ്കടൽ പിളർന്നു നല്ല തുവർ നിലമാക്കി
ശങ്കയന്യേ തൻ ജനത്തെ നടത്തിയോനെ
മിസ്രയീം സൈന്യത്തെ ന്യായം വിധിച്ചവനെ 2 കർത്തനെ.

3. തീക്കൽ പാറയതിൽ നിന്നും യിസ്രായേലിന്
വാഗ്ദത്തത്തിൻ ജീവജലം കൊടുത്തവനെ
ശക്തന്മാരിൽ ഭോജനത്താൽ പോഷിപ്പിച്ചോനെ 2 കർത്തനെ.

4. അവൻ നല്ലവനെന്നാർത്തു പാടി പുകഴ്ത്തീടുവിൻ
തന്റെ സ്നഹമാധുരിമയെന്നും രുചിച്ചീടുവിൻ
ശുദ്ധ കൈകളുയർത്തിപ്പരനെ സ്തുതിപ്പിൻ 2 കർത്തനെ.

## 61

എന്താനന്ദം എനിക്കെന്താനന്ദം പ്രിയ യേശുവിൻ കൂടെയുള്ള വാസം
ചിന്താതീതം അതു മനോഹരം എന്തു സന്തോഷമാം പുതുജീവിതം
സന്താപമേറുമീ ലോകെ ഞാനാകിലും സാന്ത്വനം തരും ശുഭം

ഒന്നും കണ്ടിട്ടല്ല എൻ ജീവിതാരംഭം വിശ്വാസകാൽചുവടിലത്രേ
തന്നിടുന്നേ സ്വർഗ്ഗ ഭണ്ഡാരത്തിൽ നിന്നും ഒന്നിനും മുട്ടില്ലാത്തവണ്ണം
ആശക്കെതിരായ് ആശയോടെ വിശ്വസിക്കുകിൽ എല്ലാം സാദ്ധ്യം

ആരു വെറുത്താലും ആരുചെറുത്താലും കാര്യമില്ലെന്നുള്ളം ചൊല്ലുന്നു
കൂടെ മരിപ്പാനും കൂടെ ജീവിപ്പാനും കൂട്ടായ് പ്രതിജ്ഞാബന്ധം ചെയ്തോർ
കൂട്ടത്തോടെ വിട്ടുപോയ് വിട്ടാലും കൂട്ടായ് യേശുഎനിക്കുള്ളതാൽ

ആരു സഹായിക്കും ആരു സംരക്ഷിക്കും എന്നുള്ള ഭീതി എനിക്കില്ല
തീരെ ബലഹീനനായ് കിടന്നാലും ചാരും ഞാനേശുവിന്റെ മാർവ്വിൽ
എത്തും സഹായമത്യത്ഭുതമാം വിധം തൊട്ടു സുഖപ്പെടുത്തും

ക്രിസ്തീയ ജീവിത മഹാത്മ്യം കണ്ടവർ ക്രിസ്തുവിനെ വിട്ടുപോയിടുമോ
സുസ്തിരമല്ലാത്ത ലോകസ്നഹത്തിനാൽ വ്യർത്ഥരായ് തീരുന്നതെന്തിന്
കർത്തനാമേശുവോടൊത്തു നടക്കുകിൽ നിത്യാനന്ദം ലഭ്യമേ



## 195

എന്റെ ദൈവം അറിയാതെ
എനിക്കൊന്നും ഭവിക്കയില്ല
ദോഷങ്ങളാലെന്നെ പരീക്ഷിക്കില്ല
നന്മയ്ക്കായെല്ലാം നൽകീടുന്നു.

1. കഷ്ടതകൾ പെരുകിടുമ്പോൾ
എനിക്കാശ്വാസം അധികം തരും
മനസ്സലിവുള്ളവൻ മനുവേലൻ
മനം തകർന്ന എന്നെ സൗഖ്യമാക്കി എന്റെ

2. വിശ്വാസത്തിൻ പരിശോധന
വിലയേറിടും കർത്തൃസവിധേ
വിജയം നൽകിടുമെന്റെ ജീവനാഥൻ
വിലകൊടുത്തു എന്നെ വാങ്ങിയതാൽ എന്റെ

## 196

ദൈവത്തിൻ പുത്രനാം യേശുഭൂജാതനായ്
സ്നേഹിപ്പാൻ ക്ഷമിക്കുവാൻ സൗഖ്യം നൽകീടുവാൻ
ജീവിച്ചു മരിച്ചവൻ എന്നെ രക്ഷിപ്പാനായ്
ഇന്നും ജീവിക്കുന്നവനെന്നെ കരുതാൻ

*താൻ വാഴ്കയാൽ ആകുലമില്ല നാളയെ ഓർത്ത്*
*ഭീതിയില്ല ഭാവിയെല്ലാം തൻ കൈയ്യിലെന്നോർത്താൽ*
*ഹാ എത്ര ധന്യമീയെൻ ലോകജീവിതം*

1. ആധിവേണ്ടാ ആശ്രയമേകാൻ
തൻ കരങ്ങൾ പിൻപിലുണ്ട്
തൻ വഴികൾ സമ്പൂർണ്ണമല്ലോ
ദോഷമായൊന്നും താതൻ ചെയ്കയില്ലല്ലോ

2. അനാഥനല്ല ഞാൻ അശരണനല്ല ഞാൻ
അവകാശിയാണു ഞാൻ പരദേശിയാണു ഞാൻ
അത്യുന്നതൻ.. തൻ തിരുമാർവ്വിൽ
നിത്യവും ചാരിടും ഞാനെത്രമോദമായ്

## 193

രക്ഷകനേ നിനക്കു കീർത്തനം അനന്തം

1. തിരുരക്തം ചൊരിച്ചു തിന്മപെട്ട എന്നെ നീ
പരന്നു വീണ്ടെടുത്ത മാ പക്ഷ കൃപകൾക്കുമേ — രക്ഷ

2. മരിച്ചു ഞാൻ കിടന്നേൻ നാറി ഉരുവഴിഞ്ഞേൻ
തിരിച്ചുയിർ ശക്തിസുഖം തന്ന പ്രിയൻ യേശുവേ — രക്ഷ

3. കുരുടനായ് ഇരുന്നേൻ തൊട്ടു കാഴ്ച തന്നു നീ
നിറഞ്ഞ കുഷ്ഠം പാപത്തെ നീക്കി ശുദ്ധി നൽകി നീ — രക്ഷ

4. നീതി ശുദ്ധി ബോധം നിന്തിരു നൽരൂപം
ചേതസ്സിൽ കല്പിച്ചു തന്നു ദിവ്യകൃപക്കടലാം — രക്ഷ

5. തിരുരക്തത്താലെൻ തിന്മ കുറ്റം മായിച്ചു
പരജീവ പുസ്തകത്തിലെഴുതിയെൻ നാമം നീ — രക്ഷ

6. ഇനി പിഴയ്ക്കാതെ എന്നും നടത്തീടാൻ
കനിഞ്ഞു നിന്നാവി നിത്യം കൂടെ വസിച്ചീടേണം — രക്ഷ

## 194

ഞാൻ പാടും യേശുവേ നിനക്കായെന്നും
സ്തോത്രത്തോടെ എന്നും പുകഴ്ത്തിടും ഞാൻ
എൻ വിശ്വാസമേശുവിൽ മാത്രം
എന്റെ രക്ഷിതാമവൻ തന്നെ

1. ചെങ്കടൽപോൽ ശത്രു ചുറ്റും ആർത്തിരമ്പിയാൽ
ധൈര്യഹീനനായിടാതെ യേശുവിൽ മാത്രം
കൈ പിടിച്ചു നടന്നീടിൽ തമ്പുരാൻ എന്നും
ശത്രുവിൻമേൽ ജയം നേടാൻ കൃപയേകുമേ — ഞാൻ പാടും

2. എന്നെ വീണ്ടെടുത്തു എന്നും ജീവിക്കുന്നവൻ
അവനെന്റെ പരിചയും കോട്ടയും തന്നെ
അല്പ വിശ്വാസം വെടിഞ്ഞു ശക്തരായിടാൻ
വചനമാം പാൽ കുടിച്ചു വളർത്തീടേണം — ഞാൻ പാടും

3. സാത്താനെന്നെ കീഴ്പ്പെടുത്താൻ പോർ വിളിക്കുമ്പോൾ
തകർത്തിടും ഞാനവന്റെ കോട്ടകളെല്ലാം
ബലവാനായ് കൂട്ടിനെന്റെ നാഥനാമേശു
ശക്തനാക്കാൻ എല്ലാ നാളും മതിയായവൻ — ഞാൻ പാടും



# സമർപ്പണം

## 62

ഇന്നു നീ ഒരിക്കൽക്കൂടി ദൈവവിളി കേട്ടല്ലോ

രക്ഷിതാവു സ്നേഹത്തോടെ കാത്തിരിക്കുന്നുണ്ടല്ലോ
ഇന്നുതന്നെയേശു നിന്നെ രക്ഷിപ്പാനായ് കാക്കുന്നു
ഭയം വേണ്ട ശങ്കിക്കേണ്ട വാ അവങ്കൽ നീയിന്ന്

എത്രനാൾ വൃഥാവായ് ഓടി മനുഷ്യാ നിൻ ജീവിതം

ലോകത്തിന്റെ ഇമ്പം തേടിക്കഴിച്ചു നീ ഈ വിധം.. ഇന്നു

കൈക്കൊള്ളാതെ തള്ളുമെന്ന് ഒട്ടു വേണ്ട സംശയം
രക്ഷിതാവു നിന്നെയിന്നു സ്വന്തമാക്കി തീർത്തിടും.. — ഇന്നു

## 63

കർത്തൻ നീ ... കർത്തൻ നീ
മരണത്തെ ജയിച്ചെഴുന്നേററവൻ
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശുമാത്രം കർത്താവെന്ന്

1. സ്തുതിയും സ്തോത്രവും
എന്നും സ്വീകരിക്കാൻ യോഗ്യനായോൻ നീ
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശുമാത്രം കർത്താവെന്ന്

2. കുഞ്ഞാടെ വാഴ്ത്തുവിൻ
അവൻ ജീവൻ നൽകി വീണ്ടെടുത്തല്ലോ
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശുമാത്രം കർത്താവെന്ന്

## 64

ഞാൻ വരുന്നു ക്രൂശിങ്കൽ സാധു, ക്ഷീണൻ, കുരുടൻ
സർവ്വവും എനിക്കെച്ചിൽ പൂർണ്ണ രക്ഷ കാണും ഞാൻ

*ശരണം എൻ കർത്താവേ വാഴ്ത്തപ്പെട്ട കുഞ്ഞാടേ!*
*താഴ്മയായ് കുമ്പിടുന്നു രക്ഷിക്ക എന്നെയിപ്പോൾ*

1. വാഞ്ഛിച്ചു നിന്നെ എത്ര! ദോഷം വന്നെന്നിൽ എത്ര!
ഇമ്പമായ് ചൊല്ലുന്നേശു ഞാൻ കഴുകീടും നിന്നെ... — ശരണം

2. മുററും ഞാൻ തരുന്നിതാ ഭൂനിക്ഷേപം മുഴുവൻ
ദേഹം ദേഹി സമസ്തം എന്നേക്കും നിന്റേതു ഞാൻ...

3. യേശു വന്നെന്നാത്മാവേ നിറയ്ക്കുന്നു പൂർത്തിയായ്
സുഖമെന്നും പൂർണ്ണമായ് മഹത്വം കുഞ്ഞാട്ടിനു... ശരണം

4. എന്നാശ്രയം യേശുവിൽ വാഴ്ത്തപ്പെട്ട കുഞ്ഞാട്ടിൽ
താഴ്മയായ് കുമ്പിടുന്നു രക്ഷിക്കുന്നിപ്പോളേശു... ശരണം.

## 65

ഇത്ര നൽ രക്ഷകാ യേശുവേ
ഇത്രമാം സ്നേഹം നീ തന്നതാൽ
എന്തു ഞാൻ നൽകിടും തുല്യമായ്
ഈ ഏഴയെ നിൻ മുമ്പിൽ യാഗമായ്

1. രോഗങ്ങൾ ദുഃഖങ്ങൾ പീഢകളെല്ലാം
ഈ ജീവിതെ വന്നിടും വേളയിൽ
ദൂതന്മാർ കാവലായ് വന്നപ്പോൾ
കണ്ടു ഞാൻ ക്രൂശിലെ സ്നേഹമെ (ഇത്ര....)

2. ഈ ലോകത്തിൻ നിന്ദകൾ ഏറിവന്നാലും
മാറല്ലേ മാറായിൻ നാഥനെ
എന്നു നീ വന്നിടും മേഘത്തിൽ
അന്നു ഞാൻ ധന്യനായ് തീർന്നിടും (ഇത്ര....)

3. അനുഗ്രഹത്തോടെ ഇപ്പോൾ
അയയ്ക്കാ അടിയാരെ യഹോവായേ
മനസ്സലിവുടയ മഹോന്നത പരനേ
വന്ദനം നിനക്കാമ്മേൻ (2)

## 66

ദൈവപിതാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
ജീവനും എന്റെ സർവ്വസ്വവും നിൻ
മുമ്പിലണച്ചു കുമ്പിടുന്നു

1. യേശുവേ നാഥാ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
ജീവനും എന്റെ സർവ്വസ്വവും നിൻ
മുമ്പിലണച്ചു കുമ്പിടുന്നു



2. അത്ഭുതമാർന്നതാം ഈപ്രപഞ്ചം
നിൻകരചര ചാതുര്യം വർണ്ണിക്കുന്നു.
മൺമയ മർത്യനിൽ ജീവശ്വാസം നൽകി
നിർമ്മിച്ച നിൻ രൂപത്തിൽ... പരിശുദ്ധ

3. സൃഷ്ടികൾക്കെല്ലാം അധിപനാക്കി
മർത്യനു ധന്യമാം മാനം നൽകി
മഹിമയും തേജസ്സും അണിയിച്ചുപാലിക്കും
ആരാധ്യ വന്ദിതൻ നീ... പരിശുദ്ധ

4. ആത്മാവിൻ ദീപവും ജ്ഞാനവും നീ
ആശ്രിതർക്കെന്നും മോക്ഷവും നീ
സത്യവും ജീവനും മാർഗ്ഗവും ആയവൻ
നിത്യനാം ദൈവവും നീ... പരിശുദ്ധ

## 192

ദൈവമേ ത്രിയേകനെ
നിൻ സവിധേ ഞാൻ വരുന്നു ദൈവ...

1. അപ്പൻ തൻമക്കളിൽ കാരുണ്യംപോൽ
ഇപ്പാപിയാമെന്നെ ദർശിക്കണേ
പുത്രന്മൂലം നിൻ സവിധേ
എത്തണമെ എന്റെ യാചനകൾ ദൈവ...

2. സ്വർഗ്ഗസ്ഥലത്തിന്നനുഗ്രഹത്താൽ
നിത്യം നിറയ്ക്കാമെന്നോതിയോനെ
സത്യവഴി യേശുവേ നീ
നിത്യതയിലേക്കു വാതിലും നീ ദൈവ...

3. ജല്പനം ചെയ്യുവാനല്ല ഞങ്ങൾ
ഹൃദ്യമായ് നിന്നിൽ ലയിച്ചീടുവാൻ
ആത്മാവാൽ- ഏകമായ് നിൻ
സാന്നിദ്ധ്യം തേടിവരുന്നു ഞങ്ങൾ ദൈവ...

4. രോഗിക്കു സൗഖ്യപ്രദായകൻ നീ
പാപിക്കു രക്ഷയും നീതിയും നീ
ആത്മാവിനാൽ അത്യന്തമായ്
ശക്തീകരിച്ചു നയിപ്പതും നീ ദൈവ...

1. അയയ്ക്കണേ നാഥാ നിയോഗമേകി
നിനക്കായ് പോകാൻ ഒരുക്കിടുക
എവിടെയാണെങ്കിലും നിൻ ഹിതം മാത്രം
നിറവേറ്റുവാനായ് അനുവദിക്കൂ.... (കൊയ്ത്തു....)

2. കണ്ണീരിൽ വിതച്ചു ആർപ്പോടെ കൊയ്യാം
ആത്മാവിൻ വിളകൾ കൊയ്തെടുക്കാം
നീതിയിൽ വിതച്ചു സമാധാനം കൊയ്യാം
നീതിയിൻ സൂര്യനെ എതിരേൽക്കാം (കൊയ്ത്തു....)

3. ചെന്നായ്ക്കൾ നടുവിൽ കുഞ്ഞാടുപോലെ
എല്ലാം മറന്നു നിൻ വേല തികയ്ക്കാം
ആശീർവദിക്കൂ ഏഴയാം എന്നെയും
നിറയ്ക്കുവാൻ വിളവുകൾ കളപ്പുരയിൽ (കൊയ്ത്തു....)

## 190

കാഹളം ധ്വനിച്ചിടാറായ് പ്രിയനേശു വന്നിടാറായ് (2)

1. ദൂതർ സംഘമൊത്ത് വിശുദ്ധരോടു ചേർന്ന് (2)
വീണ്ടെടുപ്പിൻ ഗാനം പാടും നാം
അന്നു വീണ്ടെടുപ്പിൻ ഗാനം പാടും നാം

2. ആത്മാവിനാലൊരുങ്ങാം ആ നല്ല നാളിനായ് (2)
വരവിൻ നാളുകൾ അടുത്തുപോയി
ഉണർവ്വോടെന്നും ഒരുങ്ങിടാം (2)

3. വിശ്രമ നാടതിൽ നാം യേശുവിൻ കൂടെയെന്നും (2)
ആമോദമായ് എത്ര സന്തോഷമായ്
വസിച്ചീടുമേ സ്വർഗ്ഗ നാടതിലായ് (2)

## 191

ത്രിയേക ദൈവത്തിൻ മാഹാത്മ്യങ്ങൾ
ധ്യാനിച്ചു വാഴ്ത്തി വണങ്ങീടുവിൻ
സ്തുതിയും പുകഴ്ചയും യോഗ്യമാം നാമം
ആത്മാവിലാരാധിപ്പിൻ

*പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ നീ*
*പതിനായിരങ്ങളിൽ അതിശ്രേഷ്ഠൻ നീ*
*പരകോടികൾക്കെന്നും ആശ്വാസം നീ*
*പരമോന്നതാ നിന്നെ വാഴ്ത്തും ഞങ്ങൾ*



2. പാവനാത്മാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
ജീവനും എന്റെ സർവ്വസ്വവും നിൻ
മുമ്പിലണച്ചു കുമ്പിടുന്നു

## 67

യേശുവേ രക്ഷാ ദായകാ ! നിന്റെ സന്നിധേ വരുന്നു
എന്റെ പാപഭാരവുമായ് ! വല്ലഭാ ഏകു രക്ഷയേ. യേശു

1. ഉന്നതി വെടിഞ്ഞവനേ മന്നിൽ താണു വന്നവനേ (2)
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ ജീവനെ തന്നത് (2) യേശു

2. ശാപരോഗമേററവനെ
പാപമായി തീർന്നവനേ (2)
എനിക്കായിട്ടല്ലയോ
ക്രൂശിങ്കൽ ദാഹിച്ചു കേണത് (2) യേശു

3. എന്റെ രോഗം നീ വഹിച്ചു
എന്റെ ശാപം നീക്കിയല്ലോ (2)
നിനക്കായിട്ടെന്നെന്നും
ഞാനിനി ജീവിക്കും നിശ്ചയം (2) യേശു

4. സ്വീകരിക്ക എന്നെയിന്ന്
ആത്മദേഹി ദേഹത്തേയും (2)
തരുന്നു നിൻ കൈകളിൽ
തീർക്ക എന്നെ നിന്റെ ഹിതംപോൽ (2) യേശു

## 68

ജയം ജയം ഹല്ലേലുയ്യാ ജയം ജയം എപ്പോഴും
യേശുനാഥൻ നാമത്തിനു ജയം ജയം എപ്പോഴും

1. പാപത്തേയും രോഗത്തേയും ക്രൂശിന്മേൽ താൻ വഹിച്ചു
സാത്താനേയും സൈന്യത്തേയും കാൽവറിയിൽ തോൽപ്പിച്ചു

2. ശത്രുഗണം ഒന്നാകവേ ചെങ്കടലിൽ മുങ്ങിപ്പോയ്
വൈരിയുടെ എതിർപ്പുകൾ ഫലിക്കയില്ലിനിമേൽ

3. വാദ്യാഘോഷങ്ങളോടു നാം ജയത്തിന്റെ പാട്ടുകൾ
ആഘോഷമായ് പാടീടുക ശുദ്ധിമാന്മാർ സഭയിൽ

4. രക്തംകൊണ്ട് മുദ്രയിടപ്പെട്ട ജനമൊന്നിച്ചു
കാഹളങ്ങൾ ഊതിടുമ്പോൾ ഭൂതലം വിറയ്ക്കുമേ

5. തകർക്കുന്ന രാജരാജൻ സൈന്യത്തിന്റെ മുമ്പിലായ്
നായകനായുള്ളതിനാൽ ജയം ജയം നിശ്ചയം

6. ഹല്ലേലുയ്യാ ! ഹല്ലേലുയ്യാ ! ഹല്ലേലുയ്യാ ! ജയമേ
ഹല്ലേലുയ്യാ ! ഹല്ലേലുയ്യാ ! ഹല്ലേലുയ്യാ ! ആമേൻ

## 69

All to Jesus I surrender
All to Him I freely give
I will ever love and trust Him
In his presence daily live

*I surrender all, I surrender all*
*All to Thee my blessed saviour*
*I surrender all*

All to Jesus I surrender
Humbly at His feet I bow
Worldly pleasures all forsaken
Take me Jesus, take me now. I surrender all

All to Jesus I surrender
Make me Saviour, wholly Thine
May thy Holy Spirit fill me
May I know thy pow'r devine.. I surrender all

All to Jesus I surrender
Lord I give myself to Thee
Fill me with Thy love and power
Let Thy blessing fall on me I surrender all

## 70

രക്ഷിതാവിനെ കാൺക പാപീ !
നിന്റെ പേർക്കല്ലയോ ക്രൂശിന്മേൽ തൂങ്ങുന്നു

1. കാൽവറി മലമേൽ നോക്കു നീ
കാൽകരം ചേർന്നിതാ ആണിമേൽ തൂങ്ങുന്നു

2. ധ്യാനപീഠമതിൽ കയറി
ഉള്ളിലെ കണ്ണുകൾ കൊണ്ടു നീ കാണുക



*ഭയമെന്തിനെൻ മനമേ*
*കരുതും വല്ലഭൻ കൂടെയുണ്ട്*

1. വഴിതെറ്റിപ്പോയി ഞങ്ങൾ
വചനത്തിൻ പൊരുൾ ഗ്രഹിച്ചില്ല
കാണാതെ പോയവരെങ്കിലും നമ്മേ
തേടി രക്ഷിച്ചു നാഥൻ (ഭയമെന്തിനെൻ)

2. പാപത്തിൻ വഴിയിൽ ഞങ്ങൾ
ആത്മാവിനെ നഷ്ടമാക്കി
ശാപത്തിൻ കുഴിയിൽ വീണവർ നമ്മെ
കരംനൽകി ഉയർത്തി നാഥൻ (ഭയമെന്തിനെൻ)

3. ലോകസുഖം തേടി ഞങ്ങൾ
ദൈവത്തിൻ വിളി ശ്രവിച്ചില്ല
സ്നേഹിക്കാനാരുമില്ലെങ്കിലും നമ്മെ
മാറോടണയ്ക്കും നാഥൻ (ഭയമെന്തിനെൻ)

## 188

യേശു എന്റെ കരം പിടിച്ചു
പാപങ്ങൾ പോക്കിയെന്നെ സ്വീകരിച്ചു (2)
ഈ ലോകേ നടക്കുവാൻ കരുത്തുതന്നു
എന്റെ നാവിൽ പുതിയൊരു പാട്ടുതന്നു (2) യേശു......

1. വേദവാക്യങ്ങളെൻ കൂട്ടാളിയായ്
എന്നെന്നും പ്രാർത്ഥിപ്പാൻ എന്നോടു ചൊല്ലി
യേശുവിൻ സ്നേഹം ഞാനറിഞ്ഞു
അനുദിനം കരുണകൾ രുചിച്ചറിഞ്ഞു (2) യേശു..

2. ജീവന്റെ വചനങ്ങളെൻ വഴികാട്ടിയായ്
വിശ്വാസം പ്രത്യാശ സ്നേഹമായ് തീർന്നു (2)
യേശുവിൻ സ്വരം ഞാൻ കേട്ടറിഞ്ഞു
അവനെ ഞാൻ എന്നെന്നും സ്തുതിച്ചീടുന്നു (2) യേശു......

## 189

കൊയ്ത്തു വളരെയുണ്ട് വേലക്കാരോ വിരളം
കൊയ്ത്തിനുപോകാം കറ്റകൾ കെട്ടാം
തളർന്നു പോകാതെ വിളവെടുത്തീടാം
കർത്തൻ വരവിനായ് ഒരുങ്ങീടാം

തൻമുഖം ദർശിച്ചവർ വിശ്വാസം കൈക്കൊണ്ടവർ
രക്ഷിതഗണത്തിൽ ആർപ്പിടും (എല്ലാ നാവും)

3. ആമേൻ ആമേൻ ആർത്തിടും ദൈവദൂതന്മാർ
മദ്ധ്യേനാമും കൂടിടും മദ്ധ്യാകാശത്തിൽ
ജയഗീതം പാടിടും പ്രിയൻകൂടെ വാണിടും
കണ്ണീരില്ല സ്വർഗ്ഗനാടതിൽ (എല്ലാ നാവും)

## 186

യാചിപ്പിൻ തരുമെന്നരുളിയോൻ
യാചന നിരസിക്കില്ല
ചോദിപ്പിൻ നല്കുമെന്നരുളിയോൻ
ആവശ്യം നിരസിക്കില്ല

1. കണ്ണുനീരിൻ വീഥികളിൽ
ഏകനായ് ഞാൻ വലയുമ്പോൾ
കരയേണ്ട എന്നരുളിയോൻ
ഹാഗാറിൻ നിലവിളികേട്ടവൻ
എന്റെ പ്രാർത്ഥന നിരസിക്കില്ല (യാചിപ്പിൻ)

2. കൂരിരുളിൻ താഴ്വരയിൽ
ഏകനായ് ഞാൻ നടന്നാലും
ഭയം വേണ്ട എന്നരുളിയോൻ
ഏലിയാവിൻ പ്രാർത്ഥനകേട്ടവൻ
എന്റെ യാചന നിരസിക്കില്ല. (യാചിപ്പിൻ)

3. രോഗിയായ് ഞാൻ തളർന്നാലും
ക്ഷീണിതനായ് വലഞ്ഞാലും
കൈവിടില്ല എന്നരുളിയോൻ
യിസ്രായേലിൻ നിലവിളി കേട്ടവൻ
എന്റെ ആവശ്യം നിരസിക്കില്ല (യാചിപ്പിൻ)

## 187

അവസാനത്തോളം കരുതാമെന്നോതി
വിളിച്ചവൻ നീ മാത്രമേ
വീഴ്ചയിൽ എന്നും താങ്ങിടുമെന്ന്
വാക്കുതന്നതും നീയെ



3. പാപത്തിൽ ജീവിക്കുന്നവനെ
നിന്റെ പേർക്കല്ലയോ തൂങ്ങുന്നീ രക്ഷകൻ

4. തള്ളുക നിന്റെ പാപമെല്ലാം
കള്ളമേതും നിനയ്ക്കണ്ടാ നിന്നുള്ളിൽ

5. ഉള്ളം നീ മുഴുവൻ തുറന്നു
തള്ളയാ മേശുവിൻ കയ്യിലേൽല്പിക്ക നീ


## വെളിപ്പാടു 3:20 –21

ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും. ജയിക്കുന്നവന്നു ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും; ഞാനും ജയിച്ചു എന്റെ പിതാവിനോടു കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതു പോലെ തന്നേ. ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.

FIND TIME TO VISIT:
http://lordsmanna.org

# വചന ശുശ്രൂഷ

## 71

യേശുവിൻ തിരുപ്പാദത്തിൽ ഇരുന്നു കേൾക്ക നാം
തന്റെ വിശുദ്ധ വാക്യത്തിൽ നമ്മുടെ ജീവനാം
യേശുവിൻ സുവിശേഷം ദിവ്യമാം ഉപദേശം

*കേൾക്കുക നാം കാക്കുക നാം*
*ജീവന്റെ വാക്യങ്ങൾ*

1. ദൈവവചനം ജീവനും ശക്തിയും ആകയാൽ
ആത്മരക്ഷയുണ്ടേവനും ഉള്ളത്തിൽ കൈകൊണ്ടാൽ
ആത്മമരണം മാറും നീതിയിലവൻ വാഴും... കേൾക്കുക

2. അന്ധനു കാഴ്ച നൽകുവാൻ വചനം മാർഗ്ഗമാം
സത്യത്തിൽ അതു കാക്കുവാൻ സ്വർഗ്ഗത്തിൻ ദാനമാം
ഒഴിയുവാൻ നിത്യനാശം കാലിനൊരു പ്രകാശം... കേൾക്കുക

3. സത്യദൈവത്തിൻ ഭക്തന്മാൻ വചനം കാക്കയാൽ
സൽപ്രവർത്തിക്കു ശക്തന്മാർ ആകുന്നു നാൾക്കു നാൾ
ദൈവമുഖപ്രസാദം നിത്യം അവർക്കാഹ്ളാദം... കേൾക്കുക

4. ലോകവും അവസാനിക്കും വാനവും ഇല്ലാതാം
ദൈവവാക്കു പ്രമാണിക്കും ഭക്തനോ നിത്യമാം
വാട്ടം മാലിന്യം നാശം ഇല്ലാത്തോരവകാശം... കേൾക്കുക

## 72

തിരുക്കരത്താൽ വഹിച്ചു എന്നെ
തിരുഹിതം പോൽ നടത്തേണമേ
കുശവൻ കൈയ്യിൽ കളിമണ്ണു ഞാൻ
അനുദിനം നീ പണിയേണമേ (02)

1. നിൻവചനം ധ്യാനിക്കുമ്പോൾ
എൻ ഹൃദയം ആശ്വസിക്കും
കൂരിരുളിൻ താഴ്വരയിൽ
ദീപമതാൽ നിൻ മൊഴികൾ

2. ആഴിയതിൽ ഓളങ്ങളാൽ
അലഞ്ഞിടുമ്പോൾ എൻ പടകിൽ



3. ഉള്ളതുപോലെന്റെയുള്ളം അറിയുന്നവൻ
ഊനമെന്യേ പ്രതിദിനം നടത്തുന്നവൻ
ഉറ്റവർ ഉപേക്ഷിച്ചാലും ഉന്നതനെൻനല്ലിടയൻ
ഉർവ്വിയിലെൻ ശരണമവൻ (എൻ മനം...)

## 184

എന്റെ ദൈവമോ എന്റെ ബുദ്ധിമുട്ടെല്ലാം
തന്റെ മഹത്വത്തിന്റെ ധനത്തിനാലെ തീർത്തുതന്നീടും
നാളെയെക്കൊണ്ടെന്റെമനസ്സിൽ ഭാരമേറുന്ന ഏതു
നേരമെല്ലാം തൻ വചനം ധൈര്യം തന്നീടും

1. ലോകത്തിന്റെ താങ്ങുകൾ നീങ്ങിപ്പോകുമ്പോൾ
സ്വർഗ്ഗത്തിന്റെ താതനെന്റെ കൂടെവന്നീടും
പ്രാപ്തി തന്നീടും തൃപ്തിതന്നീടും
പച്ചയായ പുൽപ്പുറം ഒരുക്കിതന്നീടും എന്റെ ദൈവ.

2. നേടിയ നന്മകൾ ഏറെയല്ലയോ
നഷ്ടമായതൊന്നും ഏതും സാരമില്ലല്ലോ
ഞാനുറയ്ക്കുന്നു വിശ്വാസമേറിടുന്നു
എന്നെ പോറ്റിടുവാനേശു ശക്തനായവൻ എന്റെ ദൈവ.....

3. ആരിൽ ഞാൻ വിശ്വാസമർപ്പിച്ചീടുന്നുവോ
അവനെൻ ഉപനിധി കാത്തുകൊള്ളുമെന്നറിയുന്നു
ഭാവിയെ ഓർത്തു വിചാരമേറിടാൻ
കാര്യമില്ലെന്നെൻ മനസ്സിൽ ധൈര്യമേറുന്നു എന്റെ ദൈവ.....

## 185

എല്ലാനാവും വാഴ്ത്തിടും ഹല്ലേലുയ്യാ പാടിടും
വല്ലഭൻ പൊന്നേശുവേക്കൊണ്ടാടിടും
നല്ലവനായില്ലിഹെ തുല്യമൊന്നു ചൊല്ലുവാൻ
അല്ലൽ തീർക്കും രക്ഷാദായകൻ

1. സ്വർപ്പൂരം വെടിഞ്ഞവൻ സർവ്വേശാത്മജൻ
മർത്യസ്നേഹം പൂണ്ടതാൽ ദാസവേഷമായ്
ക്രൂശിൻയാഗത്തോളവും താതനിഷ്ടം ചെയ്കയാൽ
സർവ്വലോകർ വാഴ്ത്തും നായകൻ (എല്ലാ നാവും)

2. നിത്യജീവദായകൻ സർവ്വമാർഗ്ഗം താൻ
നീതിയിൻ പ്രകാശമാം ഏകരക്ഷകൻ

*കനലായ് നാവിൽ വരണേ നാഥാ*
*തണലായ് വെയിലിൽ വരണേ.....വീണ്ടും*

1. സ്വാർത്ഥതയിൽ നിറഞ്ഞന്ധരായ് ജീവിത-
പാതകൾ താണ്ടുന്നു ഞങ്ങൾ
നിൻവെളിച്ചം നൽകു സൗഖ്യമാക്കൂ.....ഇന്നീ
ഹൃദയങ്ങളെ തൊടണേ.....ഇന്നീ
ഹൃദയങ്ങളെ തൊടണേ വഴിയും സത്യവും

2. വ്യർത്ഥമാം യാഗവും കാഴ്ചയും നേദിച്ച്
എത്രദിനം മാഞ്ഞുപോയി
നിൻ വെളിച്ചം നൽകൂ ശക്തരാക്കൂ ഇന്നീ
ഹൃദയങ്ങളെ തൊടണേ.....ഇന്നീ
ഹൃദയങ്ങളെ തൊടണേ വഴിയും സത്യവും

3. ആർത്തരായ് മേവുന്നനാഥരാം ഏഴകൾ
ക്കാശ്രയമേകാതെ ഞങ്ങൾ
നിൻ വെളിച്ചം നൽകൂ ശിഷ്യരാക്കൂ ഇന്നീ.....
ഹൃദയങ്ങളെ തൊടണേ.....ഇന്നീ
ഹൃദയങ്ങളെ തൊടണേ വഴിയും സത്യവും

## 183

കർത്താവറിയാതെ
എനിക്കൊന്നും ഭവിക്കയില്ല-എന്റെ
കർത്താവറിയാതെ
എനിക്കൊന്നും ഭവിക്കയില്ല

*എന്മനം തകർന്നിടുമ്പോൾ*
*സാന്ത്വനവചനമേകി*
*നൽസഖിയായ് ചാരെയുള്ള* കർത്താവറിയാതെ

1. കൂരിരുളിൻ താഴ്വരയിലേകനായാലും
കാട്ടുചെന്നായ് കൂട്ടമെന്നെ എതിർത്തെന്നാലും
ദാനിയേലിൻ ദൈവമിന്നും ജീവിക്കുന്ന എന്റെ ദൈവം
ആകയാൽ ഞാൻ ഭയപ്പെടില്ല (എൻ മനം...)

2. ഒരിക്കലും കൈവിടില്ലെന്നരുളിയവൻ
ഓരോനാളും കൂടെയുണ്ടെന്നോതിയവൻ
കഷ്ടനഷ്ട ശോധനയിൽ രോഗദുഃഖവേളകളിൽ
പുതുബലം പകരുന്നവൻ (എൻ മനം...)



എന്റെ പ്രീയൻ യേശുവുണ്ട്
ചേർന്നിടുമേ ഭവനമതിൽ

3. അവൻ നമ്മുക്കായ് ജീവൻ നൽകി
ഒരുക്കിയല്ലോ വലിയ രക്ഷ
ദൃഷ്ടികളാൽ കാണുന്നു ഞാൻ
സ്വർഗ്ഗ കനാൻ ഭവനമതിൽ

## 73

പ്രാർത്ഥനയ്ക്കുത്തരം നൽകുന്നോനെ
നിന്റെ സന്നിധിയിൽ ഞാൻ വരുന്നേ
സ്വർഗ്ഗീയനുഗ്രഹഭണ്ഡാരത്തിൽ
വാതിൽ തുറക്കണമേ

*കേൾക്കണേ എൻ പ്രാർത്ഥന*
*നൽകണേ എൻ യാചന* (02)

1. പുത്രന്റെ നാമത്തിൽ ചോദിക്കുമ്പോൾ
ഉത്തരം തരുമെന്നരുളിയോനെ
നീക്കം വരാത്ത നിൻ വാഗ്ദത്തമെൻ
പേർക്കു നീ തന്നുവല്ലോ കേൾക്കണേ

2. വചനമെന്നാത്മാവിൽ ദാഹം തീർപ്പാൻ
അരുളുക ദാസരിൽ വരമധികം
പകരുക ആത്മാവിൽ തിരുശക്തിയാൽ
നിറയുവാൻ നിൻ ജനങ്ങൾ കേൾക്കണേ

3. പാപവും രോഗവും അകററീടുമാം
രുധിരത്തിൻ അത്ഭുത ശക്തിയിന്ന്
അറിയുവാനിവിടെ വിശ്വാസത്തിന്റെ
ഹൃദയങ്ങൾ തുറക്കേണമേ കേൾക്കണേ

## 74

പ്രാർത്ഥന കേൾക്കണമേ !
കർത്താവേ എൻ യാചന നൽകണമേ

1. പുത്രന്റെ നാമത്തിൽ ചോദിക്കും കാര്യങ്ങൾക്കുത്തരം തന്നരുളാ
മെന്നുള്ളൊരു വാഗ്ദത്തംപോൽ ദയവായ് ... പ്രാർത്ഥന

2. താതനും മാതാവും നീയെനിക്കല്ലാതെ ഭൂതലം തന്നിലില്ലേ
വേറാരുമെന്നാതങ്കം നീക്കിടുവാൻ ... പ്രാർത്ഥന

3. നിത്യതയിൽ നിന്നുള്ളത്യന്തസ്നേഹത്താൽ ശത്രുതയെ അകററി
എനിക്കു നീ പുത്രത്വം തന്നതിനാൽ ... പ്രാർത്ഥന

4. സ്വന്തകുമാരനെ ആദരിയാതെന്മേൽ സിന്ധുസമം കനിഞ്ഞ
സംപ്രീതിയോർത്തന്തികെ ചേർന്നിരുന്നേൻ. പ്രാർത്ഥന

5. ഭൃത്യരനേകരിൽ പ്രാർത്ഥന കേട്ടു നീ ഉത്തരം നൽകിയതോ
ർത്തത്യാദരം തൃപ്പാദം തേടിടുന്നേൻ ... പ്രാർത്ഥന

6. കള്ളന്റെ യാചന കേട്ടുള്ളലിഞ്ഞ നിൻ തുല്യമില്ലാദയയോ
ർത്തിതാവന്നേൻ നല്ലവനേ സദയം ... പ്രാർത്ഥന

7. യേശുവിൻ മൂലമെൻ യാചന നൽകുമെന്നാശയിൽ കെഞ്ചിടുന്നേ
അല്ലാതെന്നിൽ ലേശവും നന്മയില്ലേ ... പ്രാർത്ഥന

എന്നാൽ
ഇപ്പോഴെങ്കിലും നിങ്ങൾ
പൂർണ്ണഹൃദയത്തോടും
ഉപവാസത്തോടും കരച്ചലോടും
വിലാപത്തോടുംകൂടെ എങ്കലേക്കു
തിരിവിൻ എന്നു യഹോവയുടെ
അരുളപ്പാടു.

**യോവേൽ : 2:12**



അവൻ തണലിൽ ഞങ്ങൾ വസിച്ചിടുന്നു
ഹല്ലേലുയ്യാ.........(2) പാടിടാം (4)

1. പ്രത്യാശയോടെ നാം ജീവിച്ചിടാം
സത്യവചനത്തിൽ നാം ആരാധിക്കാം (2)
വിദ്വേഷം വെടിഞ്ഞ് ആരാധിക്കാം
ഒരുക്കത്തോടെ നമുക്കാരാധിക്കാം (2)
ഹല്ലേലുയ്യാ.........(2) പാടിടാം (4)

2. ത്രിയേക ദൈവത്തിൽ സമർപ്പിച്ചിടാം
ആത്മാവിൻ സത്യത്തിൽ നാം ആരാധിക്കാം (2)
ദയയുള്ള ദൈവത്തെ ആരാധിക്കാം
ദേവാധിദേവനെ ആരാധിക്കാം (2)
ഹല്ലേലുയ്യാ.........(2) പാടിടാം (4)

## 181

എന്റെ യാചനകൾ കേൾക്കുവാൻ
എന്റെ യാതനകൾ കാണുവാൻ
നിരന്തരമായുള്ള ദുരിതങ്ങൾ തീർക്കുവാൻ
സർവ്വശക്താ നീയല്ലാതാരുമില്ല

1. ആഴിയിൽ അലകൾ അലറിയടുത്താലും
ആടി ഉലയും ജീവിതനൗക ഇളകിമറിഞ്ഞാലും
അകലെ നിൻ ദീപം മാടിവിളിക്കും
അരികത്തണഞ്ഞീടുവാൻ (എന്റെ....)

2. കൂരിരുൾ താഴ്വരേ ഉഴറി നടന്നാലും
ആശ്രയം തേടി അന്ധതമസ്സിൽ അലഞ്ഞുവലഞ്ഞാലും
അരികിലായെത്തും സാന്ത്വനശബ്ദം
ഇടയൻ കൂടെയുണ്ട് (എന്റെ....)

## 182

വഴിയും സത്യവും നീയായിരുന്നിട്ടും
വഴിതെറ്റിപ്പോയവർ ഞങ്ങൾ
അഭയം നൽകുന്നോരിടയനായിട്ടും
അരികിൽ വരാത്തവർ ഞങ്ങൾ

*വഴിയായ് ഇരുളിൽ വരണേ നാഥാ*
*മഴയായ് മരുവിൽ വരണേ വീണ്ടും*

3. എന്നുള്ളം തണുപ്പിക്കും അനുദിനം നയിക്കും
നീതിയിൻ പാതകളിൽ (2)
ശത്രുവിൻ മുമ്പാകെ എനിക്കായ് മൃഷ്ടഭോജ്യം ഒരുക്കുന്നവൻ
എണ്ണകൊണ്ടെൻ ശിരസഖിലം അഭിഷേകം ചെയ്തിടുന്നവൻ സ്തുതി

4. നന്മയും കരുണയും അനുദിനമെന്നെ
ആയുസ്സിൽ അനുഗമിക്കും (2)
ദീർഘകാലം വസിച്ചീടും ഞാൻ യഹോവയിൻ ആലയത്തിൽ
എന്നുമെന്നും ആരാധിച്ചീടും ഹല്ലേലുയ്യാ ഗീതം പാടിടും സ്തുതി

## 179

ഉയർത്തീടുന്നേ ഞങ്ങൾ ഉയർത്തീടുന്നേ
ഉന്നതനാം യേശുനാമം ഉയർത്തീടുന്നേ (2)

1. എല്ലാനാളും കൂടെയുണ്ടെന്നുരച്ചവനെ
എല്ലാനാവും തിരുനാമമുയർത്തീടുന്നേ
എന്നുമെന്നെ കരുതുന്ന പ്രിയതാതൻ
എനിക്കായി സകലവുമൊരുക്കീടുന്നേ

*ഹല്ലേലുയ്യാ പാടി പുകഴ്ത്തിടുന്നേ*
*വല്ലഭനാം യേശുനാമം ഉയർത്തീടുന്നേ* ഉയർത്തീടുന്നേ

2. മഹിമയിൽ വാഴുന്ന പരമസുതൻ
മന്നിടത്തിൽ നമുക്കായി ജീവിക്കുന്നു
മനുജനായവതരിച്ചേശു പരൻ
മാനവർക്കായ് തിരുനിണമൊഴുക്കിയല്ലോ ഹല്ലേലുയ്യാ
ഉയർത്തീ

3. സ്വന്തമായിട്ടൊന്നുമിഹേയെനിക്കുവേണ്ടാ
സ്വന്തമായി നീ മതിയേ യേശുദേവാ
സ്വർപുരത്തിൽ വാസം ചെയ്യും പരിശുദ്ധനേ
സ്വർഗ്ഗവാതിലെനിക്കായും തുറന്നീടണേ..... ഹല്ലേലുയ്യാ
ഉയർത്തീ

## 180

ആരാധിക്കുന്നു ഞങ്ങൾ ആരാധിക്കുന്നു
ക്രിസ്തേശുരാജനെ ആരാധിക്കുന്നു
വസിച്ചിടുന്നു ഞങ്ങൾ വസിച്ചിടുന്നു



# മദ്ധ്യസ്ഥ പ്രാർത്ഥന

## 75

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവമെന്നെ നടത്തി
ഒന്നുമില്ലായ്കയിൽ നിന്നെന്നെ ഉയർത്തി
ഇത്രത്തോളം യഹോവ സഹായിച്ചു (2)

1. ഹാഗാറിനെപ്പോലെ ഞാൻ കരഞ്ഞപ്പോൾ
യാക്കോബിനെപ്പോലെ ഞാൻ അലഞ്ഞപ്പേൾ (2)
മരുഭൂമിയിൽ എനിക്ക് ജീവജലം തന്നെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു (2)

2. ഏകനായ് നിന്ദ്യനായ് പരദേശിയായ്
നാടും വീടും വിട്ട് ഞാൻ അലഞ്ഞപ്പോൾ (2)
സ്വന്തനാട്ടിൽ ചേർത്തുകൊള്ളാം എന്നുരച്ച് നാഥനെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു (2)

3. കണ്ണുനീരും ദുഃഖവും നിരാശയും
പൂർണ്ണമായ് മാറിടും ദിനം വരും
അന്നു പാടും ദൂതർ മദ്ധ്യേ ആർത്തു പാടും ശുദ്ധരും
ഇത്രത്തോളം യഹോവ സഹായിച്ചു (2)

## 76

കരുതുന്നവൻ ഞാനല്ലയോ
കലങ്ങുന്നതെന്തിനു നീ
കണ്ണുനീരിന്റെ താഴ്വരയിൽ
കൈവിടുകയില്ല ഞാൻ നിന്നെ (2)

1. എന്റെ മഹത്വം കാണുക നീ
എന്റെ കയ്യിൽ തരിക നിന്നെ
എന്റെ ശക്തി ഞാൻ നിന്നിൽ പകർന്നു
എന്നും നടത്തിടും കൃപയിൽ (കരുതു...)

2. എല്ലാവരും നിന്നെ മറന്നാൽ
ഞാൻ നിന്നെ മറന്നീടുമോ
എന്റെ കരത്തിൽ നിന്നെ വഹിച്ചു
എന്നും നടത്തീടും ധരയിൽ (കരുതു...)

3. അബ്രഹാമിന്റെ ദൈവമല്ലയോ
അത്ഭുതങ്ങൾ ചെയ്കയില്ലയോ
ചെങ്കടലിലും വഴി തുറക്കാൻ
ഞാനിന്നും ശക്തനല്ലയോ (കരുതു...)

## 77

എന്റെ ദൈവമെന്നും വിശ്വസ്തൻ തന്നെ
എന്റെ ദൈവമെന്നും അനന്യൻ തന്നെ (2)
വാഗ്ദത്തം തന്നവൻ വാക്കു മാറാത്തവൻ
വലം കരത്താൽ എന്നെ വഴി നടത്തും

1. കണ്ണുനീർ താഴ്വരയിൽ നടന്നാൽ
കഷ്ടങ്ങൾ നഷ്ടങ്ങൾ ഏറി വന്നാൽ (2)
കണ്ണുനീരെല്ലാം തുടച്ചീടുമേ
കരം പിടിച്ചെന്നെ നടത്തീടുമേ (വാഗ്ദത്തം)

2. രോഗങ്ങളാൽ ഞാൻ വലഞ്ഞിടുമ്പോൾ
ഭാരങ്ങളാൽ മനം നീറിടുമ്പോൾ (2)
അടിപ്പിണരാൽ അവൻ സൗഖ്യം തരും
വചനമയച്ചെന്നെ വിടുവിച്ചിടും (2) (വാഗ്ദത്തം)

3. ശത്രുവെനിക്കെതിരായ് വന്നിടുമ്പോൾ
ശക്തിയില്ലാതെ ഞാൻ വലഞ്ഞിടുമ്പോൾ (2)
ശത്രുവിൻ വഴിയെ തകർത്തിടുവാൻ
ശക്തി അവനെന്നിൽ പകർന്നീടുമേ (വാഗ്ദത്തം)

## 78

നന്ദിയാലെന്നുള്ളം തിങ്ങുകയാൽ
സ്തോത്രത്തിൻ പല്ലവി പാടീടും ഞാൻ
എണ്ണമില്ലാ തവ നന്മകൾക്കായ്
എണ്ണിയെണ്ണി സ്തുതി പാടീടും ഞാൻ

*ഹല്ലേലുയ്യാ പാടീടും ഞാൻ*
*യേശുവിന്റെ സന്നിധിയിൽ ജീവകാലം*
*ആരാധിക്കും ഉന്നതനെ നിത്യകാലം*
*ആത്മാവിലും സത്യത്തിലും നിത്യകാലം*

2. ആവശ്യഭാരങ്ങളേറിടുമ്പോൾ
ആർത്തനായുള്ളം കലങ്ങീടുമ്പോൾ



## 177

യഹോവ നിന്റെ കഷ്ടകാലത്തിൽ
നിനക്കു സഹായം നൽകിടട്ടെ
യാക്കോബിൻ ദൈവം തിരുക്കരത്താൽ
നിന്നെ അനുദിനം നടത്തിടട്ടെ

*ആശ്രയിക്കാം തൻ ഭുജബലത്തിൽ*
*ആരാധിക്കാം പരിശുദ്ധനെ*
*ആശ്വാസദായകൻ ആരിലും ഉന്നതൻ*
*ആരാധനയ്ക്കു യോഗ്യൻ താൻ*

1. നിന്റെ പ്രാർത്ഥനയ്ക്കുത്തരം അരുളുമവൻ
സ്ത്രോത്രയാഗങ്ങളിൽ പ്രസാദിച്ചീടും
നിന്റെ ക്ലേശമെല്ലാം നീങ്ങിടും
നിത്യസന്തോഷം നിനക്കേകിടും ആശ്രയിക്കാം...

2. നിന്റെ നിലവിളി കേട്ടവൻ വിടുതൽ നൽകും
പാപശാപങ്ങൾ രോഗങ്ങൾ നീക്കിടും താൻ
നിന്റെ അകൃത്യമെല്ലാം മോചിക്കും
സ്വർഗ്ഗസൗഭാഗ്യം നിനക്കേകിടും ആശ്രയിക്കാം...

## 178

സ്തുതിപ്പിൻ സ്തുതിപ്പിൻ സ്തുതിപ്പിൻ
യഹോവയെ സ്തുതിപ്പിൻ
വരുവിൻ വണങ്ങിൻ വന്ദിപ്പിൻ

*ആരാധിച്ചാർത്തീടുവിൻ*
*സ്തുതിമംഗളം ജയമംഗളം യേശുമഹേശന്*
*ആരാധന ആരാധന ദേവാധിദേവന്*

1. യാഹെന്ന ദൈവമെന്നിടയനായുള്ളതാൽ
യാതൊരു കുറവുമില്ല (2)
പച്ചയായ പുൽപ്പുറങ്ങളിൽ മെച്ചമായി കിടത്തുന്നെന്നെ
സ്വസ്ഥമാം ജലത്തിനരികിൽ സ്വസ്ഥതയും നൽകീടുന്നവൻ സ്തുതി.

2. കൂരിരുൾ താഴ് വരയതിൽ നടന്നാലും
യാതൊരു ഭയവുമില്ല (2)
എന്നുമെന്നും എന്നോടുകൂടെ എന്നിടയൻ വസിച്ചിടുന്നു
തൻവടിയും കോലുമത് എന്നുമെന്നിൽ നൽകുന്നാശ്വാസം സ്തുതി.

ജീവമന്നാ തന്നു നിന്നെ പോറ്റീടുവാൻ
യിസ്രായേലിൻ ദൈവമുള്ളതാൽ മനമേ...

2. സിംഹക്കുഴിയിൽ വീണുപോയെന്നാലും
അഗ്നികുണ്ഠത്തിൽ അകപ്പെട്ടു പോയാലും
അതിശയകരമായ് നിന്നെ വിടുവിച്ചിടാൻ
യിസ്രായേലിൻ ദൈവമുള്ളതാൽ മനമേ...

3. തിരമാലകൾ ആർത്തിരമ്പി വന്നാലും
കൊടുങ്കാറ്റടിച്ചു പടകുലഞ്ഞെന്നാലും
അമരത്തിരുന്നു നിന്നെ നയിച്ചീടുവാൻ
യിസ്രായേലിൻ ദൈവമുള്ളതാൽ മനമേ...

## 176

ആരാലും അസാദ്ധ്യം എന്നു പറഞ്ഞ്
സ്നേഹിതരേവരും മാറിപ്പോയിടും
പ്രത്യാശയില്ലാത്ത വാക്കു പറഞ്ഞ്
പ്രിയരെല്ലാവരും മാറിപ്പോയീടും

*ഭയപ്പെടേണ്ട ദൈവ പൈതലേ*
*അബ്രഹാമിൻ ദൈവം നിന്റെ കൂടെയുണ്ട്*
*ഭ്രമിച്ചിടേണ്ടാ ദൈവ പൈതലേ*
*ഇസഹാക്കിൻ ദൈവം നിന്റെ കൂടെയുണ്ട്*

1. വാക്കു പറഞ്ഞവൻ വിശ്വസ്തനായവൻ
മാറാതെപ്പോഴും നിൻ ചാരെയുണ്ട്
അബ്രഹാം ഇസഹാക്ക് യാക്കോബെന്നിവരെ
അനുഗ്രഹിച്ചവൻ കൂടെയുണ്ട് ഭയപ്പെടേണ്ട...

2. മാറായിൽ കൈപ്പിനെ മാധുര്യമാക്കിയ
മാറ്റമില്ലാത്തൊരു ദൈവമല്ലോ
മരുഭൂമിയിൽ മന്ന ദാനമായ് നൽകി
മക്കളെപ്പോറ്റിയ ദൈവമല്ലോ ഭയപ്പെടേണ്ട...

3. മോറിയാമലയിലെ യാഗഭൂമിയതിൽ
കുഞ്ഞാടിനെ തന്ന ദൈവമവൻ
ഇസഹാക്കിൻ ദൈവം കരുതിടും ദൈവം
ഇന്നലെയും ഇന്നും മാറാത്തവൻ ഭയപ്പെടേണ്ട...



ആവൽ തീർത്താനന്ദമേകിയോൻ താൻ
ആശ്വാസ ദായകനേശു പരൻ (2) (ഹല്ലേലുയ്യാ......)

3. കർത്താവറിയാതെയില്ലായൊന്നെൻ
ജീവിതയാത്രയിൽ ചൊല്ലുവാനായ്
നീറിടും ശോധന വേളകളിൽ
നീക്കുപോക്കേകി പുലർത്തിടും താൻ (ഹല്ലേലുയ്യാ......)

4. മരണപാശങ്ങളുയർന്ന നേരം
ശരണം തൻ അരികിൽ തൻ ചിറകിൻ മീതെ
മൃത്യുവെന്നുയിർത്ത യേശുനാഥൻ
മാറാതെയെന്നുമെൻ ചാരെയുണ്ട് (ഹല്ലേലുയ്യാ......)

## 79

നടത്തിയ വിധങ്ങൾ ഓർത്താൽ
നന്ദിയേകിടാതിരുന്നിടുമോ
നാഥൻ നടത്തിയ വിധങ്ങൾ ഓർത്താൽ
നന്ദിയേകിടാതിരുന്നിടുമോ

*കഷ്ടതയിലെൻ കരം പിടിച്ച്*
*കണ്മണിപോൽ കരുതിയവൻ* (2) നടത്തിയ......

1. ഭാരം ദുഃഖം ഏറിയപ്പോൾ
മനം നൊന്തു കലങ്ങിയപ്പോൾ
ചാരേ അണഞ്ഞു ആശ്വാസം നൽകി (2) നടത്തിയ......

2. ജീവിതത്തിൻ മേടുകളിൽ
ഏകനെന്നു തോന്നിയപ്പോൾ
ധൈര്യം നൽകിടും വചനം നൽകി (2) നടത്തിയ......

## 80

നിൻദാനം ഞാൻ അനുഭവിച്ചു
നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു

*യേശുവേ എൻ ദൈവമേ*
*നീയെന്നും മതിയായവൻ*

1. യേശു എനിക്കു ചെയ്ത
നന്മകൾ ഓർത്തിടുമ്പോൾ
നന്ദികൊണ്ടെൻ മനം പാടീടുമേ
സ്തോത്ര ഗാനത്തിൻ പല്ലവികൾ... യേശുവേ

2. ദൈവമേ നിന്റെ സ്നേഹം
എത്രനാൾ തള്ളിനീക്കി
അന്നു ഞാൻ അന്യനായ് അനാഥനായ്
എന്നാൽ ഇന്നോ ഞാൻ ധന്യനായ്... യേശുവേ

3. എൻ ജീവൻ പോയെന്നാലും
എനിക്കതിൽ ഭാരമില്ല
എന്റെ ആത്മാവിനു നിത്യജീവൻ
എന്നേശു താൻ ഒരുക്കിയല്ലോ... യേശുവേ

4. നിത്യത ഓർത്തിടുമ്പോൾ എൻ
ഹൃത്തടം ആനന്ദിക്കും
സ്വർഗ്ഗീയ സന്തോഷ ജീവിതം
വിശ്വാസകണ്ണാൽ ഞാൻ കണ്ടിടുന്നു... യേശുവേ

# 81

ആശ്വാസദായകനായ് എനിക്കേശു അരികിലുണ്ട്
എന്തെന്തു ഭാരങ്ങൾ ഏറി വന്നാലും
എന്നെ കൈവിടാത്തവൻ (2)

1. ആവശ്യഭാരങ്ങളാൽതാൻ
ആകുലനായിടുമ്പോൾ
തന്റെ സാന്ത്വനം നൽകി വഴി നടത്തും
യേശു അരികിലുണ്ട് (2) ആശ്വാസ

2. രോഗം പ്രയാസങ്ങളാൽ ഞാൻ
ക്ഷീണിതനായിടുമ്പോൾ
എന്നെ താങ്ങി കരങ്ങളിൽ കാത്തിടും
യേശു അരികിലുണ്ട് (2) ആശ്വാസ

3. ലോകത്തിൻ കെടുതികളിൽ താളടിയാകാതെ
എന്നെ കാവൽ ചെയ്തിടും സ്നേഹിതനായ്
യേശു അരികിലുണ്ട് (2) ആശ്വാസ

# 82

സാധുവെന്നെ കൈവിടാതെ
നാഥനെന്നും നടത്തിടുന്നു

1. അന്ത്യത്തോളം ചിറകടിയിൽ
അവൻ കാത്തിടും ധരയിൽ



മധ്യവാനിൽ തേജസ്സോടെ ദൂതഗണമൊന്നായ് (2)
മേഘവാഹനേ വന്നു ചേർത്തിടും പ്രിയൻ ഉണർന്നിരിയ്ക്കാം

3. പ്രിയൻ വാനിൽ വരുവതിൻ നാളടുത്തിതാ (2)
പ്രതിഫലം ലഭിച്ചിടും കാലമായിതാ
സ്വർഗ്ഗസീയോൻ നഗരിയിൻ വാസമോർത്തിടുമ്പോൾ
വേഗം ചെന്നു ചേർന്നിടുവാൻ ആശയേറുന്നേ ഉണർന്നിരിയ്ക്കാം

# 174

കർത്താവിൻ വരവിൽ നമ്മെ എടുത്തിടുമ്പോൾ
കഷ്ടനഷ്ടശോധനകൾ മാറിപ്പോയിടും
കർത്താവിന്റെ കരമന്നു തുടച്ചിടുമ്പോൾ
കണ്ണുനീരും വേദനയും തീർന്നുപോയിടും

*ആമേൻ കർത്താവേ... വേഗം വരണേ*
*ആമേൻ കർത്താവേ... നിൻ രാജ്യം വരണേ*

1. കൂടാരമാകും... ഭൗമഭവന
കൂടുവിട്ടുപറന്നുപോകും
കൈപ്പണിയല്ലാത്ത നിത്യഭവനം
കർത്താവൊരുക്കുന്നു നമുക്കായ് ആമേൻ കർത്താ

2. കുഞ്ഞാട്ടിൻ കല്യാണം അടുത്തുവല്ലോ
കാത്തിരിക്കുന്ന വിശുദ്ധരേ...
കർത്താവിൻ ഗംഭീര നാദം കേൾക്കുമ്പോൾ
കർത്തനോട് കൂടെ പോകും നാം ആമേൻ കർത്താ

3. കാലം കഴിയും ഈ ലോകമഴിയും
കാണ്മതെല്ലാം മാറിപ്പോയിടും
കർത്താവിൻ യുഗം വെളിപ്പെടുമ്പോൾ
കാണും തിരുമുഖ നിത്യമായ് ആമേൻ കർത്താ

# 175

യിസ്രായേലിൻ ദൈവമെന്നും നിന്റെ കാവലുള്ളതിനാൽ
തന്റെ കോട്ടയ്ക്കുള്ളിൽ
നിന്നെ കോട്ടം കൂടാതെ കാത്തു രക്ഷിക്കുന്നതാൽ (2)

*മനമേ കലങ്ങിടേണ്ട, ഭ്രമിച്ചിടേണ്ട ആകുലം വേണ്ട* (2)

1. മരുഭൂമിയിൽ ഏകനായ് തീർന്നാലും
ആഹാരമില്ലാതെ വലഞ്ഞാലും

2. പാപിയാമെന്നെ തേടിവന്നതാൽ
പാടുപെട്ടോരെൻ പ്രാണനായകൻ (2)
പാപമില്ലാത്തോൻ പാപികൾക്കായി
നിന്ദിതനായി താൻ ക്രൂശിതനായി (2) യേശുവേ...

3. ക്രൂശിലെ സ്നേഹം യേശുവിൻ സ്നേഹം
പാടി വർണ്ണിപ്പാൻ വാക്കുകൾ പോരാ (2)
വീണ്ടെടുത്ത സ്നേഹം ആർത്തുപാടും ഞാൻ
ജീവനുള്ളെന്നും എൻ യേശുനാമത്തിൽ (2) യേശുവേ...

## 172

പാവനാത്മാവിൻ സത്ഫലങ്ങളുമായ്
ഈ പാരിടമാകെ പോയിടുവാനായ്
യോഗ്യരാക്കണമേ തിരുസഭയേ ഉണർത്തണമേ

നിൻ ദിവ്യചൈതന്യമേകി ഈ ദാസരെ അയയ്ക്കേണമേ
പതറാതെ സേവയിൽ മുഴുകാൻ ആത്മബലത്താൽ നിറയ്ക്കേണമേ
പാവനാത്മാ...

1. സ്നേഹമെന്ന പരിചയുമേന്തി യാത്ര ചെയ്തീടാൻ
ദീർഘക്ഷമയിൻ വരം തരണമേ അനുദിനം നാഥാ— നിൻ ദിവ്യ...

2. ഇടറിവീഴും മാനവർക്കെന്നും അഭയമായിടുവാൻ
തമ്മിൽതമ്മിൽ കരുതും സ്നേഹം പകരണേ നാഥാ— നിൻ ദിവ്യ...

3. സൗമ്യരായ് നിൻ നുകമേന്തി പിൻഗമിച്ചിടാൻ
ദിവ്യദർശനം ഞങ്ങൾക്കേകൂ അനുദിനം നാഥാ- നിൻ ദിവ്യ...

## 173

1. ഉണർന്നെഴുന്നേൽക്കാം
മോദമോടെ ആർപ്പിടാം
നാഥനേശു വാനിൽ വരാറായ് - ഉണർന്നിടാം
കാലമിനി അധികമില്ല

*ഉണർന്നിരിയ്ക്കാം തന്റെ പ്രിയ ജനമേ*
*കാഹളത്തിൻ ധ്വനി വാനിൽ കേട്ടിടാറായ്*
*വാനിൽ വീണ്ടും വന്നു നമ്മെ ചേർത്തിടുമെന്ന്*
*വാക്കുതന്നു പോയവൻ ശീഘ്രമായ് വരും ഉണർന്നെഴുന്നേ*

2. മണവാട്ടിയാം സഭ ഉറങ്ങുകയോ (2)
ഒരുക്കം വേണ്ടേ പ്രിയൻ വരവതിന്നായ്



ആപത്തിലും രോഗത്തിലും
അവനാണെനിക്കഭയം... (02) ... സാധു...

2. കണ്ണുനീരിൻ താഴ്വരയിൽ
കരയുന്ന വേളകളിൽ
കൈവിടില്ലെൻ കർത്തനെന്റെ
കണ്ണുനീരെല്ലാം തുടക്കും സാധു...

3. കൊടുങ്കാററും തിരമാലയും
പടകിൽ വന്നാഞ്ഞടിക്കും
നേരമെന്റെ ചാരെയുണ്ട്
നാഥനെന്നും വല്ലഭനായ്...(02) ... സാധു...

4. വിണ്ണിലെന്റെ വീടൊരുക്കി
വേഗം വന്നിടും പ്രീയനായ്
വേലചെയ്തെൻ നാൾകൾ തീർന്നു
വീട്ടിൽ ചെല്ലും ഞാനൊടുവിൽ... (2) സാധു...

## 83

യേശുരാജനെന്റെ ദൈവം
സകലതും സൃഷ്ടിച്ച ദൈവം
അതിശയം ചെയ്യുന്ന ദൈവം
എനിക്കായ് കരുതുന്നവൻ

1. അബ്രഹാമിന്റെ ദൈവം
ഇസഹാക്കിന്റെ ദൈവം
യാക്കോബിന്റെ ദൈവം താൻ
എന്റെ ദൈവമല്ലോ.

2. ദാനിയേലിന്റെ ദൈവം
ഇയ്യോബിന്റെ ദൈവം
ദാവീദിന്റെ ദൈവം താൻ
എന്റെ ദൈവമല്ലോ

3. ഹന്നായെ മാനിച്ച ദൈവം
എലിസബത്തിന്റെ ദൈവം
സാറായുടെ ദൈവം താൻ
എന്റെ ദൈവമല്ലോ

# 84

എന്റെ ദൈവത്താൽ എന്റെ ദൈവത്താൽ
നിശ്ചയം അനുഗ്രഹം പ്രാപിച്ചിടും ഞാൻ
തന്റെ വചനം പോലെ ഞാൻ ചെയ്യും
തന്റെ വഴിയിൽ തന്നെ നടക്കും (2)

1. ദേശത്തിൽ ഞാൻ അനുഗ്രഹിക്കപ്പെടും
ജോലിയിൽ ഞാൻ അനുഗ്രഹിക്കപ്പെടും
എന്റെ വീട്ടിൽ ആഹാരം കുറയുകില്ല
ആവശ്യങ്ങൾ ഒന്നുമെ മുടങ്ങുകില്ല. (എന്റെ.....)

2. എന്നെ എതിർക്കുന്ന ശത്രുക്കൾ എല്ലാം
ഛിന്ന ഭിന്നമായ്പോകും എന്റെ ദൈവത്താൽ
എന്റെ ആരോഗ്യം ദൈവദാനമല്ലോ
എൻ ശരീരവും അനുഗ്രഹിക്കപ്പെടും (എന്റെ.....)

3. ജീവിത പങ്കാളിയും എന്റെ മക്കളും
എന്റെ സമ്പത്തും അനുഗ്രഹിക്കപ്പെടും
എന്റെ നന്മക്കായ് അവൻ സമൃദ്ധി നൽകും
എന്നെ വിശുദ്ധജനം ആക്കിടും താൻ. (എന്റെ.....)

4. വായ്പ വാങ്ങാൻ ഇടവരികയില്ല
കൊടുക്കുവാനോ ദൈവം സമൃദ്ധി നൽകും
ഉയർച്ച തന്നെ എന്നും പ്രാപിക്കും ഞാൻ
ഉന്നതങ്ങളിൽ എന്നെ മാനിക്കും താൻ. (എന്റെ.....)

# 85

ഒരുനാളും പിരിയാത്ത നല്ല സഖിയായ്
എന്റെ യേശു അരികിലുണ്ട്
എന്നെ തളരാതെ കരം തന്നു നയിച്ചീടുവാൻ
മതിയായ ബലവാനവൻ

*അവൻ നടത്തിയ വഴികളും*
*കരുതുന്ന വിധങ്ങളും*
*അനന്യമാം കൃപയാലത്രേ* (2) ഒരുനാളും

1. രക്താംബരംപോൽ കഠിനമായ
കറയെല്ലാം കഴുകുമവൻ
എന്റെ പാപം പോക്കിയെന്നെ
ശോഭയാർന്ന സൃഷ്ടിയാക്കുമേ (2) അവൻ നടത്തിയ



നല്ല ശമര്യനാകുമെൻ യേശു നാഥൻ
എന്റെ പിഴവുകളൊന്നും ഓർത്തതില്ല.... എലോഹി....

2. അലഞ്ഞു ഞാൻ ലോകത്തിന്റെ മോഹങ്ങളിൽ
നടന്നു ഞാൻ പാപത്തിന്റെ ചെളിക്കുണ്ടതിൽ
അരുമനാഥൻ എന്നെ കോരിയെടുത്തു
വഴുതിടാതുറപ്പുള്ള പാറമേൽ നിർത്തി എലോഹി...

# 170

ഉരുകിയൊഴുകും മഞ്ഞുമലപോൽ
ഉരുകണേയെൻ ഹൃദയവും
അഖില പാപവുമലിഞ്ഞു പോയ് നിൻ
അരികിലായ് മരുവീടുവാൻ

1. തരുവതെന്തു തിരുക്കരങ്ങളിൽ
തകർന്നുടഞ്ഞൊരു ജീവിതം
തിരുക്കരത്താൽ തഴുകി എന്നെ
പുതുക്കണേ തവശക്തിയാൽ ഉരുകി...

2. ആത്മമാരി ചൊരിഞ്ഞു ദിനവും
ആദ്യസ്നേഹമുണർത്തണേ
ആദിസഭയിൽ പകർന്നപോലെ
ആത്മ നിറവിന്നേകണേ ഉരുകി...

3. ഒരുദിനം തവ സന്നിധേ ഞാൻ
അണയുമായതു നിർണ്ണയം
തിരുമുഖത്തിൻ തേജസ്സിൽ ഞാൻ
മറഞ്ഞിടും അതു നിശ്ചയം ഉരുകി...

# 171

യേശുവേ രക്ഷകാ! നാഥനേ എൻ കർത്താവേ!
നീയല്ലോ എന്നും എന്റെ ജീവനാഥൻ!
നീയല്ലോ എന്നും എന്റെ ആശ്രയവും!

1. പാതതെറ്റി ഞാൻ ഓടിയനേരം
പാപിയാമെന്നെ തേടിവന്നു നീ (2)
കണ്ടുകിട്ടുവോളം തേടിയലഞ്ഞു
വീണ്ടെടുത്തെന്നെ നിൻ മാർവ്വിലണച്ചു (2) യേശുവേ...

വീണ്ടെടുത്തെന്നെ മാറോടണച്ചു
വിശ്വാസയാത്രയിൽ നയിച്ചിടുന്നു — യേശുവേ...

## 168

എന്റെ സ്രഷ്ടാവാം ദൈവമെന്നും കൂടെയുള്ളതാൽ
ഞാൻ ഒന്നിനെയും ഭയപ്പെടില്ല
വചനത്തിൽ വിളനിലമായിടുവാൻ
ഞാൻ ഹൃദയത്തെ ഒരുക്കിടുന്നു (2)

*തകരുകില്ല ഞാൻ തളരുകില്ല*
*ഒരിക്കലും പതറുകില്ല* (2)
*പ്രാണൻതന്നു വീണ്ടെടുത്ത കർത്താവുണ്ട്*
*പ്രാണനാഥനേശുവുണ്ട്* (2) എന്റെ സ്രഷ്ടാ

1. ഞാൻ നാവുവരണ്ടു ഭാരപ്പെട്ടാൽ
കെരീത്ത് തോട്ടിലെ ജലം ലഭിക്കും
അന്ധത എന്നെ കവർന്നു വന്നാൽ
ശീലോഹാം കുളത്തിലെ ജലം ലഭിക്കും — തകരുകില്ല....

2. കാട്ടത്തിമേൽ ഞാനൊളിച്ചെന്നാലും
അവൻ എന്നെ പേർ ചൊല്ലി വിളിച്ചീടുമേ
രാപാർക്കാൻ രാജാവായ് കൂടെവരും
എനിക്കതു മാറ്റവും രക്ഷയുമെ — തകരുകില്ല....

3. തോട്ടത്തിൻ നടുവിലെ ഫലം ലഭിപ്പാൻ
ആഗ്രഹിക്കുന്നില്ല ഞാൻ തെല്ലുമെ
നാളെയക്കൊണ്ടൊട്ടും ഭാരമില്ല
എനിക്കുള്ളതെല്ലാമവൻ തരുമെ — തകരുകില്ല....

## 169

നിണമണിഞ്ഞ നിൻ പാദത്തിന്നരികിൽ
നിറമിഴിയോടെ കൈ കൂപ്പുന്നു ഞാൻ
നീക്കണമേ എന്റെ പാപക്കറകളെ
നിന്റെ രുധിരത്താൽ എന്നും കഴുകേണമെ

*എലോഹി എലോഹി എന്നെൻ മനം മ.ന്ത്രിക്കുന്നു*
*എലോഹി എലോഹി എന്നെൻ മനം മന്ത്രിക്കുന്നു യാമങ്ങൾ തോറും*

1. മറന്നു ഞാൻ സ്നേഹം തന്ന സ്നേഹിതരെയും
മറന്നെന്നെ ശുശ്രൂഷിച്ച അയൽക്കാരെയും



2. ഇത്രത്തോളം കരുതിയവൻ
ജയത്തോടെ നടത്തുമവൻ
എന്നുമെന്നും തൻ ദയയാൽ
അളവില്ലാതെ തരുമെനിക്ക് (2) അവൻ നടത്തിയ ഒരുനാളും

**അതുകൊണ്ടു**
**ഇപ്പോൾ**
**ക്രിസ്തുയേശുവിലുള്ളവർക്കു**
**ഒരു ശിക്ഷാവിധിയും ഇല്ല.**
**ജീവന്റെ ആത്മാവിന്റെ പ്രമാണം**
**എനിക്കു പാപത്തിന്റെയും**
**മരണത്തിന്റെയും പ്രമാണത്തിൽ നിന്നു**
**ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം**
**വരുത്തിയിരിക്കുന്നു.**
**റോമർ 8 : 1**

# യോഗാവസാനം

## 86

അനുഗ്രഹത്തോടെ ഇപ്പോൾ
അയക്കാ അടിയാരെ
യഹോവായേ
മനസ്സലിവുടയ
മഹോന്നത പരനേ
വന്ദനം നിനക്കാമേൻ (2)

## 87

കാണുംവരെ ഇനി നാം തമ്മിൽ
കൂടെ ഇരിക്കട്ടെ ദൈവം
തൻ ദിവ്യ നടത്തിപ്പാലെ
കാത്തു പാലിക്കട്ടെ നിങ്ങളെ

*ഇനി നാം ... ഇനി നാം യേശു മുൻ ചേരും വരെ*
*ഇനി നാം ... ഇനി നാം ചേരും വരെ പാലിക്കട്ടെ താൻ*

1. കാണുംവരെ ഇനി നാം തമ്മിൽ
തൻ തിരു ചിറകിൻ കീഴിൽ
നൽകി എന്നും ദിവ്യമന്നാ
കാത്തു പാലിക്കട്ടെ നിങ്ങളെ ... ഇനി

2. കാണുംവരെ ഇനി നാം തമ്മിൽ
തൻ തൃക്കരങ്ങളിൽ ഏന്തി
അനർത്ഥങ്ങളിൽ കൂടെയും
കാത്തു പാലിക്കട്ടെ നിങ്ങളെ ... ഇനി

3. കാണുംവരെ ഇനി നാം തമ്മിൽ
സ്നേഹകൊടിയതിൻ കീഴിൽ
മൃത്യുവിന്മേൽ ജയം നൽകി
കാത്തു പാലിക്കട്ടെ നിങ്ങളെ ... ഇനി



*ദൈവസ്നേഹം അറിഞ്ഞവർക്കും*
*ദൈവവിളി ലഭിച്ചവർക്കും*
*നന്മയ്ക്കായ് വ്യാപരിപ്പാൻ*
*വിശ്വാസത്തിൻ ശോധനയാം...* കഷ്ടങ്ങൾക്കു...

1. കുശവൻ തൻ കരങ്ങളിലെ
കളിമണ്ണുപോൽ നമ്മെ താൻ
രൂപവും ഭാവവുമേകി
നിരന്തരം പണിയുകയാൽ ദൈവസ്നേഹം
കഷ്ട

2. കഷ്ടതകൾ സഹനത്തേയും
സഹിഷ്ണത സിദ്ധതയേയും
പരിജ്ഞാനം പ്രത്യാശയേയും
വിശ്വാസത്താൽ ജ്വലിപ്പിക്കയാൽ ദൈവസ്നേഹം
കഷ്ട

3. വിശ്വാസത്തിൽ വളർന്നീടുവാൻ
വിശ്വസ്തരായ് വിളങ്ങീടുവാൻ
വിശുദ്ധിയിൽ തികഞ്ഞീടുവാൻ
തിരുഹിതം നിവർത്തിച്ചിടാൻ ദൈവസ്നേഹം
കഷ്ട

## 167

യേശുവേ നീയാണെൻ സങ്കേതമേ
യേശുവേ നീയാണെൻ കോട്ടയുമേ
രോഗങ്ങൾ വന്നാലും ശോകങ്ങൾ വന്നാലും
നീ മാത്രമെന്നുടെ ആത്മനാഥൻ

1. പാപിയിൽ പാപിയാമെന്നെയും നേടുവാൻ
പാവനമാം നിൻ രുധിരം ചിന്തി
പൊന്നേശുവേ എന്നാളും നീയല്ലോ
പൊൻ കരത്താലെന്നെ താങ്ങുന്നവൻ യേശുവേ...

2. ഈ മരുയാത്രയിൽ ക്ലേശങ്ങളേറുമ്പോൾ
തണലായി താങ്ങായെൻ കൂട്ടിരുന്ന്
വേദനയാലെൻ ഉള്ളം തകരുമ്പോൾ
കുളിരായെൻ മനതാരിൽ വന്നീടണേ യേശുവേ...

3. കൂരിരുൾ താഴ്വരയിൽ ഏകനായിടുമ്പോൾ
കൂടെ നടക്കാമെന്നോതിയവൻ

നിങ്കലേക്കെന്റെ കൈകളുയർത്തുമ്പോൾ
സാന്ത്വനമെനിക്കേകിടുന്നു വാഴ്ത്തിടു...

3. കണ്ണുനീർ കണങ്ങളെ നീ
പൊൻകരങ്ങളാൽ തുടച്ചല്ലോ
ഖിന്നനാമെന്നെ അന്തികെ ചേർത്തു
വൻ കരങ്ങളാൽ താങ്ങിയല്ലോ വാഴ്ത്തിടു...

4. ഇന്നേയോളം കാത്ത നിന്റെ
നന്മയെ ഞാൻ ഓർക്കുമേ
നന്ദിയോടെ വാഴ്ത്തുമേ ഞാൻ
ജീവകാലമാകവേ വാഴ്ത്തിടു...

## 165

അനുതാപ ഹൃദയം തിരു മുമ്പിൽ നാഥാ-
കരുണാർദ്രമിഴികൾ തുറക്കേണമേ...
നോക്കേണമേ നിൻ മൊഴി പകരേണമേ
ജീവൻ കനിഞ്ഞേകിയണയ്ക്കേണമേ

1. മരുഭൂമിയിൽ തെളിനീരുറവയുമായി
എരിതീയിലോ കരുതൽ ചിറകുമതായി (2)
എന്നിട്ടും നിന്നെ തള്ളിക്കളഞ്ഞവർ
സ്വന്തം വഴി തേടിയോർ
ഞങ്ങൾ സ്വന്തം വഴിതേടിയോർ അനുതാപ...

2. വഴിയാത്രയിൽ സഖിയായ് കൂടെ നടന്നു
കൂടാരവാസിയായ് കൂട്ടിനിരുന്നു (2)
എന്നിട്ടും നിന്നെ തള്ളിക്കളഞ്ഞവർ
സ്വന്തം വഴി തേടിയോർ
ഞങ്ങൾ സ്വന്തം വഴിതേടിയോർ അനുതാപ...

3. ഇരുളിന്റെ താഴ്വരയിൽ വഴികാട്ടിയായ്
കദനങ്ങളിൽ ഒളി വിതറുന്ന സൂര്യനായ് (2)
എന്നിട്ടും നിന്നെ തള്ളിക്കളഞ്ഞവർ
സ്വന്തം വഴിതേടിയോർ
ഞങ്ങൾ സ്വന്തം വഴിതേടിയോർ അനുതാപ...

## 166

കഷ്ടങ്ങൾക്കു സ്ഥാനമുണ്ട് -എല്ലാ
ദു:ഖങ്ങൾക്കും ഹേതുവുണ്ട്



## 88

ദൈവമേ നിൻ സ്നേഹത്തോടെ ഞങ്ങളെ വിട്ടയയ്ക്ക
നിന്റെ സമാധാനം തന്നു ഇപ്പോൾ അനുഗ്രഹിക്ക
യാത്രക്കാരാം യാത്രക്കാരാം ഞങ്ങളെ തണുപ്പിക്ക.

## 89

1.. പോകല്ലേ കടന്നെന്നേ നീ പ്രിയ യേശുവേ
മറ്റുള്ളോരെ ദർശിക്കുമ്പോൾ നോക്കുകെന്നെയും

*യേശുനാഥാ എന്നപേക്ഷകൾ,*
*മറ്റുള്ളോരെ ദർശിക്കുമ്പോൾ നോക്കുകെന്നെയും*

2. നിൻ കൃപാസനത്തിൻ മുമ്പിൽ വീണുകെഞ്ചുന്നേ
എൻ വിശ്വാസം ക്ഷീണിക്കുമ്പോൾ നീ സഹായിക്കെയേശു.

3. നിന്റെ രക്തം മാത്രം എന്റെ നിത്യശരണം
നിന്റെ കൃപയാലെ മാത്രം എന്നുദ്ധാരണം യേശു.

3. ജീവനേക്കാൾ ഏറെ നന്നു നീയെൻ കർത്താവേ
ഭൂമി സ്വർഗ്ഗം തന്നിലും നീ മാത്രം ആശ്രയം യേശു.

## 90

1. പ്രാണപ്രിയാ യേശു നാഥാ
ജീവൻ തന്ന സ്നേഹമേ
നഷ്ടമായിപ്പോയ എന്നെ
ഇഷ്ടനാക്കി തീർത്ത നാഥാ

*എന്റെ സ്നേഹം നിനക്കു മാത്രം*
വേറെ ആരും കവരുകില്ല
എന്റേതെല്ലാം നിനക്കുമാത്രം
എന്നെ മുറ്റും തരുന്നിതാ

2 തള്ളപ്പെട്ട എന്നെ നിന്റെ
പൈതലാക്കി തീർത്തുവല്ലോ
എന്റെ പാപം എല്ലാം പോക്കി
എന്നെ മുഴുവൻ സൗഖ്യമാക്കി (2) എന്റെ സ്നേഹം

3. എന്റെ ധനവും മാനമെല്ലാം
നിന്റെ മഹിമക്കായി മാത്രം

ലോക സ്നേഹം തേടുകില്ല
ജീവിക്കും ഞാൻ നിനക്കായ് മാത്രം (2) എന്റെ സ്നേഹം

## 91

1 എഴുന്നള്ളുന്നേശു രാജാവായ്
കർത്താവായ് ഭരണം ചെയ്തിടുവാൻ
ദൈവരാജ്യം നമ്മിൽ സ്ഥാപിതമാക്കാൻ
സാത്താന്യശക്തിയെ തകർത്തീടുവാൻ

*യേശുവേ, വന്നു വാഴണമേ*
ഇനി ഞാനല്ല എന്നിൽ നീയല്ലോ
രാജാവേ, വന്നു വാഴണമേ
ഇനി ഞാനല്ല, എന്നിൽ നീയല്ലോ

2 രോഗങ്ങൾ മാറും ഭൂതങ്ങൾ ഒഴിയും
ബന്ധനം എല്ലാം തകർന്നിടുമെ
കുരുടരും മുടന്തരും ചെകിടരുമെല്ലാം
സ്വതന്ത്രമാകുന്ന ദൈവരാജ്യം

3 ഭയമെല്ലാം മാറും നിരാശ നീങ്ങും
വിലാപം നൃത്തമായ് തീർന്നിടുമെ
തുറന്നിടും വാതിൽ അടഞ്ഞവയെല്ലാം
പൊരുതും മശിഹാരാജൻ നമുക്കായ്

## 92

1. കരങ്ങളുയർത്തി മനസ്സുമായി
വാഴ്ത്തി സ്തുതിക്കുന്നു നാഥാ
നിൻ കൃപയിൽ ഞാൻ നാവുയർത്തി
പാടുന്നു ഹല്ലേലുയ്യാ

*പാടുന്നു പാടുന്നു ഹല്ലേലുയ്യാ*
*പാടുന്നു ഹല്ലേലുയ്യാ*

2.. താങ്ങുന്ന വൻ പൊൻകരങ്ങൾ നിത്യം
മാറ്റീടുമെൻ രോഗവിപത്തുമെല്ലാം
പോരായ്മ കൂടാതെ നടത്തീടുന്ന
നിന്നെ സ്തുതിച്ചീടുന്നേശുനാഥാ പാടുന്നു

3. സ്വർഗ്ഗീയ നാഥൻ തൻ ചാരേ വസിക്കും
മർത്യനു നിത്യവും ശാന്തി ലഭിക്കും



4 എത്രയോ വിസ്താരം തൃക്കരങ്ങൾക്ക്
ഈ പ്രപഞ്ചമെല്ലാം വഹിച്ചീടുവാൻ
എണ്ണിതീർപ്പാനാമോ നിൻ കൃത്യങ്ങളെ
വർണ്ണിച്ചീടാനാമോ നിൻ മാഹാത്മ്യങ്ങൾ- സൃഷ്ടികളിലേറ്റം

## 163

നാഥനു പുതിയൊരു പാട്ടുപാടാം
ആനന്ദത്തോടെന്നും പുകഴ്ത്തിടാം
മാനവും ധനവും അവനു നൽകാം
തേജസ്സും ബലവും അവനു ചാർത്താം

1. വയലിലെ പൂപോൽ കൊഴിഞ്ഞിടും
നിമിഷങ്ങളെ ഞാനോർക്കുമ്പോൾ
മഹിമകൾ ചിരകാലനേട്ടങ്ങൾ
വിലയില്ലാത്തതെന്നറിയുന്നു
നിൻ ഹിതം ചെയവാൻ വരികയായി
ദിവ്യസാന്ത്വനം അനുഭവിപ്പാൻ നാഥനു പുതി...

2. എൻ അതിക്രമത്താൽ നുറുങ്ങിയ
നിൻ ശരീരമതേറ്റു വാങ്ങാം
എൻ അകൃത്യമതാൽ ചൊരിഞ്ഞ
നിൻ നിണത്തെ ഞാൻ കൈക്കൊള്ളാം
നിൻഹിതം ചെയ്‌വാൻ വരികയായ്
ദിവ്യസാന്ത്വനം അനുഭവിപ്പാൻ നാഥനു പുതി...

## 164

1. പാടുമേ ഞാൻ പാടുമേ
എന്നേശു നാമത്തെ വാഴ്ത്തുമേ
പ്രാണനേകി ഈ പാപിയെ വീണ്ട
പ്രിയ നാഥനെ വാഴ്ത്തുമേ

*വാഴ്ത്തീടുവാൻ വർണ്ണിക്കുവാൻ*
*നിൻനാമം മാത്രമേ*
*വന്ദിക്കുവാൻ കുമ്പിടുവാൻ*
*നിൻ പാദം മാത്രമേ*

2. സന്തതമെന്റെ സങ്കടങ്ങൾ
ശങ്കയെന്യെ ചൊല്ലിടുമ്പോൾ

3. വാഴ്ത്തീടാം നാം
ഹാലേലുയ്യാ പാടി
വാഴ്ത്തീടാം നാം

## 161

സ്തുതിക്കാം നമ്മൾ നന്ദിയാൽ
സ്തുതിക്കാം പരിശുദ്ധനേ
സ്തുതിക്കാം പുത്രനെ തന്ന ദൈവത്തെ (2)

1. ആയതാൽ ദുർബ്ബലൻ ഞാൻ ബലവാനായ്
സാധു ഞാനും ധന്യനായ്
യേശു എന്റെ രക്ഷകൻ ആയതാൽ

2. വണങ്ങാം നമ്മൾ ഭക്തിയാൽ
വണങ്ങാം പരിശുദ്ധനെ
വണങ്ങാം പുത്രനെ തന്ന ദൈവത്തെ
വണങ്ങാം ആയതാൽ

## 162

യാഹേ സൃഷ്ടികർത്താവേ
മർത്യനെ നീയോർക്കാൻ എന്തുള്ളു നാഥാ...

*സൃഷ്ടികളിലേറ്റം ധന്യത ചാർത്തി*
*മർത്യനുന്നതമാം മാനം നൽകീടാൻ-* യാഹേ

1 നിൻ സ്വരൂപം നൽകിയീമൺമയ മേനി
നിൻ ഭുജങ്ങളാലെ മെനഞ്ഞെടുത്തു
ജീവാശ്വാസമൂതി ആത്മം പകർന്നു
സൃഷ്ടികൾക്കധിപരായ് നിയുക്തരാക്കി- സൃഷ്ടികളിലേറ്റം

2 ദിവ്യതേജസ്സേകിയീ മൺകൂടാത്തിൽ
നിൻ ആലയം തീർത്തു മർത്യന്നുൾത്താരിൽ
സത്യത്തിൻ വിശുദ്ധിയിൽ ആരാധിപ്പാനും
നിന്നിഷ്ടമീഭൂവിൽ നിവർത്തിപ്പാനും- സൃഷ്ടികളിലേറ്റം

3 പാപം മൂലം വന്ന ശാപം പോക്കിടാൻ
സ്വന്തപുത്രനെ നീ തന്നു യാഗമായ്
ലോകത്തെ നീയേറ്റം സ്നേഹിച്ചതിനാൽ
നിത്യമായ രക്ഷ ഞങ്ങൾക്കൊരുക്കി- സൃഷ്ടികളിലേറ്റം



ആരുണ്ട് ഭൂമിയിൽ നിനക്കു തുല്ല്യൻ
നിന്നെ വണങ്ങീടുന്നേശുനാഥാ പാടുന്നു

## 93

യേശുനാഥാ എന്നിൽ
യോഗ്യതയൊന്നുമില്ല
നിൻ പൊന്നുകരങ്ങളിൽ
അർപ്പിക്കുന്നെന്നെയിതാ

1. എന്നെ ഞാനായ് മാറ്റിയതോ
നിൻ സ്നേഹം മാത്രമേ
എൻ ആയുസ്സിൽ നാളെല്ലാം ഞാൻ
നിന്റേതു മാത്രമെ

2. മോഹങ്ങളിൻ പിന്നാലെ ഞാൻ
പോകില്ലൊരിക്കലും
നിന്നുള്ളത്തെ നോവിക്കുന്ന
യാതൊന്നും ചെയ്യില്ല ഞാൻ

3. നിന്റെ ഇഷ്ടം അല്ലാതൊന്നും
വേണ്ടെനിക്കിനിയും
മെനയേണം നിൻ അനുരൂപനായ്
എന്നെയും പ്രിയനേ

## 94

**68** ാം പാട്ട് നോക്കുക

## 095

അന്ത്യം വരെയും അങ്ങെ ഞാൻ
വാഴ്ത്തി സ്തുതിച്ചിടുമേ.
നീ ചെയ്ത നന്മകൾ ഓർത്തിടുമ്പോൾ
കണ്ണുകൾ നിറഞ്ഞിടുന്നേ (2)

1. ശോധനകൾ എൻ ജീവിതത്തെ
വേദനയാൽ എന്നും തകർത്തിടാതെ (2)
എൻ കണ്ണുനീരെല്ലാം സന്തോഷമാക്കും
ആത്മസഖി എൻ യേശുപരൻ... (2)

2. മാറുകില്ല അവൻ ചെയ്ത വാഗ്ദത്തങ്ങൾ
മാറാത്ത വിശ്വസ്തൻ യേശുവിങ്കൽ (2)
മാർവ്വതിൽ ചാരി ഞാൻ യാത്ര ചെയ്യുന്നു
ജീവിത നാളുകൾ ആനന്ദമായ് (2)

## 096

എന്നേശുവേ ആത്മാവിനെ പകരൂ...
അന്ത്യകാലത്തെല്ലാ ജഡത്തിന്മേലും ആത്മാവിനെ പകരൂ

1. ദാഹിക്കുന്നോരു വരുവിൻ
സൗജന്യമായി കുടിപ്പിൻ (2)
മുട്ടോളമല്ല അരയോളം പോരാ
നീന്തീട്ടല്ലാതെ കടന്നു കൂടാ (2)

2. വിശുദ്ധിയോടു വരുവിൻ
അനുതാപത്തോടു വരുവിൻ (2)
പ്രാപിച്ചീടുക ആത്മാവിനെയിപ്പോൾ
ശക്തിയോടെന്നും സാക്ഷിയാകാം (2)

3. ആത്മാവിൻ ശക്തിയോടെ
ഈ ജനം പ്രവചിക്കട്ടെ (2)
ആത്മാവിൻ ശക്തിയാൽ അഭിഷേകമേൽക്കാം
ദൈവസഭയെ മുന്നേറിടാം (2)

## 097

നാമെല്ലാരും ഒന്നായ് കൂടുവോം
നാഥനെ കൊണ്ടാടിപ്പാടുവോം



Be to you a lovely thing
In your time

## 158

സ്തോത്ര ഗാനങ്ങൾ പാടി പുകഴ്ത്തീടുമേ
എല്ലാ നാളിലും എൻ ജീവിതത്തിൽ

1 നിന്റെ ദയ എൻ പ്രാണനേ കാത്തുകൊണ്ടതാം
എന്റെ അധരം നിന്നെ കീർത്തിക്കുമേ
എന്റെ ജീവകാലമെല്ലാം പുതുഗാനത്താൽ
അതുല്യനാമത്തെ സ്തുതിച്ചിടുമേ- സ്തോത്ര

2 നിന്റെ നാമമല്ലോ എന്നും എന്റെ ആശ്രയം
നിന്നിൽ മാത്രം ഞാനെന്നും ആനന്ദിക്കും
നിന്നിലല്ലോ നിത്യജീവ ഉറവ
ജീവവഴിയും നീ മാത്രമല്ലോ- സ്തോത്ര

3 നിന്റെ വലങ്കൈ എന്നെ താങ്ങിനടത്തും
എന്റെ കാലുകൾ തെല്ലും ഇടറിടാതെ
എന്റെ ഗമനത്തെ സുസ്ഥിരമാക്കു
നിന്റെ വഴിയിൽ ഞാൻ നടക്കുവാനായ്- സ്തോത്ര

## 159

എന്നേയും സ്നേഹിച്ചു എനിക്കുവേണ്ടി
തന്നെത്താൻ ഏല്പിച്ച ദേവസുധാ
എന്നെ ഞാൻ ഏല്പിച്ചു തരുന്നിന്ന്
പൊന്നു നാഥാ നിനക്കായ് ജീവിപ്പാൻ. (2) എന്നേയും....

## 160

1. സ്തുതിച്ചീടാം നാം
ഹൃദയം നന്ദിയാൽ
സ്തുതിച്ചീടാം നാം

2. പുകഴ്ത്തീടാം നാം
നാവിൽ സ്തുതിയുമായ്
പുകഴ്ത്തീടാം നാം

## 155

1. നിൻതിരു സന്നിധിയിൽ
ഞാനിന്നു കുമ്പിടുന്നു
എൻ ക്രിയയാലല്ല നിൻ ദയയാൽ മാത്രം
ഞാനിന്നു കുമ്പിടുന്നു

*യേശു രാജാവിന് സ്തുതി രാജാവിന് സ്തോത്രം*
*ഉന്നതങ്ങളിൽ സ്തുതി*
*സൃഷ്ടികൾ വാഴ്ത്തട്ടെ ശുദ്ധർ വണങ്ങട്ടെ*
*ഉന്നതനാം യേശുവേ*

2. വൻ പാപഭാരമെല്ലാം
നിൻ കൃപയാൽ നീക്കിയല്ലോ
നിന്ദിതയാമെന്റെ ശാപങ്ങൾ
നീ നീക്കി നിൻ മകളാക്കിയല്ലോ     യേശു രാജാവി

## 156

**54** ാം പാട്ട് നോക്കുക

## 157

In His time in His time
He makes all things beautiful
In His time

Lord please show me everyday
As your’s teaching me your way
That you do just what you say
That you do just what you say
In your time

In your time in your time
You make all things beautiful
In your time

Lord my life to you I bring
May each song I have to sing



ഭൂതലത്തിൽ നമ്മെ ക്ഷേമമോടെ കാത്ത
നായകനു സ്തോത്രം ആദരവായ് പാടുവോം

*ഹല്ലേലുയ്യാ ഗീതം പാടുവോം*
*അല്ലലെല്ലാം മാറിപ്പോകുമേ*
*വല്ലഭൻ നമുക്ക് നല്ലവനായുണ്ട്*
*എല്ലാ ദാനങ്ങളും ചെയ്തരുളുമെന്നുണ്ട്*

1. വാദ്യഘോഷത്തോടെ ഏകമായ്
വാനവർ സ്തുതിക്കും താതന്റെ
വന്ദ്യതിരുപ്പാദം എല്ലാവരും തേടി
മന്ദതയകന്നു ഇന്നുമെന്നും പാടുവോം

2. ഏറും ഖേദമെത്രയെന്നാലും
ഏല്ലാറ്റേയും വിലക്കിയല്ലോ
ഏഴകളിൻ പാപം ഏതും ചുമക്കുന്ന
ഏക കർത്താവിനു സാദരം നാം പാടുവോം

3. എല്ലാവിധ ആവശ്യങ്ങളും
നല്ലതുപോൽ ചെയ്തു തരുന്ന
എല്ലാ മുട്ടും തീർത്ത നല്ല കർത്താവിനെ
എല്ലാവരും ചേർന്നു ഹല്ലേലുയ്യ പാടുവോം

4. ശത്രുവിന്നഗ്നിയസ്ത്രങ്ങളാൽ
ശക്തിയേറ്റു ക്ഷീണിച്ചീടുമ്പോൾ
ശത്രുവെ ജയിച്ച കർത്തൻ നമുക്കുണ്ട്
ശുദ്ധർകൂട്ടം നാമും നിത്യം സ്തുതി പാടുവോം

5. സർവ്വ ബഹുമാനം സ്തുതിയും
ഉർവ്വി നായകനു മഹത്വം
സർവ്വരും സ്തുതിക്കും സർവ്വ വല്ലഭനു
അല്ലും പകലും നാം ഹല്ലേലുയ്യാ പാടുവോം

## 098

ക്രൂശിൽ കണ്ടു ഞാൻ നിൻ സ്നേഹത്തെ
ആഴമാർന്ന നിൻ മഹാ ത്യാഗത്തെ     (2)

പകരം എന്തു നൽകും ഞാനിനി...
ഹൃദയം പൂർണ്ണമായി നൽകുന്നു നാഥനെ     (2)

സൃഷ്ടികളിൽ ഞാൻ കണ്ടു നിൻ കരവിരുത്...
അത്ഭുതമാം നിൻ ജ്ഞാനത്തിൻ പൂർണ്ണതയും     (2)

പകരം എന്തും നൽകും ഞാനിനി...
നന്ദിയാലെന്നും വാഴ്ത്തിടും സൃഷ്ടാവേ (2)

അടിപിണരിൽ ഞാൻ കണ്ടു നിൻ സ്നേഹത്തെ
സൗഖ്യമാക്കും യേശുവിൻ ശക്തിയെ .. (2)

പകരം എന്തു നൽകും ഞാനിനി...
എന്നാരോഗ്യം നൽകുന്നു താതനായ് (2)

മൊഴിയിൽ കേട്ടു രക്ഷയിൻ ശബ്ദത്തെ
വിടുതൽ നൽകും നിൻ ഇമ്പ വചനത്തെ (2)

പകരം എന്തു നൽകും ഞാനിനി....
ദേശത്തെങ്ങും പോകും സുവിശേഷവുമായ് (2)

നിൻ ശരീരം തകർത്തു നീ ഞങ്ങൾക്കായ്
ശുദ്ധരക്തം ചിന്തി നീ ഞങ്ങൾക്കായ്

പകരം എന്തു നൽകും ഞാനിനി...
അന്ത്യത്തോളം ഓർമ്മിക്കും യാഗത്തെ (2)

പകരം എന്തു നൽകും ഞാനിനി...
ഹൃദയം പൂർണ്ണമായി നൽകുന്നു നാഥനെ

പകരം എന്തു നൽകും ഞാനിനി...
നന്ദിയാലെന്നും വാഴ്ത്തിടും സൃഷ്ടാവേ

പകരം എന്തു നൽകും ഞാനിനി...
എന്നാരോഗ്യം നൽകുന്നു താതനായ്

പകരം എന്തു നൽകും ഞാനിനി...
ദേശത്തെങ്ങും പോകും സുവിശേഷവുമായ്

## 099

ഞാൻ നിൻ കൂടെയുണ്ട്, ഞാൻ നിൻ കൂടെയുണ്ട്
ജീവിത യാത്രയിൽ ഭാരങ്ങൾ ഏറുമ്പോൾ
ഞാൻ നിൻ കൂടെയുണ്ട് ഞാൻ

1. അദ്ധ്വാനിക്കുന്നോരേ ഭാരം ചുമപ്പോരേ
ഞാൻ നിൻ കൂടെയുണ്ട്
കൂരിരുൾ താഴ്‌വരേ നീ നടന്നിടുമ്പോൾ
ഞാൻ നിൻ കൂടെയുണ്ട് ഞാൻ

2. ശത്രുക്കൾ ഏറുമ്പോൾ മിത്രങ്ങൾ മാറുമ്പോൾ
ഞാൻ നിൻ കൂടെയുണ്ട്



എന്നിനിപ്രിയന്റെ പൊൻമുഖം കാണും ഞാൻ
എന്നാശയേറിടുന്നേ.. (ലോകം..)

## 153

പ്രകാശിതരായ് ഞങ്ങൾ നിൻമുഖ ദർശനത്തിൽ
നാഥാ നിന്നരികിൽ ഞങ്ങൾ ലജ്ജിതരാകയില്ല

1 നിന്മുഖകാന്തി കണ്ടു ജീവിതപാതകളെ
ശോഭിതമാക്കിടുവാൻ-നീ കനിവേകിയാലും
ഇടറാതെ നിൻ ഹിതങ്ങൾ അറിഞ്ഞു നടന്നിടുവാൻ
ഇടയനായ് നീ നയിക്ക നിരന്തരമീ വഴിയിൽ പ്രകാ....

2 അരികത്തു വന്നിടുന്നോർക്കഭയം നീ തന്നിടുന്നു
അഴലേറും വേളകളിൽ -ആശ്വാസം പകർന്നീടുന്നു
അടിതെറ്റി വീഴും നേരം താങ്ങി നടത്തീടുന്നു
അടിയാർക്കു നിൻ സവിധം അനുഗ്രഹദായകമെ പ്രകാ....

3 തമസ്സിന്റെ താഴ്‌വരയിൽ ഭയന്നിടാനേതുമില്ല
തവകൃപയെന്നുമെന്നും-ചാരത്തു കാവലുണ്ട്
തരണം നിൻ ദാനങ്ങൾ അനുദിനം ആസ്വദിപ്പാൻ
വരണം നീ നായകനായി നയിക്കണമീ വഴിയിൽ പ്രകാ....

## 154

ഇന്നോളം എന്നെ നടത്തിയ നാഥാ
തിരുകൃപ എന്നും എനിക്കുമതി (2)
കണ്ണുകണ്ടിട്ടില്ലാത്ത, ചെവികേട്ടിട്ടില്ലാത്ത
മനുഷ്യ ഹൃദയങ്ങൾക്കതീതമായ
വഴികളിൽ നടത്തുന്ന നാഥാ
തിരുകൃപമാത്രം എനിക്കു മതി-നൽവഴികളിൽ.... ഇന്നോളം എന്നെ

1. പ്രതികൂല കാറ്റുകൾ ഉയർന്നിടുമ്പോൾ
ജീവിത നൗക ഉലഞ്ഞിടാതെ (2)
അചഞ്ചല വിശ്വാസം നൽകീടണേ നിൻ
കൃപയിൽ കരുണയാൽ കാത്തിടണേ (2) ഇന്നോളം എന്നെ

2. നയന മോഹങ്ങൾ ത്യജിച്ചിടുവാൻ
വചനത്തിൽ വേരൂന്നി വളർന്നീടുവാൻ (2)
വേദപ്രമാണത്തെ നൽകിടേണെ നിൻ
കൃപയിൽ കരുണയാൽ കാത്തിടണേ (2) ഇന്നോളം എന്നെ

# 151

അസാദ്ധ്യമേ വഴി മാറുക, മാറുക
യേശുവിൻ നാമത്തിനാൽ

1 മരുഭൂമിയേ നീ മലർവാടിയാക
യേശുവിൻ നാമത്തിനാൽ

2 രോഗശക്തികളേ വിട്ടു പോയിടുക
യേശുവിൻ നാമത്തിനാൽ

3 ശത്രുവിൻ ആയുധമേ തകർന്നു പോയിടുക
യേശുവിൻ നാമത്തിനാൽ

4 തടസ്സങ്ങളേ പൊട്ടിച്ചിതറിപ്പോയിടുക
യേശുവിൻ നാമത്തിനാൽ

5 ഞെരുക്കങ്ങളെ വഴി മാറിപ്പോയിടുക
യേശുവിൻ നാമത്തിനാൽ

# 152

കർത്താവിൻ സ്നേഹത്തിൻ എന്നും വസിച്ചീടുവാൻ
വൻ കൃപയേകിടണേ (2)
ഭിന്നത വിദ്വേഷം ഇല്ലാതെ ജീവിപ്പാൻ
നൽവരം നൽകീടണേ

*ലോകം പാപം പിശാചെന്നെ തൊടുകയില്ല*
*ദുഷ്ട ഘോര ശത്രു എന്നെ കാണുകയില്ല*
*അങ്ങേ ചിറകിൻ മറവിലാണു ഞാൻ*
*എന്റെ വിശ്വാസം വർദ്ധിപ്പിക്കണേ*

1. ഇന്നലെ മിന്നിയ ഉന്നത ശ്രേഷ്ഠന്മാർ
അന്യരായ് ഇന്നു മന്നിൽ
എന്നാലോ സാധു ഞാൻ സന്നിധേ നിന്നതോ
പൊന്നേശുവേ കൃപയാൽ (ലോകം..)

2. നിർത്തിയതാണെന്നെ നിന്നതല്ല ഞാൻ
എത്ര സ്തുതിച്ചീടേണം
നിന്ദ പരിഹാസം ഏറെ സഹിച്ചു ഞാൻ
എത്രനാൾ കാത്തിടേണം (ലോകം..)

3. ഒന്നിക്കും ഒരുനാൾ സ്വർഗ്ഗ കൂടാരത്തിൽ
വന്ദിക്കും ഞാൻ അന്നാളിൽ



രോഗക്കിടക്കയിൽ നല്ലൊരു വൈദ്യനായ്
ഞാൻ നിൻ കൂടെയുണ്ട് ഞാൻ

3. ഹൃദയം നുറുങ്ങുമ്പോൾ ഉള്ളം തകരുമ്പോൾ
ഞാൻ നിൻ കൂടെയുണ്ട്
ആകുലചിന്തയാൽ പാരം വലയ്ക്കുമ്പോൾ
ഞാൻ നിൻ കൂടെയുണ്ട് ഞാൻ

4. മണ്ണോടുമണ്ണായ് നീ ചേർന്നിടുമ്പോഴും
ഞാൻ നിൻ കൂടെയുണ്ട്
വിണ്ണിൻ മഹത്വത്തിൽ സ്വർഭാഗ്യം നൽകുവാൻ
ഞാൻ നിൻ കൂടെയുണ്ട് ഞാൻ

# 100

എന്നെ നിൻ കൈയിലെടുത്തു കാത്തുകൊള്ളേണം
പാപങ്ങൾ പോക്കിയെന്നെ വെൺമയാക്കേണം
ശുദ്ധാത്മാവിനെ എന്റെ ഉള്ളിൽ എന്നും നിറയ്ക്കേണം
എന്നെ നിൻ ഓമനയാക്കി മാറിലണയ്ക്കേണം

1. ദിനം ദിനം തോറുമുള്ള എന്റെ ചില ചിന്തകൾ
എന്റെ പല വാക്കുകൾ
നിനക്കരുതാത്തതാകയാൽ — നാഥാ നിനക്ക.. (2) എന്നെ

2. അനുദിനം അൻപോടെന്നെ നടത്തുന്ന കൃപയ്ക്കായ്
ആയിരം ആയിരം
സ്തോത്ര ഗീതം അർപ്പിക്കുന്നിതാ നാഥാ സ്തോത്ര (2) എന്നെ

3. വിശ്വാസത്തിലുറപ്പിക്കെൻ വിശ്വാസത്തിൻ നായകാ
ആശ്വാസത്തിൻ ദായകാ
സ്നേഹം ദയ എന്നിലേകൂ.. നാഥാ സ്നേഹം (2) എന്നെ

# 101

വിശ്വാസിയെ നീ ഭയപ്പെടേണ്ട
വിശ്വാസ നായകൻ കൂടെയുണ്ട്
വിശുദ്ധിയിലെന്നും കാത്തീടുവാൻ
വിശ്വസ്ത സാക്ഷിയായ് നിർത്തീടുവാൻ

1. വാക്കു തന്നവൻ മാറുകില്ല
വാഗ്ദത്തം ചെയ്തവൻ കൂടെയുണ്ട്

അനുഗ്രഹമായ് അത്ഭുതമായ്
അന്ത്യംവരെയെന്നെ നടത്തീടുവാൻ

2. വാഗ്ദത്തങ്ങൾ തന്നെന്നെ പോറ്റീടുവാൻ
അബ്രഹാമിൻ ദൈവം വിശ്വസ്തനല്ലോ
സമ്പൂർണ്ണനായ് അനുസരിച്ചാൽ
വാഗ്ദത്തം നിശ്ചയം പ്രാപിച്ചിടാം

3. മരുഭൂയാത്രയിൽ കാത്തീടുവാൻ
യാക്കോബിൻ ദൈവം മാറാത്തവൻ
വിശ്വാസത്തോടെ പ്രാർത്ഥിച്ചീടിൽ
അനുഗ്രഹം നിശ്ചയം പ്രാപിച്ചിടാം

4. ഉറ്റവർ സ്നേഹിതർ കൈവിട്ടാലും
യോസേഫിൻ ദൈവം മാനിച്ചിടും
പ്രത്യാശയോടെ കാത്തിരുന്നാൽ
ദർശനം നിശ്ചയം സാധ്യമാകും

5. കഷ്ടങ്ങൾ നഷ്ടങ്ങൾ വന്നീടിലും
ദാനിയേലിൻ ദൈവം കൂട്ടിനുണ്ട്
മടുത്തുപോകാതെ പ്രാർത്ഥിച്ചീടിൽ
വിടുതൽ നിശ്ചയം പ്രാപിച്ചിടും

## 102

യേശു എൻ അഭയകേന്ദ്രം
മാററമില്ലാ സ്നേഹിതൻ
സ്തോത്രം സ്തുതികൾക്കു യോഗ്യൻ
വാഴ്ത്തും നിന്നെ എന്നും ഞാൻ — യേശു

1. വ്യാകുലങ്ങൾ നേരിട്ടാലും
ഭാരമുള്ളിൽ വന്നാലും
രോഗിയായി തീർന്നെന്നാലും
യേശുവിൽഞാൻ ചാരിടും ... — യേശു

2. എന്നെ ശുദ്ധികരിച്ചീടാൻ
ബാലശിക്ഷ നൽകിയാൽ
താതനു നന്ദികരേററും
ഹല്ലേലുയ്യാ പാടും ഞാൻ — യേശു

3. യേശു രാജനെന്നെ ചേർപ്പാൻ
മേഘരൂഢനായ് വരും



## 149

പലവിധമാം പരിശോധനകൾ
പാരിലുയർന്നിടുമ്പോൾ
എന്റെ പരന്റെ കൃപ മതി ഓരോ നിമിഷവും
പതറാതെ നിന്നീടുവാൻ

1. വചനത്തിൽ എന്നും നിലനിൽക്കുവാൻ
വലിയ കൃപ എന്നിൽ പകരണമെ
വിശുദ്ധ ദൂതരുമായ് വരുമ്പോൾ വാനിൽ
വിരവിൽ നിന്നെ ഞാൻ എതിരേൽക്കാൻ — (2) പലവിധമാം

2. കഷ്ടങ്ങളിൽ ഞാൻ തളർന്നിടാതെ
കഷ്ടമേറ്റേശുവെ ധ്യാനിക്കുവാൻ
കാൽവറികയറിയ കർത്തനെ നിൻ
കാരുണ്യം തന്നെന്നെ നടത്തേണമെ — (2) പലവിധമാം

## 150

മാൻ നീർത്തോടിനായ് വാഞ്ചയോ-
ടഴലും പോൽ ദേവനേ
എന്നാത്മാവു നിന്നെ വാഞ്ചിച്ച്
എന്നും ഓടീടുന്നു

*ആശ്രയം നീ സങ്കേതം നീ*
*കോട്ടയം നീ എൻകാവലും നീ*

1. ദേവൻ തൻ ആത്മാവിനായ്
ദാഹത്തോടിരിപ്പവൻ ഞാൻ — (2)
ദേവാ നിൻ സന്നിധിയിൽ
എന്നാത്മാവും വാഞ്ചിക്കുന്നു — (2) ആശ്രയം നീ

2. ആത്മാവിൻ വ്യാകുലത്തിൽ
യേശുവേ നോക്കിടുമ്പോൾ
താതൻ തൻ രക്ഷക്കായ്
ദിനവും സ്തുതിമുഴക്കാം — (2) ആശ്രയം നീ

3. യോർദ്ദാൻ നദി തന്നിലും
ഹെർമ്മോൻ മലകളിലും
ചെറുമലയതിലിരുന്നു
ദിനവും സ്തുതിച്ചീടുന്നേ — (2) ആശ്രയം നീ

അവൻ നടത്തിപ്പിൻ കാവൽ കൊണ്ടോരോ നിമിഷവും
നടത്തുന്നെന്നേ വഴിയേ (എനിക്കല്ല....)

2. എല്ലാ പാപങ്ങളും അകറ്റി
നീചപാപിയെന്നെ രക്ഷിച്ച
തിരു രക്തത്തിൻ ശക്തിയാൽ നിർത്തിടും വെണ്മയായ്
സ്വർഭാഗ്യം ചേരുവോളം (എനിക്കല്ല....)

3. ഈ എൻ കൈകളെ സമർപ്പിക്കുന്നേ
സേവയ്ക്കായ് ഈ എൻ ജീവനേയും
കാൽകൾ ഓടട്ടെ നിൻപാത ചേരട്ടെയെൻ ചിന്ത
തിരുരാജ്യ വ്യാപ്തിക്കായി (എനിക്കല്ല....)

4. കൺകൾ കാണട്ടെ നിൻ മുഖത്തെ
ദർശിപ്പാൻ നിൻ വൻ ഭാരത്തെയും
എൻ ചെവികൾ ശ്രവിക്കുന്നേ ഹൃദയം വഴങ്ങുന്നേ
രക്ഷകാ നിൻ വകയാം (എനിക്കല്ല....)

## 148

ദൈവമേ നീയെന്നും എന്റെ ദൈവം
അതിരാവിലെ അങ്ങേ തേടിടും ഞാൻ
എന്നുള്ളം നിൻപേർക്കായ് ദാഹിക്കുന്നു എന്റെ
ദേഹവും നിൻപേർക്കായ് കാംക്ഷിക്കുന്നു (2)

1. നിൻ ബലവും നിന്റെ മഹിമയും കാണ്മാൻ
നിങ്കലേക്കെൻ കൺകൾ ഉയർന്നിടുന്നു (2)
നിൻദയ ജീവനിലും നല്ലതെന്ന്
എന്നധരങ്ങളും സ്തുതിപാടിടും (2) ദൈവമേ....

2. നിൻ ചിറകിൻ നിഴലിൽ അനുദിനം നാഥാ (2)
ഞാൻ ഘോഷിച്ചാനന്ദിച്ചാർത്തിടുന്നു
എന്മനം നിന്നോടു ചേർന്നീടുന്നു
നിൻ വലങ്കൈ എന്നെ താങ്ങിടുന്നു (2) ദൈവമേ....

3. മോദമെഴുമെന്റെ അധരങ്ങളിനാൽ ഞാൻ
കർത്താവേ നിൻസ്തുതി പാടിടുന്നു
നീയെന്റെ സഹായമായ് തീർന്നുവല്ലോ
ഈ മരുഭൂമിയിലിന്നുമെന്നും (2) ദൈവമേ....



ആകുലങ്ങളില്ലാ നാട്ടിൽ
ചേരും സ്വർഗ്ഗ വീട്ടിൽ ഞാൻ ... യേശു

## 103

എൻ പ്രിയാ നിൻ വൻകരം എന്നെ താങ്ങി നടത്തീടുന്നതാൽ
എൻ ജീവിത ഭാരങ്ങളാൽ കേഴേണമോ ഈഭൂവിൽ

1. എൻ വേദന മാറിടുമേ എൻ രോഗങ്ങൾ നീങ്ങിടുമേ
അങ്ങേ മാർവ്വിൽ ചാരീടുമ്പോൾ
ഞാനെന്തു ഭാഗ്യവാനായ് ... എൻ

2. ജീവിതസാഗരേ ഭാരങ്ങളാൽ എൻതോണി വലഞ്ഞീടുമ്പോൾ
അമരക്കാരനായ് നിൻസാന്നിദ്ധ്യം എന്നെന്നും മതിയെനിക്ക്
ഉററവർ കൈവിടും സ്നേഹിതർ മാറിടും
പെററമ്മയും തള്ളീടുമേ മാററമില്ലാ വിശ്വസ്തനെ
നിന്റെതല്ലോ എന്നും ഞാൻ എൻ

## 104

സ്വർഗ്ഗീയ സൈന്യങ്ങൾ വാഴ്ത്തീടുന്ന ഉന്നതൻ നീയല്ലയോ
സർല്ലോകരെല്ലാരും ഘോഷിക്കുന്ന വല്ലഭൻ നീയല്ലയോ

*ഞങ്ങൾ പാടും ആർക്കും വല്ലഭൻ നീയല്ലയോ*
*ഞങ്ങൾ വാഴ്ത്തും പുകഴ്ത്തും വല്ലഭൻ നീയല്ലയോ*

1. സ്വർല്ലോകം വിട്ടിഹേ ഭൂവിൽ വന്ന മാനവൻ നീയല്ലയോ
മാനവ പാപങ്ങൾ നീക്കം ചെയ്ത
രക്ഷകൻ നീയല്ലയോ ഞങ്ങൾ

## 105

യേശു നല്ലവൻ എനിക്കു യേശു നല്ലവൻ
നല്ല രക്ഷകൻ തൻ നാമം വാഴ്ത്തിപ്പാടും ഞാൻ
യേശു നല്ലവൻ അതേ എൻ യേശു നല്ലവൻ യേശു ......

1. ചെങ്കടൽ പിളർന്നു തൻ വഴി നടത്തിടും
അടിമയിൻ നുകം തകർത്തു വീണ്ടെടുത്തവൻ
ചിറകുകൾ വിടർത്തി മറവിൽ കാത്തിടുന്നവൻ യേശു.. ...

2. മുന്നിലും പിറകിലും നടന്നു കാവലായ്
മേഘമൊന്നെനിക്കുമേൽ വിരിച്ചു സ്നേഹമായ്
നീണ്ടമരുഭൂവിൽ ഉള്ളംകയ്യിൽ താങ്ങിടും യേശു.. ..

3. കോട്ടകൾ തകർത്തിടാൻ ബലത്തെ നൽകിടും
നീട്ടിയ ഭുജത്താലെന്നെ താൻ നടത്തിടും
വീട്ടിലെത്തുവോളം പൊന്മുഖത്തിൽ നോക്കിടാം യേശു.. ..

4. ക്ഷാമകാലത്തെന്നെ ക്ഷേമമോടെ കാത്തിടും
പച്ചപ്പുൽത്തകിടിയിൽ കിടത്തിടുമവൻ
വേണ്ടതെല്ലാം നിത്യമേകി പോറ്റിടുന്നവൻ യേശു.. ..

## 106

എണ്ണി എണ്ണി സ്തുതിക്കുവാൻ
എണ്ണമില്ലാത്ത കൃപകളിനാൽ
ഇന്നേയോളം തൻ ഭുജത്താൽ
എന്നെ താങ്ങിയ നാമമേ... (2)

1. ഉന്നം വെച്ച വൈരിയിൻ
കണ്ണിൻ മുമ്പിൽ പതറാതെ (2)
കൺമണി പോൽ കാക്കും കരങ്ങളിൽ
നിന്നെ മൂടി മറച്ചില്ലേ? (2) എണ്ണി എണ്ണി

2. യോർദ്ദാൻ കലങ്ങി മറിയും
ജീവിത ഭാരങ്ങൾ (2)
ഏലിയാവിൻ പുതപ്പെവിടെ?
നിന്റെ വിശ്വാസ ശോധനയിൽ (2) എണ്ണി എണ്ണി

3. നിനക്കെതി രായ് വരും
ആയുധം ഫലിക്കയില്ല (2)
നിന്റെ ഉടയവൻ നിന്നവകാശം
തന്റെ ദാസരിൽ നീതിയവൻ (2) എണ്ണി എണ്ണി

## 107

വീണ്ടെടുപ്പിൻ നാളടുത്തിതാ
മാറെറാലി ഞാൻ കേട്ടിടുന്നിതാ (2)
ദേശമെല്ലാം പോകാം സാക്ഷികളായ് തീരാം
കാലമെല്ലാം തീരാറായല്ലോ (2)

*വേഗം നാം പോയിടാം*
*വേഗം നാം പോയിടാം*
*കാലമെല്ലാം തീരാറായല്ലോ* (2)



ക്രൂശിന്റെ സാക്ഷിയായ് ധീരപടയാളിയായ്
ക്രിസ്തുവിന്നായ് യുദ്ധം ചെയ്തിടാം

3 കണ്ണുനീർ തുടച്ചു നീക്കിടും
ആശ്രിതർക്കാലംബമേകിടും
ജീവനെ വെടിഞ്ഞു ലോകഇമ്പം വെറുത്തു
ക്രിസ്തുവിന്നായ് പോർ ചെയ്തീടുക

4 പാപികൾക്കു രക്ഷയേകിടും
രോഗികൾക്കു സൗഖ്യം നൽകിടും
പാപത്തെ വെറുത്തു തൻഹിതം ചെയ്തു
രക്ഷകന്റെ പിൻപെ പോയിടാം

## 146

എക്കാലത്തിലും ക്രിസ്തു മാറുകില്ല
എക്കാരണത്താലും എന്നെ കൈവിടില്ല

1. ആരെ ഞാൻ വിശ്വസിക്കുന്നുവെന്ന്
അറിയുന്നവനെന്നന്ത്യം വരെ
എന്നുപനിധിയെ സൂക്ഷിച്ചീടുവാൻ
തന്നുടെ കരങ്ങൾ കഴിവുള്ളതാം (എക്കാല......)

2. ഇന്നലേമിന്നുമെന്നേക്കുമവൻ
അനന്യൻ തൻകൃപ തീരുകില്ല
മന്നിൽ വന്നവൻ വിണ്ണിലുള്ളവൻ
വന്നിടുമിനിയും മന്നവനായ് (എക്കാല......)

3. കളങ്കമെന്നിയെ ഞാനൊരിക്കൽ
പളുങ്കുനദിയിൻ കരെയിരുന്നു
പാടിസ്തുതിക്കും പരമനാമം
കോടികോടി യുഗങ്ങളെല്ലാം (എക്കാല......)

4. നിത്യവും കാത്തിടാമെന്ന നല്ല
വാഗ്ദത്തം തന്ന സർവ്വേശ്വരനാം
അത്യുന്നതന്റെ മറവിൽ വസിക്കും
ഭക്തജനങ്ങൾ ഭാഗ്യമുള്ളോർ (എക്കാല......)

## 147

1. എനിക്കല്ല ഞാൻ ക്രിസ്തുവിനത്രെ
അവനായിതാ സമർപ്പിക്കുന്നേ

കരങ്ങളുയർത്തി നന്ദി ചൊല്ലാം.
അധരം തുറന്നൊന്നായ് പാടി വാഴ്ത്താം.
ഹാലേല്ലൂയ്യാ (3)

1 യേശുവിൻ രക്തമിന്നെൻ പാപം മോചിച്ചല്ലോ
യേശുവിൻ രക്തമിന്നെൻ രോഗം നീക്കിയല്ലോ
അവൻ കരതലത്തിൽ എന്നെ വഹിക്കുന്നതാൽ
എനിക്കാകുലം ലേശമില്ല

2 ആത്മാവിൻ സൽഫലമോ എന്നിൽ നിറച്ചിടണേ
സ്നേഹത്തിൽ എല്ലാം ചെയ്‌വാൻ ശക്തി പകർന്നിടണേ
ആ ആത്മ നദിയിൽ നിത്യം നവ്യമാകുവാൻ
എന്നെ സമ്പൂർണ്ണം സമർപ്പിക്കുന്നു.

## 144

1 ഇമ്മാനുവേൽ തൻ ചങ്കതിൽനിന്നൊഴുകും രക്തം
പാപക്കറ നീക്കുമതിൽ മുങ്ങിത്തീർന്നാൽ ആരും

*എൻപേർക്കേശു മരിച്ചെന്നു ഞാൻ വിശ്വസിക്കുന്നു*
*പാപം എന്നിൽനിന്നു നീക്കാൻ യേശു രക്തം ചിന്തി*

2 കള്ളൻ ക്രൂശിൽ പാപശാന്തി കണ്ടീയുറവയിൽ
അവനെപ്പോൽ ഞാനും ദോഷി കണ്ടെൻ പ്രതിശാന്തി- എൻ

3 കുഞ്ഞാട്ടിൻ വിലയേറിയ രുധിരത്തിൻ ശക്തി
വീണ്ടുകൊള്ളും ദൈവസഭ ആകെ വിശേഷമായ്- എൻ

4 തൻമുറിവിൻ രക്തനദി ഞാൻ കണ്ടന്നുമുതൽ തൻ
വീണ്ടെടുപ്പിൻ സ്നേഹം താനെൻ ചിന്ത ഇന്നുമെന്നും. എൻ

5 വിക്കുള്ളതാം എന്റെ ഈ നാവു ശവക്കുഴിക്കുള്ളിൽ
മൗനം ആയാൽ എൻ ആത്മാവ് പാടും ഉന്നതത്തിൽ- എൻ

## 145

1 ക്രിസ്തുവിൽ സേനവീരരെ ഉയർത്തിടുവിൻ കൊടിയേ
ധീരമായ് പോരാടിടാം കർത്തൻ വേല ചെയ്തിടാം
ജയഗീതം പാടിഘോഷിക്കാം
പോക നാം പോക നാം,
ക്രിസ്തുവിന്റെ പിൻപെ പോക നാം

2 സത്യപാത കാട്ടിത്തന്നിടും
നീതിമാർഗ്ഗമോതിത്തന്നിടും



1. ദേശത്തിന്റെ കാവൽ ചെയ്തീടും
കാവൽക്കാരാ രാത്രി എന്തായി (2)
ദൂരെ നിന്നു കേൾക്കും നാദമെന്റെ കാതിൽ
കാവൽക്കാരാ രാത്രി എന്തായി (2) വേഗം നാം..

2. ശത്രു നിന്റെ മുമ്പിലുള്ളതാൽ
തെല്ലുമേ ഭയന്നിടേണ്ട നീ (2)
ഏന്തുക സർവ്വായുധം കോട്ട കാത്തു കൊള്ളുക
ക്രിസ്തു തന്നെ സേനാ നായകൻ (2) വേഗം നാം..

3. വന്നീടും പ്രഭാതമൊന്നതിൽ
അന്നു വന്നുദിക്കും സൂര്യനായ് (2)
അന്നു തൻ വിശുദ്ധർ നിത്യതയിലെത്തി
നിത്യകാലം വാഴും മോദമായ്.. (2) വേഗം നാം..

4. പോർക്കളത്തിൽ നിൽക്കും വീരരെ
നല്ല യുദ്ധസേവ ചെയ്തീടാം (2)
കാഹളം മുഴക്കി കാലടികൾ വെച്ച്
ശത്രുവേ തുരത്തി മുന്നേറാം (2) വേഗം നാം..

## 108

**84** ാം പാട്ട് നോക്കുക

## 109

ദൈവസന്നിധൗ ഞാൻ സ്തോത്രം പാടിടും
ദൈവം നൽകിയ നന്മകൾക്കായ്
ദൈവം ഏകിതൻ സൂനുവേ പാപിയെനിക്കായ്
ഹല്ലേലുയ്യാ ഗീതം പാടും ഞാൻ

*പാടി സ്തുതിക്കും ഞാൻ പാടി സ്തുതിക്കും*
*സ്തോത്രഗീതം പാടി സ്തുതിക്കും*

1 അന്ധകാരമെൻ അന്തരംഗത്തെ
ബന്ധനം ചെയ്തടിമയാക്കി
ബന്ധുരഭനാം തൻ സ്വന്തപുത്രനാൽ
ബന്ധനങ്ങളഴിച്ചുവല്ലോ (2) പാടി

2 ശത്രുവാമെന്നെ പുത്രനാക്കുവാൻ
പുത്രനെ കുരിശിൽ ഏൽപ്പിച്ചു

പുത്രത്വം നല്കി ഹാ എത്ര സൗഭാഗ്യം
സ്തോത്രഗീതം പാടി സ്തുതിക്കും (2) പാടി

3 വിളിച്ചു എന്നെ വെളിച്ചമാക്കി
വിളിച്ചവനായി ശോഭിപ്പാൻ
ഒളിവിതറും നൽതെളിവചനം
എളിയവനെങ്ങും ഘോഷിക്കും (2) പാടി

## 110

മാൻ നീർത്തോടിനായ് ദാഹിച്ചു കാംക്ഷിക്കും പോലവേ
എന്നാത്മാവിൻ ദാഹവും നിനക്കായെൻ ദൈവമേ

*ആശ്രയം നീ ശൈലവും നീ*
*കോട്ടയും നീ എന്നും കാക്കും*

1. ജീവിക്കും ദൈവത്തിനയ്
ദാഹിക്കും എൻമനമേ
ദേവാ നിൻ സന്നിധിയിൽ
നിന്നിടാൻ ആത്മാവു വാഞ്ചിക്കുന്നു ആശ്രയം

2. ആത്മാവേ ഉള്ളമതിൽ
ഖേദത്താൽ ഞരങ്ങുന്നുവോ
അവൻ നിൻരക്ഷയുമേ
നിന്നുടെ മുഖപ്രകാശവുമേ ആശ്രയം

3. യോർദ്ദാൻ തലങ്ങളിലും
ഹെർമ്മോൻ മലകളിലും
എല്ലാ ഇടങ്ങളിലും
നിന്നെ നിരന്തരം ഓർത്തീടുമേ ആശ്രയം

## 111

ഏഴു നക്ഷത്രം വലങ്കൈയ്യിൽ പിടിച്ച്
ഏറെ രാജാമുടി ശിരസ്സതിൽ ധരിച്ച്
ഏഴു പൊൻ നിലവിളക്കുകൾ അതിൻ നടുവിൽ
എഴുന്നള്ളി വന്നോനെ (2)

1 ദാവീദു ഗോത്രത്തിൻ സിംഹമായോനെ
ദാവീദിൻ താക്കോൽ കൈയ്യിലുള്ളവനെ (2)
നീ തുറന്നാൽ അത് അടക്കുവതാര്
നീ അടച്ചാൽ അത് തുറക്കുവതാര് (2) ഏഴു



ഇതുവരെ ശുഭമായി നടത്തിയെൻ
ഇനിമേലും നടത്തീടുമേ.... ഭയം

## 142

1 വിതെച്ചീടുക നാം സ്വർഗ്ഗത്തിന്റെ വിത്താം
ക്രിസ്തൻ സുവിശേഷം ഹൃദയങ്ങളിൽ
ആത്മമാരി പെയ്യും ദൈവം കൃപ ചെയ്യും
തരും കൊയ്ത്തിനേയും തക്ക കാലത്തിൽ

*കൊയ്ത്തുകാലത്തിൽ നാം സന്തോഷിച്ചും*
*കറ്റകൾ ചുമന്നും കൊണ്ടു വന്നിടും*

2 വിതെച്ചീടുക നാം-സ്നേഹത്തിൻ അദ്ധ്വാനം
ഒരുനാളും വ്യർത്ഥം -അല്ല ആകയാൽ
എന്നും പ്രാർത്ഥിച്ചീടിൻ- വേലയിൽ നിന്നീടിൻ
വിത്തു നനെച്ചീടിൻ - കണ്ണുനീരിനാൽ- കൊയ്ത്തു

3 വിതെച്ചീടുക നാം-വർദ്ധനയെ ദൈവം
നൽകും സർവ്വനേരം -തൻ വൻ ശക്തിയാൽ
വേനൽക്കാലം വർഷം -കാററു ശീതം ഉഷ്ണം
ചെയ്യും ദൈവ ഇഷ്ടം- ഭൂമി നിൽക്കും നാൾ - കൊയ്ത്തു

4 വിതെച്ചീടുക നാം- തടസ്സം അനേകം
സാത്താൻ കൊണ്ടെന്നാലും- തൻ വൈരാഗ്യത്തിൽ
തളർന്നു പോകാതെ -സ്നേഹവും വിടാതെ
നിൽക്ക ക്ഷീണിക്കാതെ -ക്രിസ്തൻ ശക്തിയിൽ കൊയ്ത്തു

5 വിതെച്ചീടുക നാം വിതയ്ക്കുന്ന കാലം
അവസാനിച്ചീടും എത്ര വേഗത്തിൽ
ഇപ്പോൾ വിതയ്ക്കാതെ - ഇരുന്നാൽ കൊയ്യാതെ
രക്ഷകൻ മുമ്പാകെ നിൽക്കും ലജ്ജയിൽ- കൊയ്ത്തു

6 വിതെച്ചീടുക നാം -ദിവ്യസമാധാനം
മുളച്ചീടുവോളം ശൂന്യദേശത്തിൽ
മരുഭൂമി കാടും- ഉത്സവം കൊണ്ടാടും
പർവ്വതങ്ങൾ പാടും ദൈവതേജസ്സിൽ - കൊയ്ത്തു

## 143

ആരാധിക്കാം നമുക്ക് ആരാധിക്കാം
നാഥൻ നന്മകൾ ധ്യാനിച്ചിടാം

## 140

ആരാധ്യനെ ആരാധ്യനെ
ആരിലുമുന്നതനായവനെ
ആരാധിക്കുന്നിതാ നിന്നെയീ ഞങ്ങൾ
ആയുസ്സിൽ നാൾകളെല്ലാം

1 എന്റെ രോഗക്കിടക്കയിൽ നീ
എന്റെ സൗഖ്യപ്രദായകനെ
എന്റെ രോഗ സംഹാരകനെ
എന്റെ സർവ്വവും നീ മാത്രമേ- ആരാധ്യ

2 നിന്റെ പ്രത്യക്ഷദിനമതിൽ
നിന്റെ വിശ്വസ്ത ദാസനായി
നിന്റെ വിശ്വസ്ത സാക്ഷിയായി
നിന്റെ സന്നിധേ എത്തിടും ഞാൻ- ആരാധ്യ

## 141

ഭയം ലേശം വേണ്ടിനിയും
മമ യേശു എൻ അഭയം
വൻ തുമ്പ നേരത്തിലും
യേശു താൻ എന്നോടിരിക്കും

1 കണ്മണിപോലെന്നെ സൂക്ഷിച്ചു
ഉള്ളംകൈയിലെന്നെ വരച്ചു
പരനറിയാതെ ഒന്നും വന്നതില്ല
തിരുമാർവ്വിൽ ചാരിടും ഞാൻ.... ഭയം

2 കർത്തനോടൊത്തു ഞാൻ നടന്നു
നിത്യശാന്തിയെന്നിൽ പകർന്നു
വെളിപ്പാടിനാൽ ദിനവും- വിശുദ്ധമാം
വഴികളിൽ നയിച്ചിടുമേ... ഭയം

3 കഷ്ടങ്ങൾ നഷ്ടങ്ങൾ വന്നാലും
യോർദ്ദാൻ കവിഞ്ഞൊഴുകിയാലും
ഏലിയാവിൻ ദൈവത്താൽ-ശത്രുവിന്മേൽ
ജയഭേരി മുഴക്കീടുമേ... ഭയം

4 എത്രയോ അത്ഭുത നന്മകൾ
കർത്തൻ ചെയ്തതു നിനച്ചീടുകിൽ



2 ദൂതസഞ്ചയത്തിൽ ആരാധ്യൻ ക്രിസ്തു
പുസ്തകം തുറപ്പാൻ യോഗ്യനായോനേ (2)
മടങ്ങിടുമേ സർവ്വ മുഴങ്കാലുകളും
എല്ലാനാവും പാടിടും നിന്നെ (2) ഏഴു

3 മുൾമുടി ചൂടിയ ശിരസ്സിന്മേൽ അന്നാൾ
പൊൻമുടിചൂടി താനെഴുന്നള്ളിവരുമേ (2)
വാഴ്ചകൾക്കും അധികാരങ്ങൾക്കുമന്ന്
മാറ്റം ഭവിച്ചിടും താതന്റെ വരവിൽ (2) ഏഴു

## 112.

നീയെൻ ആശ, നീയെൻ സ്വന്തം
നീ മാത്രമെൻ യേശുവേ

1. കഷ്ടനഷ്ട ശോധനകൾ
ശത്രുഭീതി ഏറുമ്പോൾ
പ്രാണപ്രിയാ യേശുനാഥാ
തിരുകരങ്ങളാൽ താങ്ങണെ (2) നീയെൻ

2. രോഗഭാര ക്ഷീണമെല്ലാം
ഏറിയെന്നിൽ നീറുമ്പോൾ
കണ്ണുനീരിൻ താഴ്‌വരയിൽ
ഏകനായ് ഞാൻ തീരുമ്പോൾ (2) നീയെൻ

3. ആത്മ വരങ്ങളാൽ നയിച്ചിടേണം
അനുദിനം നിൻ വഴികളിൽ
എന്റെ ബലവും കോട്ടയും നീ
എന്നുമെന്നും യേശുവേ (2) നീയെൻ

## 113

ദൈവത്താൽ അസാദ്ധ്യമായതൊന്നുമില്ലല്ലോ
യഹോവയ്ക്കു കഴിയാത്ത കാര്യമില്ലല്ലോ
യേശുവിന്റെ നാമത്താൽ സൗഖ്യമുണ്ടല്ലോ
യേശുവിന്റെ രക്തത്താൽ ജയമുണ്ടല്ലോ

*വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം കാണാം*
*പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ പ്രവൃത്തി കാണാം*
*ആരാധിച്ചാൽ ദൈവത്തിന്റെ വിടുതൽ കാണാം*
*ആശ്രയിച്ചാൽ ദൈവത്തിന്റെ കരുതൽ കാണാം.*

1. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചപ്പോൾ
ദൈവമതു നീതിക്കായി കണക്കിട്ടല്ലോ
അതിമഹത്തായ പ്രതിഫലം കൊടുത്തു
ബഹുജാതികൾക്കു പിതാവാക്കിത്തീർത്തില്ലോ — വിശ്വസി

2. ഇസഹാക്കിൻ പ്രാർത്ഥനയ്ക്കു മറുപടിയായി
നൂറുമേനി നൽകി ദൈവം അനുഗ്രഹിച്ചു
വാഗ്ദത്തങ്ങൾ നിറവേറ്റി പരിപാലിച്ചു
തലമുറകൾ നൽകി അനുഗ്രഹിച്ചു — വിശ്വസി

3. യാക്കോബും ദൈവത്തെ ആരാധിച്ചപ്പോൾ
യഹോവയ്ക്കു തക്ക മഹത്വം കൊടുത്തപ്പോൾ
യാബോക്ക് എന്ന കടവിൽ അനുഗ്രഹമായ്
യിസ്രായേൽ എന്ന ബഹുമാനം ലഭിച്ചു — വിശ്വസി

## 114

സിയോൻ സൈന്യമേ ഉണർന്നീടുവിൻ
പൊരുതു നീ ജയമെടുത്ത് വിരുതു പ്രാപിക്ക

*കേൾക്കാറായ് തൻ കാഹളധ്വനി*
*നാം പോകാറായ് ഈ പാർത്തലം വിട്ട്*
*തേജസ്സേറും പുരെ* (2)

1. സർവ്വായുധങ്ങൾ ധരിച്ചീടുക ദുഷ്ടനോട്
എതിർത്തു നിന്നു വിജയം നേടുക — കേൾക്കാറായ്

2. ക്രിസ്തേശുവിനായ് കഷ്ടം സഹിച്ചോർ
നിത്യനിത്യ യുഗങ്ങൾ വാഴും സ്വർഗ്ഗ സീയോനിൽ — കേൾക്കാറായ്

3. പ്രത്യാശയെന്നിൽ വർദ്ധിച്ചീടുന്നേ
അന്നു ചെന്നു കാണുവാനെ പ്രീയൻ പൊൻമുഖം — കേൾക്കാറായ്

4. ആനന്ദമേ നിത്യാനന്ദമേ
കാന്തനോടു വാഴും കാലം എത്ര ആനന്ദം — കേൾക്കാറായ

## 115

അത്യുന്നതന്റെ മറവിങ്കൽ
സർവ്വ ശക്തന്റെ നിഴലിൻ കീഴിൽ
പാർക്കും ഞാൻ നിർഭയനായി
പാടും ഞാൻ സ്തുതിഗീതങ്ങൾ



പാപവും ശാപവും നീക്കി താൻ ജയം നൽകി
പാപികൾക്കവൻ നിത്യശാന്തി നൽകി- — കാഹളം

3 പാടുവിൻ നവഗാനം അറിയിപ്പിൻ സുവിശേഷം
ദൈവരാജ്യം ആസന്നമായ് മനം തിരിവിൻ
യെരിഹോവിൻ മതിലുകൾ തകർത്തീടാൻ ഉണരുവിൻ
കാഹളം മുഴക്കിടാം ദൈവജനമെ- — കാഹളം

## 138

എന്നേശു വന്നിടും എന്നാശ ഒന്നിതേ
അരുമയൊടെൻ കരംപിടിച്ചു ശാന്തി ഏകിടാൻ
എൻ ദുഃഖം തീർത്തിടാൻ കണ്ണീർ തുടച്ചിടാൻ
എന്നേശു വീണ്ടും വന്നിടും

1 ഈ ലോക വാരിധിയിലോളങ്ങളേറിടുമ്പോൾ
താഴാതെ താങ്ങിടുന്നവൻ
കാർമേഘതുല്യമാം കളങ്കങ്ങൾ നീക്കിയെന്നെ
തേജസ്സിൽ സ്വീകരിക്കുവാൻ — (2) എന്നേശു

2 സാറാഫിൻ ഗീതികളാൽ കാഹളനാദമോടെ
മേഘരൂഢനായ് വരുന്നവൻ
രാജാധി രാജനേശു പൂർണ്ണ മഹിമകളിൽ
എന്നേയും ചേർത്തിടുവാനായ് — (2) എന്നേശു

3 വിണ്ണിലെൻ വീടൊരുക്കി വേഗം വരാമെന്ന
വാഗ്ദത്തം തന്ന നാഥനായ്
നാൾതോറും കാത്തു പാർത്തു തൻസേവ ചെയ്തുമോദതാൽ
കാന്തനെ സ്വീകരിക്കും ഞാൻ — (2) എന്നേശു

4 പ്രീയന്റെ പൊൻവദനശോഭയിൽ ലീനനായ് ഞാൻ
ആനന്ദഗീതം പാടിടും
മാലുവിനകളേതുമേശാത്ത സ്വർഗ വീട്ടിൽ
മന്നനോടെത്തു വാഴും ഞാൻ — (2) എന്നേശു

## 139

**98** ാം പാട്ട് നോക്കുക

യഹൂദഗോത്രത്തിൽ സിംഹമായവൻ
രാജാധിരാജൻ കർത്താധികർത്തൻ

4 അറുക്കപ്പെട്ട ദൈവകുഞ്ഞാടെ.... ക്രൂശിൻ
തറയ്ക്കപ്പെട്ട ദൈവകുമാരാ...
ഒരുക്കപ്പെട്ട മണവാട്ടിയെ വാനിൽ
എടുക്കപ്പെടാൻ വേഗം വുന്നവനേ... രാജാവ്

## 136

നമുക്കഭയം ദൈവമത്രേ
മനുഷ്യഭയം വേണ്ടിനിയും

1 എന്നും തൻ സങ്കേതം ദൈവം
തന്നും നമ്മേകാത്തിടുന്നു
മണ്ണും മലയും നിർമ്മിച്ചതിന്നും
മുന്നമേ തൻ വാഴുന്നു നമുക്കഭയം

2 നന്മ ചെയ്തും നാട്ടിൽ പാർത്തും
നമുക്കു ദൈവസേവ ചെയ്യാം
ആശ്രയിക്കാം അവനിൽ മാത്രം
ആഗ്രഹങ്ങൾ തരുമവൻ നമുക്കവൻ

3 നിത്യനാടു നോക്കി നമ്മൾ
യാത്ര ചെയ്യുന്നതിന്നു മന്നിൽ
എത്തും വേഗം നിശ്ചയം നാം
പുത്തൻ ശാലേം പുരമതിൽ നമുക്കഭയം

## 137

കാഹളം കാതുകളിൽ കേട്ടീടാറായ്
ദൈവദൂതർ പൊൻവീണകൾ മീട്ടിടാറായ്
യേശു താനരുളിയ വാഗദത്തം നിറവേറാൻ
കാലങ്ങൾ നമ്മെ വിട്ടു പായുകയായ്- കാഹളം

1 സമാധാനമില്ല ഭൂവിൽ അനുദിനം നിലവിളി
പടർന്നുയരുകയായ് ധരണിതന്നിൽ
ദൈവത്തിൻ പൈതങ്ങൾക്കാനന്ദം ധരണിയിൽ
ക്ലേശിപ്പാൻ ലവലേശം സാധ്യമല്ല- കാഹളം

2 ജനിച്ചു പ്രവർത്തി ചെയ്തു മരിച്ചു മൂന്നാംദിനത്തിൽ
മരണത്തെ ജയിച്ചേശു ഉയരത്തിൽ പോയ്



1. ആപത്തുകൾ രോഗങ്ങളും
നഷ്ടങ്ങളും എന്നെ ജയിക്കയില്ല
എന്റെ അദ്ധ്വാനഫലം
ഞാൻ തന്നേ അനുഭവിക്കും
ഞാനും എൻ കുടുംബവുമോ
യേശുവേ ആരാധിക്കും
തൻ വചനം അനുസരിക്കും
മാതൃകയായ് ജീവിക്കും

2. യാത്രകളിൽ തൻ കാവലുണ്ട്
ആളും സഹായവും കരുതീട്ടുണ്ട്
ആയുസ്സും ആരോഗ്യവും
എൻ ദൈവം എനിക്കു തരും
ദൂതന്മാർ മുന്നമേ പോകുന്നു
കാര്യം നടത്തിത്തരുന്നു
എപ്പോഴും ദൈവം എന്റെ കൂടെയുണ്ട്
ഇതിൽപരം ഭാഗ്യമുണ്ടോ

## 116

വരുന്നുണ്ട് വരുന്നുണ്ട്
എന്റെ അത്ഭുതം വരുന്നുണ്ട്

1. കുരുടനു കാഴ്ച ലഭിച്ചതുപോൽ
എൻ സൗഖ്യം വരുന്നുണ്ട്

2. ഏലിയാവിനപ്പം ലഭിച്ചതുപോൽ
എൻ ആഹാരം വരുന്നുണ്ട്

3. അബ്രഹാം അനുഗ്രഹമായതുപോൽ
എൻ അനുഗ്രഹം വരുന്നുണ്ട്

4. യോസേഫ് മാനിക്കപ്പെട്ടതുപോൽ
എൻ ഉയർച്ച വരുന്നുണ്ട്

5. ദാനിയേൽ വിടുവിക്കപ്പെട്ടതുപോൽ
എൻ വിടുതൽ വരുന്നുണ്ട്

6. ദാവീദ് യുദ്ധം ജയിച്ചതുപോൽ
എൻ വിജയം വരുന്നുണ്ട്

7. ശലോമോന് വിജ്ഞാനം ലഭിച്ചതുപോൽ
എൻ വിജ്ഞാനം വരുന്നുണ്ട്

# 117

തമ്പേറിൻ താളത്തോടെ
കൈത്താളമേളത്തോടെ
കർത്താവിനെ സ്തുതിച്ചിടാം
കർത്താവിൻ നാമം വാഴ്ത്തിടാം

1. ദൈവാധി ദൈവത്തിനു സ്തോത്രം ചെയ്വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത് -അവൻ
കർത്താധി കർത്താവിനു സ്തോത്രം ചെയ്വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്-അവൻ

2. സർവ്വശക്തനു പാടി സ്തോത്രം ചെയ്വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്-അവൻ
സൃഷ്ടി കർത്താവിനു സ്തോത്രം ചെയ്വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്-അവൻ

3. സൗഖ്യദായകന് സ്തോത്രം ചെയ്വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്-അവൻ
ജീവദായകന് സ്തോത്രം ചെയ്വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്-അവൻ

4. നല്ല ഇടയന് സ്തോത്രം ചെയ്വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്-അവൻ
അപ്പം നൽകുന്നവന് സ്തോത്രം ചെയ്വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്-അവൻ

# 118

1 ഞാനെൻ പ്രിയനാം എൻ യേശുവെ കാണും (2)
ഹല്ലേലുയ്യാ എന്നുച്ചത്തിൽ ഞാൻ ആർക്കും മോദത്താൽ
ശുദ്ധർ കൂടെ ഹല്ലേലുയ്യാ പാടും ഞാൻ

*ഹാ! കാണും ഞാൻ, ഹല്ലേലുയ്യാ കാണും ഞാൻ*
*ശുദ്ധർ കൂടെ ഹല്ലേലുയ്യാ പാടും ഞാൻ*
*കണ്ണുനീരില്ലാ എൻ വീട്ടിൽ ചെന്നേശുവെ കാണുമ്പോൾ*
*ശുദ്ധർ കൂടെ ഹല്ലേലുയ്യാ പാടും ഞാൻ*

2 കാണാൻ വാഞ്ചിച്ച ശുദ്ധരെ കാണാം
എന്തൊരാനന്ദം അന്നാളിൽ ഉണ്ടാവാം
ഹാനോക്കുണ്ടാകും ഏലിയാവുണ്ടാകും
മോശെയുണ്ടാകും ദാവീദുണ്ടാകും



നീ സഹിച്ചു വേദനയാലെ
അതും എൻപേർക്കല്ലോ രക്ഷകാ ഞാനെന്തുള്ളൂ

# 134

പ്രാർത്ഥനയാൽ സാധിക്കാത്ത കാര്യമില്ലൊന്നും
പ്രാർത്ഥിക്കാത്ത കാരണത്താൽ ലഭിക്കുന്നില്ലൊന്നും
യാചിക്കുന്നതെല്ലാം നിങ്ങൾ പ്രാപിച്ചുവെന്ന്
വിശ്വാസത്തോടെ പ്രാർത്ഥിക്കുകിൽ നിശ്ചയം ഫലം

1 നിങ്ങളെന്നിൽ വചനം നിങ്ങൾക്കുള്ളിലും
വാസം ചെയ്കിൽ യാചനകൾ സാദ്ധ്യമാകിടും
എന്നോടു ചേർന്നൊരു നാഴിക ഉണർന്നിരിക്കാമൊ
പാപക്കെണികൾ ഒഴിഞ്ഞുപോകാൻ മാർഗ്ഗമതല്ലയോ

2 മടുത്തു പോകാതൊടുക്കത്തോളം പ്രാർത്ഥിച്ചീടണം
തടുത്തു വെച്ചിലൊടുങ്ങിടാത്ത ശക്തി പ്രാപിക്കാം
ഇന്നുവരെ എൻ നാമത്തിൽ ചോദിച്ചില്ലല്ലൊ
ചോദിക്കുവിൻ നിങ്ങൾക്കേകാം പൂർണ്ണ സന്തോഷം

3. താതനോടു മാത്രം നിങ്ങൾ പ്രാർത്ഥിച്ചിടേണം
ഏക മദ്ധ്യസ്ഥനിയാകും യേശുനാമത്തിൽ
നിങ്ങളിലെന്റെ സന്തോഷം പൂർണ്ണമായ് തീരാൻ
എൻ വചനം കേട്ടുകൊൾവിൻ ധന്യരാകുവിൻ

# 135

രാജാവ് ഉള്ളിടത്ത് രാജകോലാഹലമുണ്ട്
ആത്മാവ് ഉള്ളിടത്തു ആത്മ പ്രവാഹമുണ്ട്

1 ആരാധനയുണ്ട് ആരാധനയുണ്ട്
യേശു രാജനുള്ളിടത്തു ആരാധനയുണ്ട്
ആരാധനയുണ്ട് ആരാധനയുണ്ട്
ആത്മാവിന്റെ ആരാധനയുണ്ട്

2 സൈന്യത്താലല്ല ശക്തിയാലല്ല
ദൈവത്തിന്റെ ആത്മശക്തിയാലത്രെ
വ്യർത്ഥവുമുള്ള പാരമ്പര്യമല്ല
കുഞ്ഞാട്ടിന്റെ രക്തത്തിന്റെ ശക്തിയ്ലത്രേ... രാജാവ്

3 മഹത്വത്തിനും സ്തോത്രത്തിനും
സർവ്വ ബഹുമാനത്തിനും യോഗ്യനായവൻ

ക്കൊരുക്കീടുമവനഖിലം
കൃപയരുളീടുമേ
ബലമണിയിക്കുമേ-മാറാ
മധുരമായ് മാറ്റീടുമേ നന്മ

2. ഇരുൾ നമ്മെ മൂടിടുമ്പോൾ -
ലോക വെളിച്ചമായവനണയും
രോഗികളായിടുമ്പോൾ സൗഖ്യ-
ദായകനവൻ കരുതും
അവന്നാലയത്തിൽ
സ്വർഗ്ഗനന്മകളാൽ - നമ്മെ
നിറച്ചിടുമനുദിനവും നന്മ

3. കണ്ണുനീർ താഴ്വരകൾ- ജീവ
ജലനദിയാക്കുമവൻ
ലോകത്തിൻ ചങ്ങലകൾ- മണി
വീണയായ് തീർക്കുമവൻ
സീയോൻ യാത്രയതിൽ
മോക്ഷമാർഗ്ഗമതിൽ സ്നേഹ-
കൊടിക്കീഴിൽ നയിക്കുമവൻ നന്മ

## 133

കാൽവറി ക്രൂശിൻമേൽ
എനിക്കായ് മരിച്ച കർത്തനെ
ഇത്രയേറെ എന്നെ സ്നേഹിപ്പാൻ
ഞാനെന്തുള്ളു യേശുപരാ

*ഞാനെന്തുള്ളൂ... ഞാനെന്തുള്ളൂ*
*ഞാനെന്തുള്ളൂ യേശുപരാ*
*ഇത്രയേറെ എന്നെ സ്നേഹിപ്പാൻ*
*ഞാനെന്തുള്ളൂ യേശുപരാ*

1. നിൻ തിരു രക്തത്തിൻ
തുള്ളികൾ തെറിച്ചു ക്രൂശതിൽ
അതിലോരോ തുള്ളികൾക്കും ഞാൻ
എന്തു നൽകും മറുവിലയായ് ഞാനെന്തുള്ളൂ

2. ദുഷ്ടരാം യൂദന്മാർ
ഹിംസ ചെയ്തു നിന്നെ എത്രയോ



അബ്രഹാമുണ്ടാകും ഞാനും കാണും നിശ്ചയം
ശുദ്ധർ കൂടെ ഹല്ലേലുയ്യാ പാടും ഞാൻ..... ഹാ

3 ജീവവൃക്ഷത്തിൻ ഫലം ഭക്ഷിക്കാം
ജീവജലവും പാനം ചെയ്തിടാം
പൗലോസുണ്ടാകും പത്രോസുണ്ടാകും
യാക്കോബുണ്ടാകും തീത്തോസുണ്ടാകും
അപ്പൊല്ലോസുണ്ടാകും ഞാനും കാണും നിശ്ചയം
ശുദ്ധർ കൂടെ ഹല്ലേലുയ്യാ പാടും ഞാൻ .... ഹാ

## 119

സർവ്വശക്തനാണല്ലോ എന്റെ ദൈവം
ഇല്ലില്ല അസാധ്യമായൊന്നുമില്ല
അഖിലാണ്ഡത്തെ നിർമ്മിച്ചവൻ
എൻ പിതാവല്ലോ എന്താനന്ദം

1 റാഫാ യഹോവ
എന്നെ സൗഖ്യമാക്കും
ശമ്മാ യഹോവ
എങ്ങും അവനുണ്ട്
ഈ ദൈവം എന്റെ ദൈവം
എൻ പിതാവല്ലോ എന്താനന്ദം

2 ശാലേം യഹോവ
എന്റെ സമാധാനം
നിസ്സി യഹോവ
എന്റെ ജയക്കൊടിയാം
ഈ ദൈവം എന്റെ ദൈവം
എൻ പിതാവല്ലോ എന്താനന്ദം

## 120

ഭയപ്പെടേണ്ട ഇനി ഭയപ്പെടേണ്ട
ഇമ്മാനുവേൽ നിന്റെ കൂടെയുണ്ട്
എണ്ണമില്ലാതുള്ള നന്മകൾ ഓർത്താൽ
വർണ്ണിപ്പൻ ആയിരം നാവുകൾ പോരാ

1 സിംഹങ്ങൾ നടുവിൽ തള്ളപ്പെട്ടാലും
ഭയപ്പെടേണ്ടിനിയും
തീച്ചൂള നിന്നെ മൂടിയെന്നാലും

ഭയപ്പെടേണ്ടിനിയും
കൺമണിപോൽ നിന്നെ കാക്കുന്ന ദൈവം
തന്നുള്ളം കയ്യിൽ വഹിച്ചിടുമെന്നും

2 കൂട്ടിനായ് ആരും കൂടില്ലെന്നാലും
ഭയപ്പെടേണ്ടിനിയും
കൂടെസഹിപ്പാൻ ആരുമില്ലെന്നാലും
ഭയപ്പെടേണ്ടിനിയും
തന്നുള്ളം കയ്യിൽ വരച്ചവൻ നിന്റെ
കൂടെ നടക്കും കൂടെ വസിക്കും

## 121

പാടി സ്തുതിക്കും ഞാൻ പാടി സ്തുതിക്കും
എത്ര നല്ലവൻ യേശു എത്ര നല്ലവൻ

1 നിൻ കരവലയം എന്റെ കോട്ടയാം
നിന്റെ ശ്വാസമല്ലോ എന്റെ ജീവനാം
നിന്റെ തേജസ്സല്ലോ എൻ കിരീടവും
നീ തന്ന സമ്പത്തും എന്റെ യേശുവേ....

2 എന്തിനിനി കണ്ണീർ ആകുലങ്ങളും
എൻ സുരക്ഷ യേശുവിൻ കയ്യിലല്ലയോ
എല്ലാം നന്മയ്ക്കായ് മാത്രം ചെയ്തിടുന്നവൻ
എനിക്കവൻ എന്നും മതിയായവൻ

## 122

യഹോവ യിരേ, യിരേ, യിരേ
യഹോവ യിരേ, യിരേ, യിരേ
തൻ മക്കൾക്കായ് ദൈവം
കരുതുന്നുന്നതമായ്
ആകുലമോ ഇനിയും
യഹോവ യിരേ...

1. എൻ ഹൃദയേ സമാധാനം-യഹോവ യിരേ
എൻ ഭവനേ സർവ്വ നന്മകളും-യഹോവ യിരേ
തൻ മകനായ് ജീവിക്കും ഞാൻ
തൻ വഴിയേ നടക്കും ഞാൻ
തൻ വചനം ഘോഷിക്കും ഞാൻ
യഹോവ യിരേ...



## 131

1. എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
താൻ ജീവന്റെ കിരീടം എനിക്കു തരുന്നു
തൻ മുഖത്തിൻ പ്രകാശം ഹാ എത്ര മധുരം
ഹാ നല്ലോരവകാശം എന്റേതു നിശ്ചയം

2. എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
എനിക്കു വിപരീതം ആയ കൈയെഴുത്തു
തൻക്രൂശിൻ തിരുരക്തം മായിച്ചുകളഞ്ഞു
ശത്രുത തീർത്തു സ്വർഗ്ഗം എനിക്കു തുറന്നു

3. എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
എൻ ഹൃദയത്തിൻ ഖേദമൊക്കെ താൻ തീർക്കുന്നു
എൻ വഴിയിൽ പ്രയാസം ഞെരുക്കം സങ്കടം
വരുമ്പോൾ നല്ലാശ്വാസം യേശുവിൻ മാർവ്വിടം

4. എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
തൻ നിത്യസ്നേഹം കൊണ്ട് എന്നെ സ്നേഹിക്കുന്നു
താൻ തുടങ്ങിയ വേല എന്നിൽ നിവർത്തിക്കും
തൻ കൃഷ്ണമണിപോലെ എന്നെ കാത്തുകൊള്ളും

5. എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
തൻ വരവു സമീപം നേരം പുലരുന്നു
ദിവ്യമഹത്വത്തോടു താൻ വെളിപ്പെട്ടീടും
ഈ ഞാനുമവനോടുകൂടെ പ്രകാശിക്കും.

## 132

നന്മയല്ലാതൊന്നും ചെയ്തിടാത്തവൻ
തിന്മയാകെ മായിക്കുന്നവൻ
പാപമെല്ലാം മറയ്ക്കുന്നവൻ - പുതു
ജീവനെന്നിൽ പകരുന്നവൻ

*യേശു............. യേശു..............*
*അവനാരിലും വലിയവൻ*
*യേശു............. യേശു..............*
*അവനാരിലും മതിയായവൻ* നന്മ

1. ദൈവത്തെ സ്നേഹിക്കുമ്പോൾ - സർവ്വം
നന്മക്കായ് ഭവിച്ചീടുന്നു
തിരുസ്വരമനുസരിച്ചാൽ- നമു

ബുദ്ധിക്കതീതമാംശക്തി എന്നിൽ നിറ-
ച്ചെന്നെ ജയാളിയായ് നടത്തുന്നു.

## 129

ഈ ലോക ജീവിതത്തിൽ
മൽ ശോധന നേരിടുമ്പോൾ
കരയുകയില്ലിനി തളരുകയില്ല
ജയാളിയാണല്ലോ ഞാൻ ജയാളിയാണല്ലോ (2)

1. രോഗത്തിലെൻമേൽ കാര്യമില്ല
ശാപത്തിലെൻമേൽ ജയവുമില്ല (2)
ക്രൂശിലെ യേശു ഇതെല്ലാം വഹിച്ചതാ
ജയാളിയാണല്ലോ ഞാൻ ജയാളിയാണല്ലോ (2) ഈ ലോക

2. എൻമേലോ ഇനി എൻ ഭവനത്തിലോ
സാത്താന്യ തന്ത്രങ്ങൾ വിജയിക്കില്ല. (2)
ക്രൂശിലെൻ യേശു ജയാളിയായതാൽ
ജയാളിയാണല്ലോ ഞാൻ ജയാളിയാണല്ലോ (2) ഈ ലോക

## 130

എന്റെ യേശു വാക്കു മാറാത്തോൻ (4)
ഈ മൺ മാറും വിൺ മാറും
മർത്യരെല്ലാം വാക്കു മാറും
എന്റെ യേശു വാക്കു മാറാത്തോൻ

1. പെററതള്ള മാറിപ്പോയാലും
ഇററു സ്നേഹം തന്നില്ലെങ്കിലും
അററു പോക ഇല്ല യേശുവിന്റെ സ്നേഹം
എന്റെ യേശു വാക്കു മാറാത്തോൻ

2. ഉള്ളം കയ്യിൽ എന്നെ വരച്ചു
ഉള്ളിൽ ദിവ്യശാന്തി പകർന്നു
തന്റെ തൂവൽ കൊണ്ട് എന്നെ മറെയ്ക്കുന്ന
എന്റെ യേശു വാക്കു മാറാത്തോൻ

3. ഒലിവു മല ഒരുങ്ങി കഴിഞ്ഞു
പ്രാണപ്രീയൻ പാദമേൽക്കുവാൻ
കണ്ണു നീർ തോരും നാളടുത്തു സ്തോത്രം
എന്റെ യേശു വാക്കു മാറാത്തോൻ.



2. എനിക്കുള്ള ആഹാരം-യഹോവ യിരേ
പാർപ്പിടവും വസ്ത്രവും-യഹോവ യിരേ
തൻ രൂപം എൻ വാഴ്വിലും
തൻ സ്തുതികൾ എൻ നാവിലും
നിരന്തരമായ് സൂക്ഷിക്കും ഞാൻ
യഹോവ യിരേ...

## 123

ചിന്താകുലങ്ങൾ എല്ലാം
യേശുവിൻമേൽ ഇട്ടുകൊൾക
അവൻ കരുതുന്നല്ലോ
നിനക്കായ് ഇദ്ധരയിൽ അതിശയമായ്

1. ചോദിച്ചതിലും പരമായ്
നീ നിനച്ചതിലും മേൽത്തരമായ്
മകനേ, നിനക്കായ്
ദൈവം കരുതീട്ടുണ്ട്, കലങ്ങാതെ

2. കണ്ടിട്ടില്ലാത്ത ആൾകൾ
നീ കേട്ടിട്ടില്ലാത്ത വഴികൾ
മകനേ, നിനക്കായ്
ദൈവം കരുതീട്ടുണ്ട്, കലങ്ങാതെ

## 124

1. എതിർക്കേണം നാം എതിർക്കേണം
സാത്താന്യ ശക്തികളെ
ഓടിപ്പോകും, നമ്മെ വിട്ടുപോകും
ദൈവത്തിൻ വചനമിത്

*തകരട്ടെ ശത്രുവിൻ കോട്ടകൾ*
*ഉയരട്ടെ യേശുവിൻ ജയക്കൊടി*
*വചനമാം വാൾ എടുത്തെതിർക്കുവാൻ*
*യേശുവിൻ നാമത്തിൻ നാം*

2. പാപത്തിന്റെ, രോഗത്തിന്റെ
ഭയത്തിന്റെ ശക്തികളേ
യേശുവിൻ നാമത്തിൽ കല്പിക്കുന്നു
വിട്ടുപോ, വിട്ടുപോക

3. കോപത്തിന്റെ, കലഹത്തിന്റെ
മോഹത്തിന്റെ ശക്തികളേ
യേശുവിൻ നാമത്തിൽ കല്പിക്കുന്നു
വിട്ടുപോ, വിട്ടുപോക

## 125

1. ക്രൂശുമേന്തി പോയിടും ഞാൻ
യേശുവിനായ് പോയിടും ഞാൻ
താൻ വിളിച്ചാൽ പോയിടും ഞാൻ
യേശുവിനായ് ഏതുനാട്ടിലും

*യേശുവിനായ് ഞാൻ പോകും*
*യേശുവിൻ വേല ചെയ്യും*
*യേശുവിനായ് എൻ അന്ത്യത്തോളവും*

2. പർവ്വതങ്ങൾ, താഴ്വരയോ
സാരമില്ല, പോയിടും ഞാൻ
താൻ വിളിച്ചാൽ പോയിടും ഞാൻ
യേശുവിനായ് ഏതു നാട്ടിലും

3. വഴിവിശാലം, ഞെരുക്കമാകിലും
സാരമില്ല, പോയിടും ഞാൻ
താൻ വിളിച്ചാൽ പോയിടും ഞാൻ
യേശുവിനായ് ഏതു നാട്ടിലും

4. പട്ടണങ്ങൾ, ഗ്രാമങ്ങൾ
ഏതായാലും പോയിടും ഞാൻ
താൻ വിളിച്ചാൽ പോയിടും ഞാൻ
യേശുവിനായ് ഏതു നാട്ടിലും

## 126

എന്നെ ഉയർത്തുന്ന ദിനം വരുന്നു
എന്റെ യേശുനാഥൻ തൻ കൃപയാൽ
എന്നെ ഉയർത്തുന്ന ദിനം വരുന്നു
ദിനം വരുന്നു

1. ശത്രുക്കൾ മുമ്പാകെ മേശയൊരുക്കും
നിറഞ്ഞു കവിയുമെൻ പാനപാത്രം



കൂട്ടുകാരിൽ പരമായി അഭിഷേകം ചെയ്യും
ആനന്ദത്തൈലത്താലെ എന്നുമെന്നെ

3. താണിരിക്കും ഞാൻ തൻ കരത്തൻ കീഴിൽ
തക്ക സമയത്തുയർത്തിടും എന്നെ

4. നിന്ദകൾ മാറിടും ദുഷികളുമെല്ലാം
മാന്യനായ് തീരും ഞാൻ തൻ കൃപയാൽ

## 127

ഈ പരീക്ഷകൾ നീണ്ടവയല്ല
ഈ ഞെരുക്കങ്ങൾ നിത്യവുമല്ല
ഈ കൊടും കാറ്റും നീളുകയില്ല
പരിഹാരം വൈകുകയില്ല

1. ഈ പരീക്ഷകൾ ഞാൻ ജയിച്ചിടും
അതിനേശു തൻ ബലം തരും
ഈ കാർമേഘം മാറിപ്പോകും
എൻ യേശുവിൻ മഹത്വം കാണും

2. ഈ പരീക്ഷകൾ നന്മക്കായി മാറിടും
യേശുവോടടുത്തു ഏറെ ഞാൻ
തോൽക്കുകയില്ല ഞാൻ തോൽക്കുകയില്ല
എൻ യേശുവിൻ മഹത്വം കാണും

## 128

1. അസാദ്ധ്യമായ് എനിക്കൊന്നുമില്ല
എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം
ബുദ്ധിക്കതീതമാം അത്യത്ഭുതങ്ങളാൽ
എന്റെ ദൈവം എന്നെ നടത്തുന്നു

*സാദ്ധ്യമെ എല്ലാം സാദ്ധ്യമെ-എൻ*
*യേശു എൻ കൂടെയുള്ളതാൽ*

2. ഭാരം പ്രയാസങ്ങൾ വന്നിടിലും
തെല്ലും കുലുങ്ങുകയില്ല ഇനി
ബുദ്ധിക്കതീതമാം ദിവ്യ സമാധാനം
എന്റെ ഉള്ളത്തിലവൻ നിറയ്ക്കുന്നു

3. സാത്താന്യ ശക്തികളെ ജയിക്കും ഞാൻ
വചനത്തിൻ ശക്തിയിൽ ജയിക്കും ഞാൻ